# PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

**THIRD SESSION—1951**

**Tuesday,** *the 3rd April 1951*

Vol: III | OFFICIAL REPORT | [No. 20

The Assembly met again in the Legislative Chamber, Trivandrum, at Eleven of the Clock on Tuesday, the 3rd April 1951, with Mr. Speaker in the Chair.

## QUESTIONS AND ANSWERS

(The numbers within brackets indicate the serial numbers in the list of questions admitted for the day.)

### Oral Answers

**GENERAL ELECTION**

***1208** [1] **Sri. D. Gnanasigamoni:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether the Election Commissioner Delhi, has consulted this Government as regards the timing of the coming general election in this state, and

(*b*) if so, what were the suggestions of this Government?

*Minister for Finance, Revenue and Law* **(Sri. A. J. John):** (*a*) Yes.

(*b*) Government have agreed to fall in line with the All-India policy.

**Sri. D. Gnanasigamoni:** Then, am I to understand that the time is fixed without reference to this Government?

**Sri. A. J. John.'** The time has been fixed only after consulting this Government—November middle to December end.

ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ: ഇവിടെ എലക്ഷൻ നടത്തുവാൻ സൌകര്യമായ കാലം ഇന്നതാണെന്നു് ഗവർമ്മെൻറ് ഇന്ത്യാഗവമ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: നവമ്പർ മദ്ധ്യം മുതൽ ഡിസമ്പർ അവസാന തീയതിവരെ ഇവിടെ എലക്ഷൻ ആകാമെന്നു അറിയിച്ചിട്ടുണ്ടു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: എല്ലാ രാഷ്ട്രീയപാർട്ടികൾക്കും എലക്ഷനിൽ പങ്കുകൊള്ളുവാൻ സൌകര്യം കൊടുക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: എല്ലാ വ്യക്തികൾക്കും എലക്ഷനിൽ പങ്കുകൊള്ളുന്നതിനു് സൌകര്യം ഉണ്ടായിരിക്കുന്നതാണു്.

**ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെൻറു്**

*൧൨൦൯ (൨) ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സ്റ്റേററട്രാൻസ്പോർട്ടിൽ നിന്നും നടത്തുന്ന എല്ലാ ലയിനുകളിലും യാത്രക്കാർ വളരെയധികം കഷ്ടപ്പാടും സമയനഷ്ടവും അനുഭവിക്കുന്നുണ്ടെന്നു് ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്മന്ത്രി, മന്ത്രിപദം സ്വീകരിച്ചതിനുശേഷം സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകളിൽ സഞ്ചരിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, ഭക്ഷ്യവും വകുപ്പു മന്ത്രി

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) അങ്ങിനെ പരാതികൾ ഉണ്ട്.

(ബി) ഇല്ല.

ശ്രീ. എം. ഐ. പോൾ: ഇങ്ങിനേയുള്ള പരാതികൾ ഗവമ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ട് വളരെ കാലമായിട്ടും ഇന്നേവരെ അതിന് പരിഹാരമുണ്ടാക്കുവാൻ സാധിക്കാഞ്ഞതു് എന്തുകൊണ്ടാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന് പരിഹാരം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. ഐ. പോൾ: യാത്രക്കാർ വളരെയധികം കഷ്ടപ്പാടും സമയനഷ്ടവും അനുഭവിക്കുന്നുണ്ടെന്ന് ഗവമ്മെൻറ് ദൃഷ്ടിയിൽ പെട്ടിട്ടും അതിനൊരു പരിഹാരം ഉണ്ടാക്കാത്തതെന്തുകൊണ്ടാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതാണ് ഞാൻ പറഞ്ഞതു് അതിനു പരിഹാരങ്ങൾ ചെയ്തുകൊണ്ടിരിക്കയാണെന്ന്. ചില സൌകര്യങ്ങളെല്ലാം ഇപ്പോൾ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: പരിഹാരങ്ങൾ ചെയ്തുകൊണ്ടിരിക്കയാണെന്ന് പറഞ്ഞു. എന്തെല്ലാമാണ് ചെയ്തിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: വെയിററിംഗ് ഷെഡ് ഇല്ലാത്തതുകൊണ്ട് യാത്രക്കാർക്ക് വളരെ കഷ്ടപ്പാടുകൾ ഉണ്ടായിരുന്നു. അതിന് പരിഹാരമായി വെയിററിംഗ് ഷെഡ് ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെ കൌപ്പൺ സിസ്റ്റം ഏപ്പെടുത്തണമെന്ന് ഒരു പരാതി ഉണ്ടായിരുന്നു. അതിന് ഏപ്രിൽ ഒന്നാംതീയതി മുതൽ കൌപ്പൺ സിസ്റ്റം ഏപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള ചില പരിഹാരങ്ങളാണ് ഇപ്പോൾ ചെയ്തിട്ടുള്ളതു്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: യാത്രക്കാരുടെ കഷ്ടപ്പാടും സമയനഷ്ടവും ഇല്ലാതാക്കണമെങ്കിൽ എല്ലാ ലൈനുകളിലുംകൂടി എത്ര ബസ്സുകൾ വേണമെന്ന് ഗവമ്മെൻറിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുള്ള മറുപടി ഞാൻ ഇതിനു മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. നൂറു ബസ്സുകൾക്ക് ഇപ്പോൾ ഓർഡർ കൊടുത്തിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഏതെല്ലാം സ്ഥലങ്ങളിലാണ് കൌപ്പൺസിസ്റ്റം ഏപ്പെടുത്തിയിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: തിരുവനന്തപുരത്തും കൊല്ലത്തും.

ശ്രീ. വി. ഗംഗാധരൻനായർ: കൊട്ടാരക്കര–തിരുവനന്തപുരം ലൈനിൽ എക്സ്പ്രസ്സ് സർവ്വീസ് തുടങ്ങുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിൻെറ വിവരം എൻെറ കൈവശം ഇപ്പോൾ ഇല്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇപ്പോൾ എത്ര ബസ്സുകൾകൂടി ഉണ്ടെങ്കിൽ യാത്രാസൌകര്യം ഉണ്ടാകുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ അതിന് നാലുപ്രാവശ്യം മറുപടി പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ചെങ്ങന്നൂരിൽ കൌപ്പൻ സിസ്റ്റം ഏർപ്പെടുത്തുവാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി ആലോചിക്കാം.

ശ്രീ. എ. അച്ചുതൻ: ഇപ്പോഠം ട്രാൻസ്പോർട്ടിൽനിന്നു് ലൈൻ നടത്തുന്ന എല്ലാ സ്ഥലങ്ങളിലും അവരുടെ ലൈൻ സമയം കഴിയുന്ന അവസരത്തിൽ പ്രൈവററ് ഏജൻസികൾക്കു് സർവ്വീസു് അനുവദിക്കുവാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: തിരുവനന്തപുരത്തു് ട്രാൻസ്പോർട്ടു് സർവ്വീസു് സമയം കഴിഞ്ഞതിനു ശേഷം രാത്രിയിൽ സിനിമ കഴിഞ്ഞു വരുന്നവരുടെ സൌകര്യത്തിനുവേണ്ടി ആക്കോ സർവ്വീസു് നടത്തുവാൻ അനുവാദം കൊടുത്തിട്ടുണ്ടെന്നു് അറിഞ്ഞു. എന്നാൽ അതിനെപ്പററി ഗവൺമെൻറ് ആലോചിച്ചുവരികയാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇപ്പോഠം ട്രാൻസ്പോർട്ടിൽനിന്നു സർവ്വീസു് നടത്തുന്നതായ ഏതെങ്കിലും സ്ഥലങ്ങളിൽനിന്നു് സർവ്വീസു് പിൻവലിക്കുന്നതിനു് ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

**Sri. P. Balakrishnan Tampi:** Is the Government aware that the buses plying after the cinema hours satisfy the real need of the people of the City?

ശ്രീ. ടി. കെ. നാരായണപിള്ള: എന്നാണു് ഗവൺമെൻറിനുള്ള അറിവു്.

ശ്രീ. എ. കെ. പാച്ചുപിള്ള: കാളേജുകളിലും സ്കൂളുകളിലും പോകുന്ന കുട്ടികളുടെ സൌകര്യാർത്ഥം ആവക സ്ഥലങ്ങളിൽ കൂടുതൽ ബസ്സു് ഇടുന്നതിനു് ഏർപ്പാടു് ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോഠം തന്നെ ഏർപ്പാടു് ചെയ്തിട്ടുണ്ടു്. അടുത്ത കൊല്ലം മുതൽ ആ വക ലൈനുകളിൽ കൂടുതൽ ബസ്സുകഠം ഏർപ്പെടുത്തണമെന്നു് വിചാരിക്കുന്നുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ചെങ്ങന്നൂരിൽ ഒരു സർവ്വീസു് ഏർപ്പെടുത്തുവാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി ഇപ്പോഠം പറയുവാൻ നിവൃത്തിയില്ല.

ശ്രീ. വി. എ. അബ്ദുൽ അസ്സീസ്സു്: ട്രൻസ്പോർട്ടു് ലൈനിൽ സിനിമ കഴിഞ്ഞു വരുന്നവരെ ഉദ്ദേശിച്ചു് ബസ്സു് ലൈൻ അനുവദിച്ചിരിക്കുന്നതുപോലെ എല്ലാ ട്രാൻസ്പോർട്ടുലൈനുകളിലും അവരുടെ ലൈൻസമയം നിറുത്തിക്കഴിഞ്ഞാൽ പ്രൈവററു് ബസ്സുകഠക്കു് സർവ്വീസു് അനുവദിക്കുന്നതിനെപ്പററി ഗവൺമെൻറിൻെറ നയം എന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയുള്ള ഒരു കാര്യംതന്നെ ഇപ്പോഠം ഗവൺമെൻറ് ആലോചിക്കുന്നില്ല.

## ടാററാ ഓയിൽ മിൽ

*൧൨൧൦ (ന) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങഠക്കു് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഷോപ്പ്സ് ആൻറ് എസ്റ്റാബ്ലിഷ്മെൻറ് ആക്ടിൻെറ പരിധിയിൽനിന്നു സംസ്ഥാനത്തെ 'ടാററാ' ഓയിൽ മിൽ സെയിൽസ് ആഫീസുകളെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണമെന്താണ്?

വിദ്യാഭ്യാസവും, തൊഴിലും, ഭക്ഷ്യവും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഷോപ്പ്സ് ആൻറ് എസ്റ്റാബ്ലിഷ്മെൻറ് ആക്ടിലെ ൩-ാമത്തെ അദ്ധ്യായത്തിൽനിന്നും (ശമ്പളത്തോടുകൂടിയ അവധി) ഒഴിവാക്കിയിട്ടുണ്ട്.

(ബി) കമ്പനിയിൽ നിലവിലിരിക്കുന്ന ശമ്പളത്തോടുകൂടിയ അവധി നിയമങ്ങൾ ആക്ടിലുള്ളവയെക്കാൾ ജോലിക്കാർക്ക് കൂടുതൽ ക്ഷേമകരമായിട്ടുള്ളതുകൊണ്ട് ആ അദ്ധ്യായത്തിൽ നിന്നും ഒഴിവാക്കി.

ശ്രീ. വി. ഗംഗാധരൻനായർ: ഈ ആക്ട് ഇപ്പോൾ നടപ്പിലുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നടപ്പിലുണ്ട്.

## സഞ്ചാരച്ചെലവു്

* ൧൨൧൧ (൩) †ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

൧൯൫൦-ൽ തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ ഓരോ മന്ത്രിയും സഞ്ചാരത്തിനായി ചെലവുചെയ്തിട്ടുള്ള സംഖ്യ എന്താണ്?

ധനകാര്യവും, റവന്യൂവും, നിയമവും വകുപ്പുമന്ത്രി
ശ്രീ. എ. ജെ. ജാൺ:

| | | രൂ. | ണ. | സ. |
|---|---|---|---|---|
| ശ്രീ. | ടി. കെ. നാരായണപിള്ള | ൩,൫൫൦ | ൮ | ൦ |
| ,, | എ. ജെ. ജോൺ | ൨,൩൭ | ൧൨ | ൦ |
| ,, | പി. ഗോവിന്ദമേനോൻ | ൧൦,൩൫൫ | ൧൫ | ൦ |
| ,, | എൻ. കുഞ്ഞുരാമൻ | ൧,൫൫൭ | ൦ | ൦ |
| ,, | ഇ. ജോൺ ഫിലിപ്പോസ് | ൩,൯൮൯ | ൪ | ൦ |

ശ്രീ. എ. കെ. പാച്ചുപിള്ള: ഒരു മന്ത്രിക്കു മാത്രം മററുള്ളമന്ത്രിമാരുടെ സഞ്ചാരപ്പടിയിൽ മൂന്നിരട്ടി ചെലവാകുവാൻ കാരണമെന്താണ്?

ശ്രീ. എ. ജെ. ജാൺ: പല പ്രാവശ്യവും ഡൽഹിയിൽ പോയതുകൊണ്ടായിരിക്കാം കൂടുതൽ ചെലവു വന്നതു്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ഇതു തിരുവിതാംകൂർ-കൊച്ചി രാജ്യത്തിനകത്തു സഞ്ചരിച്ചതിനു വേണ്ടി വന്ന തുകയല്ലേ? ഡൽഹിയിൽ പോയതല്ലല്ലോ?

ശ്രീ. എ. ജെ. ജാൺ: ഡൽഹിയിൽ പോയതും ഈ രാജ്യത്തുതന്നെ സഞ്ചരിച്ചതും എല്ലാം ഇതിൽ പെട്ടിട്ടുണ്ട്.

ശ്രീ. മന്നാർ ഗോപാലൻ നായർ: മന്ത്രിമാരുടെ സഞ്ചാരപ്പടിക്കു ഗവർമെണ്ടിൽനിന്നു അനുവദിക്കുന്ന സംഖ്യ ഇത്രയെന്നു്ക്ലിപ്തമില്ലേ?

ശ്രീ. എ. ജെ. ജോൺ: ൧൭൫ രൂപ മന്ത്രിമാരുടെ സഞ്ചാരപ്പടിക്കനിശ്ചയിച്ചിരിക്കുന്നതു് തിരുവിതാംകൂർ-കൊച്ചിരാജ്യത്തിനകത്തു അവർ സഞ്ചരിക്കുന്നതിൻെറ പ്രാരംഭച്ചെലവിലേയ്ക്കാണ്.

†This question was put by Sri. Sabastian Thoppil, with the permission of Mr. Speaker.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സഞ്ചാരപ്പടിക്ക നിക്കിവെച്ചിട്ടുള്ള സംഖ്യയിൽ ഏതെങ്കിലും ലാപ്പ്സായിപ്പോയിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജോൺ: അങ്ങനെ സംഖ്യ നീക്കിവെച്ചിട്ടില്ല.

ശ്രീ ഇട്ടീര അമ്പൂക്കൻ: ഡൽഹിയിൽ മററ മന്ത്രിമാരൊന്നും പോകാറില്ലേ:

ശ്രീ. ഏ. ജെ. ജോൺ: മററമന്ത്രിമാരും പോകാറുണ്ടു്.

പൊതു ആരാധന സ്ഥലങ്ങൾ

*൧൧ ൧൧ (൭) ശ്രീ. റഫേൽ ജെ. റോഡ്രിംഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പുതുതായി ഒരു ആരാധനസ്ഥലം സ്ഥാപിക്കുന്നതിനു അതുപോലെ നിലവിലുള്ള ആരാധന സ്ഥലങ്ങളിൽ നിന്നു ഉണ്ടായിരിക്കേണ്ട ഏററവും കുറഞ്ഞ ദൂരമെന്താണു്;

(ബി) കൊട്ടാരക്കര താലൂക്കിൽ കോട്ടുകാൽ എന്ന സ്ഥലത്തു് ഒരു പള്ളി സ്ഥാപിക്കുന്നതിനു അനുവാദത്തിനുള്ള അപേക്ഷയിന്മേൽ തഹസിൽദാർ അയച്ച റിപ്പോർട്ടിൽ തെററായ ദൂരം പ്രസ്താവിച്ചിരുന്നു എന്നു കാണിച്ചു് ൩—൨— ൯ ൧-ൽ കൊല്ലം രൂപതാധികാരിയിൽനിന്നും പരാതി ലഭിക്കുകയുണ്ടായോ;

(സി) അതിന്റെ സത്യാവസ്ഥ അറിയുന്നതിനു എന്തു ചെയ്തു?

വിദ്യാഭ്യാസവും, തൊഴിലും, ഭക്ഷ്യവും വകുപ്പു മന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഒരു ആരാധനാസ്ഥലത്തിന്റെ വളരെ സമീപത്തിൽ പുതുതായി ഒരു ആരാധനാസ്ഥലം അനുവദിച്ചുകൂടാ എന്നല്ലാതെ ഒരു ക്ലിപ്തദൂരം നിശ്ചയിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ൩—൨ — ൯ ൧-ൽ കൊല്ലം രൂപതാധികാരിയിൽനിന്നും പരാതി കിട്ടിയിട്ടില്ലെന്നാണോ പറയുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: പരാതി കിട്ടിയിട്ടില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിംഗ്സ്: ബഹുമാനപ്പെട്ട മന്ത്രിയുടെ കയ്യിൽ തന്നെ ആ പരാതി ഞാൻ തന്നെ തന്നതായിരുന്നുവെന്നു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പരാതി തന്നിരിക്കാം. പക്ഷെ അതു് റിക്കാർട്ടുകളുടെ കൂട്ടത്തിൽ കാണുന്നില്ല.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഇത്ര ദൂരം വേണമെന്നു ഖണ്ഡിതമായി ക്ലിപ്തപ്പെടുത്തുവാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. ഇട്ടീര അമ്പൂക്കൻ: അതിനെക്കുറിച്ചു് ആലോചിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

**Sri A. K. George:** May I know whether these applications for places of public worship are being forwarded to the Devaswom Board?

**Sri T. K. Naryana Pillai:** That was the practice. Now, it is not so.

ശ്രീ. വി. എ. അബ്ദുൾ അസ്സീസ്സ്: ഒരു ആരാധനാസ്ഥലത്തിനും, മറ്റൊരു ആരാധനാസ്ഥലത്തിനും തമ്മിൽ ക്ലിപ്തമായ ഇത്ര അകലം വേണമെന്ന് പറയുവാൻ കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഒരു അകലം വേണമെന്നു നിശ്ചയിച്ചിട്ടില്ല.

**Sri. A. K. George:** May I know whether the application in respect of തോട്ടപള്ളി was forwarded to the Devaswom Board?

**Sri. T. K. Narayana Pillai:** I claim notice.

**Sri. K. P. Nilakanta Pillai:** May I know whether it is not necessary when applications are received for places of public worship to look into the question whether other places of public worship are not affected or not?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷണം നടത്തേണ്ടതു ആവശ്യമാണ്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ആരാധനാസ്ഥലങ്ങൾ സ്ഥാപിക്കുന്ന കാര്യം ദേവസ്വം ബോർഡിലേയ്ക്കു റഫർ ചെയ്യുന്ന പതിവ് നിറുത്തുവാൻ കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ആരാധനാസ്ഥലങ്ങൾ പുതുതായിസ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ കിട്ടിയാൽ അതിനെക്കുറിച്ച് അന്വേഷിച്ച് ഗവർമ്മെൻറിലേയ്ക്കു റിപ്പോർട്ടുചെയ്യുന്നതിനു കലക്കർക്ക് അയച്ചുകൊടുക്കും. കലക്ടർ അതു തഹസീൽദാർക്ക് അയച്ചുകൊടുത്തു് അന്വേഷണം നടത്തി റിപ്പോർട്ടു ഗവർമ്മെൻറിലേയ്ക്കു് അയയ്ക്കും. ആ റിപ്പോർട്ടിൽനിന്നു അടുത്തു മററു ആരാധനാസ്ഥലങ്ങൾ ഉണ്ടോ എന്നു അറിയുവാൻ സാധിക്കുന്നതുകൊണ്ടു് അതു ദേവസ്വം ബോർഡിലേയ്ക്കു അയക്കേണ്ട ആവശ്യമില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: കലക്ടർ അയയ്ക്കുന്ന റിപ്പോർട്ടിൽ പുതുതായി സ്ഥാപിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്ന ആരാധനാസ്ഥലത്തിൻെറ അടുത്തു ക്ഷേത്രമുണ്ടെന്നു പറഞ്ഞുകഴിഞ്ഞാൽ അതിനെ സംബന്ധിച്ച് ദേവസ്വം ബോർഡിനോട് റഫർ ചെയ്യേണ്ടതല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിൻെറ ആവശ്യം ഇല്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇതിലേയ്ക്കു ക്ലിപ്തമായ റൂൾസ് ഇല്ലെന്നു പറഞ്ഞു. പിന്നെ എങ്ങനെയാണ് ഈ വക അപേക്ഷകളെ സംബന്ധിച്ചു തടസ്സങ്ങളുണ്ടോ എന്നു തീർച്ചയാക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെ സംബന്ധിച്ചു ഗവമ്മെൻറിൻെറ ഒരു നോട്ടിഫിക്കേഷൻ ഉണ്ട്. ദൂരം ഇത്രയാണെന്ന് ക്ലിപ്തപ്പെടുത്തിയിട്ടില്ലെന്നു മാത്രമേ ഞാൻ പറഞ്ഞുള്ളു. അതിൽ "ക്ലോസ് പ്രോക്സിമിററി" എന്നുണ്ട്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ക്ലോസ് പ്രോക്സിമിററി (close proximity) എന്നു പറയുന്നതു വളരെ വേഗ് (vague) ആയതുകൊണ്ട് ആർബിട്രറി (arbitrary) ആയിട്ട് അതിൽ ഡിസ്ക്രീഷൻ (discretion) ഉപയോഗിക്കുവാൻ ഇടയില്ലേ? (ഉത്തരം ഇല്ല).

**Sri. D. Gnanasigamoni:** Are the Government aware that under the standing rules there is absolutely no provision anywhere which compels the Government to make a reference to the Davaswom Board?

**Sri. T. K. Naryana Pillai:** Sir, I have said all what I have to say on this matter.

**Sri. D. Gnanasigamoni:** May I know whether it was the practice of the Government to refer such applications to any other institutions other than the Devaswom Board?

**Sri. T. K. Narayana Pillai:** I am not aware of that.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇതിനെ സംബന്ധിച്ചു് ആരാണു് അന്വേഷിച്ചു് റിപ്പോർട്ട് അയക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: സാധാരണ തഹശീൽദാർ ആണു് അന്വേഷിച്ചു് റിപ്പോർട്ടു് അയക്കുന്നതു്. ചില കേസിൽ കലക്ടർ തന്നെപോയി അന്വേഷണം നടത്തി റിപ്പോർട്ടു് അയക്കും. പിന്നെ പബ്ലിക്ക്ഹെൽത്തു് ഡയറക്ടർ അതിനെപ്പററി റിപ്പോർട്ടു് അയക്കും. അതിനെ അടിസ്ഥാനപ്പെടുത്തിയാണു് ഗവമ്മെൻറു തീരുമാനം ചെയ്യുന്നതു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ക്ലോസു് പ്രോക്സിമിററി Close proximity എന്നു പറയുന്നതു് കുറേക്കൂടി വ്യക്തമാക്കുവാൻ ദയവുണ്ടാകുമോ?

**Sri. T. K. Narayana Pillai:** No. I do not think that the rules are very rigorous.

ശ്രീ. ഇട്ടീര അമ്പുക്കൻ: ഇവിടെ ഇന്നു നിലവിലുള്ള നിബന്ധനകൾ ഇൻഡ്യയിൽ വേറെ വല്ല പ്രാവിൻസുകളിലുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇവിടെ പന്ത്രണ്ടു തവണ പറഞ്ഞിട്ടുണ്ടു്.

ശ്രീ. മന്നത്തുപത്മനാഭൻ: ഇൻഡ്യയിൽ വേറെ പ്രവിശ്യകളിൽ ഇവിടെയുള്ളതുപോലെ ക്രിസ്ത്യാനികൾ ഉണ്ടോ?

(മറുപടി ഇല്ല)

ശ്രീ. ഇട്ടീര അമ്പുക്കൻ: മാള നിയോജകമണ്ഡലത്തിൽ ഒരു പള്ളി പണിയുവാൻ ഇൻറഗ്രേഷനുമുമ്പു് കൊച്ചി ഗവമ്മെൻറു അനുവദിച്ചതനുസരിച്ചു് പണി ആരംഭിച്ചപ്പോൾ ആ പണി നിറുത്തിവയ്ക്കുവാൻ ഈ ഗവമ്മെൻറു കല്പന കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെ സംബന്ധിച്ചു് വേറെ ഒരു ചോദ്യം അയച്ചാൽ മറുപടി പറയാം.

**Sri. A. K. George:** May I know the number of applications that have been refused on the recommendation of the Devaswom Board?

**Sri. T. K. Narayana Pillai:** I am sorry I must claim notice of that question.

ശ്രീ. ഇട്ടീര അമ്പുക്കൻ: കട്ടുറമ്പിനു് ജീവിക്കാമെന്നുള്ള ഈ രാജ്യത്തു് ക്രിസ്ത്യാനിക്കു ജീവിക്കുവാൻ ഇടംകൊടുക്കരുതോ?

**Mr. Speaker:** The question is too general to admit of an answer.

## നൂൽമൊത്തവ്യാപാരികൾ

* ൧൨൧൩. (വ്യ) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സിവിൽസപ്ലൈസു് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു നൂൽമൊത്ത വ്യാപാരികളെ തെരഞ്ഞെടുക്കുന്നതു എന്തു തത്വം അടിസ്ഥാനമാക്കിയാണു്;

(ബി) നമ്മുടെ സ്റ്റേററില്‍ ഓരോ ഡിസ്ട്രിക്‍ററിലും എത്ര നൂല്‍ മൊത്ത വ്യാപാരികള്‍ ഉണ്ട്;

(സി) ഓരോ ഡിസ്ട്രിക്ടിലും ഒരുമാസത്തില്‍ ശരാശരി എന്തുമാത്രം നൂല്‍ വിതരണം ചെയ്യപ്പെടുന്നുണ്ട്?

വിദ്യാഭ്യാസവും തൊഴിലും ഭക്ഷ്യവും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള): (എ) നൂല്‍ മൊത്തവ്യാപാരികളെ തിരഞ്ഞെടുക്കുന്നതു്, ധനസ്ഥിതി, വ്യാപാരത്തിലുള്ള പൂര്‍വ്വ പരിചയം, സ്വഭാവം ആദിയായ അടിസ്ഥാനത്തിന്മേലാണു്.

| | | | |
|---|---|---|---|
| (ബി) | തൃശ്ശിവപേരൂര്‍ ഡിസ്ട്രിക്ട് | | ൨ |
| | കോട്ടയം | ,, | ഇല്ല |
| | കൊല്ലം | ,, | ൧ |
| | തിരുവനന്തപുരം | ,, | ൩ |

(സി) വിതരണം ചെയ്യുന്ന നൂലിന്റെ തുക അതാതു് മാസത്തില്‍ കിട്ടുന്ന ക്വോട്ടാ ആശ്രയിച്ചിരിക്കും. ഉദാഹരണമായി ൧൯൫൦ ഡിസംബര്‍മാസത്തില്‍ താഴെപറയുന്ന വിധത്തില്‍ നൂല്‍ വിതരണം ചെയ്തു.

| | | |
|---|---|---|
| തൃശ്ശിവപേരൂര്‍ ഡിസ്ട്രിക്ട് | ൧൩൨ | ബെയില്‍സ് |
| കോട്ടയം | ൪൮ | ,, |
| കൊല്ലം | ൧൩൩ | ,, |
| തിരുവനന്തപുരം | ൮൦൧ | ,, |
| ആകെ | ൧൧൭൭ | ബെയില്‍സ് |

ശ്രീ. റഫേല്‍ ജെ. റൊഡ്രിഗ്സ്: കൊല്ലത്തു നൂല്‍ വിതരണത്തിനു് ഒരു മൊത്തവ്യാപാരിയെമാത്രം നിയമിക്കാനുള്ള കാരണമെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ആ നാട്ടിലെ നൂല്‍ വിതരണത്തിന്റെ ആവശ്യത്തെ അടിസ്ഥാനപ്പെടുത്തിയാണു്.

## കയര്‍സര്‍വെ റിപ്പോര്‍ട്ട്

* ൧൨൧൪. (ൻ) ശ്രീ. റഫേല്‍ ജെ. റൊഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങള്‍ക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നല്‍കുമോ.—

(എ) റിസര്‍ച്ചു ഡിപ്പാര്‍ട്ട്മെന്റു മുഖേന നടത്തിയ കയര്‍സര്‍വെയുടെ റിപ്പോര്‍ട്ട് പ്രസിദ്ധപ്പെടുത്താത്തതിന്റെ കാരണമെന്താണു്;

(ബി) ആ വകയ്ക്കു ഗവമ്മെന്റിനു് എന്തു തുക ചെലവായിട്ടുണ്ട്;

(സി) കയര്‍സര്‍വെ നടത്തിയവരെ പിരിച്ചുവിട്ടതിനുശേഷം അവര്‍ക്കു മുന്‍ഗണന നല്‍കി വീണ്ടും ജോലികൊടുക്കാത്തതെന്തുകൊണ്ടാണു്?

വിദ്യാഭ്യാസവും തൊഴിലും ഭക്ഷ്യവും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള): (എ) കയര്‍ സര്‍വ്വേ മുഖാന്തിരം ശേഖരിച്ചു സ്ഥിതിവിവരക്കണക്കുകളുടെ അപഗ്രഥനം പൂര്‍ത്തിയാകാത്തതുകൊണ്ടാണു് റിപ്പോര്‍ട്ടു് പ്രസിദ്ധപ്പെടുത്താത്തതു്.

(ബി) ൭൧,൩൧൫ രൂപ. ൧൫ അണ. ൩ പൈ.

(സി) ഈ കാര്യം ആലോചനയിലിരിക്കുന്നു.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: അപഗ്രഥനം പൂർത്തിയാകാത്തതിന്റെ കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: കാരണം പൂർത്തിയാകാത്തതുതന്നെ.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: കയർ സർവ്വെ നടത്തുന്നതിനായി കുറെ ആളുകളെ നിയമിക്കയും അതു കഴിഞ്ഞ് അവരെ പിരിച്ചുവിടുകയും ചെയ്തിരിക്കുന്നു. എന്നാൽ ഇങ്ങനെയുള്ളവരെ പിരിച്ചുവിട്ടിട്ട് എത്രകാലമായെന്ന് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഏകദേശം ഒരുകൊല്ലത്തോളമായി.

ശ്രീ. കളത്തിൽ വേലായുധൻനായർ: കയർ സർവ്വെക്കാരിൽനിന്നും റിപ്പോർട്ട് കിട്ടിയതെന്നാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അത് അവരെ പിരിച്ചുവിടുന്നതിന് മുൻപാണെന്ന് പറയാമെന്നല്ലാതെ നിശ്ചയമായും ഏതു ഡേററിലാണ് കിട്ടിയതെന്ന് പറയാൻ എന്റെ കൈവശം റിക്കാർഡില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: അപഗ്രഥനം നടത്താൻവേണ്ടി പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. കളത്തിൽ വേലായുധൻനായർ: അദ്ദേഹത്തെ നിയമിച്ചതു് പബ്ലിക്സർവ്വീസ് കമ്മീഷണരാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതെ.

ശ്രീ. ആർ. ശങ്കർ: അപഗ്രഥനം ചെയ്യുന്ന കാര്യത്തിൽ താമസം നേരിടുകയാണെങ്കിൽ ഒരിക്കൽ കളക്ട് ചെയ്ത ഡാററ ഉപയോഗശൂന്യമായിപ്പോകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉപയോഗശൂന്യമായി പോകത്തക്കവണ്ണം വലിയ കാലതാമസം ഉണ്ടാക്കുകയില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: അപഗ്രഥനം നടത്തുന്നതിനായിട്ടുള്ള സകല വിവരങ്ങളും ശേഖരിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. എ. താണുപിള്ള: അപഗ്രഥനം നടത്തുന്നതിലേക്കുവേണ്ടി നിയമിച്ചിട്ടുള്ള സ്റ്റാഫിന്റെ എണ്ണം എത്രയാണെന്ന് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ൪.

ശ്രീ. കളത്തിൽ വേലായുധൻനായർ: അപഗ്രഥനം എന്നാൽ ശരിയായി ഗ്രഹണം ചെയ്യുക എന്നല്ലേ അർത്ഥം?

ശ്രീ. ടി. കെ. നാരായണപിള്ള: അതെ.

**Sri. P. Balakrishnan Tampi:** Is it an eclipse, or what is that?

ശ്രീ. ടി. കെ. നാരായണപിള്ള: ഗ്രഹണം തന്നെ.

ശ്രീ. ആർ. ശങ്കർ: സ്റ്റാററിസ്റ്റിക്കൽ ഡിപ്പാർട്ടുമെന്റിൽ ഉള്ളവരെക്കൊണ്ട് ഈ അപഗ്രഥനം നടത്തിച്ചുകൂടെ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതിലേക്ക് വേറെ ഒരു സ്റ്റാഫ് വേണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്.

**Sri. P. Balakrishnan Tampi:** May I know whether the 'apagrahanam' people have not been appointed so far?

ശ്രീ. ടി. കെ. നാരായണപിള്ള: ഗ്രഹണം എന്നു പറയുന്നതു് എക്ലിപ്സ് എന്നുള്ള അർത്ഥത്തിലല്ലാ ഞാൻ ഇവിടെ വിവരിച്ചിട്ടുള്ളതു്. അപഗ്രഥനം എന്നുള്ളതിന്റെ ശരിയായ അർത്ഥം നിഘണ്ടുവിൽ നോക്കിയാൽ കാണാവുന്നതാണു്. അപഗ്രഥനമെന്നു പറഞ്ഞാൽ എക്ലിപ്സ് എന്നർത്ഥമില്ല.

മിസ്റ്റർ സ്പീക്കർ: ചോദ്യോത്തരങ്ങൾ അവസാനിച്ചിരിക്കുന്നു.

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): സർ, ബഹു. കണ്ണാറ ഗോപാലപ്പണിക്കർ മാർച്ച് ൨൯-ാംനു ഉത്തരം പറയുന്നതിനായിട്ട് അയച്ചിരുന്ന ൩-ം ൪-ം നമ്പർ ചോദ്യങ്ങൾക്കു് ഉത്തരം അന്നു് തയ്യാറാകാത്തതുകൊണ്ടു് പറയാൻ സാധിച്ചില്ല. ഇപ്പോൾ അവയുടെ ഉത്തരം കിട്ടിയിട്ടുണ്ടു്. അവ Written Answers ന്റെ കൂട്ടത്തിൽ മേശപ്പുറത്തു വച്ചിരിക്കുന്നു.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഉത്തരം തയ്യാറാകാത്തതുകൊണ്ടാണു് അന്നു മറുപടി പറയാൻ സാധിക്കാതെ പോയതെന്നു് ചീഫ് മിനിസ്റ്റർ പറയുന്നതു ശരിതന്നെ. എന്നാൽ ഇന്നു് അവയ്ക്കുള്ള ഉത്തരം തയാറായി വന്നിട്ടുള്ളതുകൊണ്ടു് അവ മേശപ്പുറത്തു വയ്ക്കാതെ സഭയിൽ പ്രസ്താവിച്ചുകൂടെ?

മിസ്റ്റർ സ്പീക്കർ: അന്നന്നു ഉത്തരം തയ്യാറാകാത്ത ചോദ്യങ്ങൾക്കു് പിന്നീടു ഉത്തരം തയ്യാറായിവരുമ്പോൾ ആ ഉത്തരങ്ങൾ മേശപ്പുറത്തു് വയ്ക്കുകയാണു് പതിവു്. അതനുസരിച്ചു് മേശപ്പുറത്തു വച്ചതാണു്.

## Written Answers ‡

(The numbers within brackets indicated the serial numbers in the lists of admitted questions for the respective dates to which the questions were posted.)

### Starred Question posted for Answer on 23—2—1951

#### പോലീസ് മർദ്ദനം

*൧൨൧൫. (൪൬) ശ്രീ. കോന്നനാത്തു കഞ്ഞിരാമ മേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦-ലും ൫൧-ലും ഐക്യസംസ്ഥാനത്തു് പോലീസ് മർദ്ദനംമൂലം അപായം വന്ന കേസുകൾ എത്ര ഉണ്ടായിട്ടുണ്ടു്;

(ബി) ആ വിധമുള്ള അപായങ്ങൾ പോലീസ് മർദ്ദനം കൊണ്ടുണ്ടായതാണെന്നു് അന്വേഷണത്തിൽ തെളിഞ്ഞ കേസുകൾ എത്ര;

(സി) തെളിയാത്ത കേസുകൾ എത്ര:

(ഡി) അത്തരം കേസുകൾ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്മാർ ആരാണു്;

(ഇ) അപ്രകാരം തെളിഞ്ഞ കേസുകൾക്കു് ഗവൺമെന്റ് എന്താണു് ശിക്ഷ നൽകിയതു്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧.

(ബി) ൧.

‡The answers herein published are in respect of questions which were included in the lists for previous days of the Session but for which answers were not ready on the respective days and were furnished subsequently. Such answers together with the questions to which they relate were laid on the table on this date.

(സി) ഒന്നുമില്ല.

(ഡി) ഡിസ്ട്രിക്ട് സൂപ്രണ്ടന്മാർ.

(ഇ) കേസു കോടതിയിൽ നടപടി നടന്നു വരുന്നതുകൊണ്ടു്, ഗവമ്മെൻറു് നടപടി ഒന്നും എടുത്തിട്ടില്ല.

**Starred question Posted for answer on 26—2—1951**

കൺട്രോൾ സാധനങ്ങൾ

*൨൩൨൯. (൪൪) ശ്രീ. എസ്സ്. ശിവരാമനാചാരി: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട സിവിൽസപ്ലൈസ്സ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ജനങ്ങൾക്കു നിത്യോപയോഗത്തിനു കൺട്രോൾ ചെയ്തിട്ടുള്ള സാധനങ്ങൾ കമ്പോളങ്ങളിൽ ഒട്ടുംതന്നെ കിട്ടുന്നില്ലാ എന്നുള്ള പരാതി ബഹു. ഗവമ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല

**Starred Question posted for Answer on 26th February 1951**

വനംപതിവു്

*൨൩൨൧. (൯൮) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പള്ളിവാസൽ പകുതിയിൽ എത്ര ഏക്കർ സ്ഥലം ഇന്നുവരെ (ഒരു വർഷത്തിനുള്ളിൽ) ഇരുപതു വർഷത്തെ അവധിക്കു കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടെന്നും അതു എത്ര പേർക്കായിട്ടാണു് കൊടുത്തിട്ടുള്ളതെന്നും, ആ സ്ഥലങ്ങളിലെ തടികൾ തിട്ടം വരുത്തി സൂക്ഷിച്ചുകൊള്ളാമെന്നു എഴുതി വെപ്പിച്ചിട്ടാണോ കൊടുത്തിട്ടുള്ളതെന്നും, അങ്ങിനെ എഴുതി വെപ്പിച്ചിട്ടുണ്ടെങ്കിൽ ആകെ എത്ര തടികൾ ഇങ്ങിനെ സൂക്ഷിച്ചുകൊള്ളാമെന്നുള്ള ലിസ്റ്റിൽ പെട്ടിട്ടുണ്ടെന്നും ദയവുചെയ്തു പ്രസ്താവിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ൫൯൩൮·൭൫ ഏക്കർ സ്ഥലം ൨,൮൯ പേർക്കായി കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടു്. കുത്തകപ്പാട്ട ഉടമ്പടിയിൽ തടികൾ സൂക്ഷിച്ചുകൊള്ളാമെന്നു എഴുതി വെപ്പിച്ചിട്ടുണ്ടു്.

| | തടികളുടെ എണ്ണം |
|---|---|
| തേക്കു് | .. ൫,൫൨൨ |
| ഈട്ടി | .. ൨,൫൦൩ |
| മററു മരങ്ങൾ | .. ൨൬,൯൩൦ |
| ആകെ | .. ൩൪,൯൫൫ |

**Starred Question posted for Answer on 27th February 1951**

ആലപ്പുഴ—ചേർത്തലത്തോടു്

*൨൩൨൩. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും, ഗതാഗതാവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആലപ്പുഴ—ചേർത്തലത്തോടു് പണി ആരംഭിച്ചതു് എന്നാണു്;

(ബി) ഇതിനകം എത്ര മൈൽ ദൂരം പണി പൂർത്തിയായിട്ടുണ്ട്;

(സി) ഇതിനകം തോട്ടുപണിക്ക് എത്ര രൂപാ ചിലവായി;

(ഡി) ഇപ്പോഴും പണി നടക്കുന്നുണ്ടോ;

(ഇ) തോടിന്റെ ആഴം കൂട്ടുന്നതിന് ഡ്രഡ്ജർ വേല ആരംഭിച്ചതെന്നാണ്;

(എഫ്) തുടരെ ആ ജോലി നടന്നോ;

(ജി) നടന്നില്ലെങ്കിൽ അതിന് കാരണം;

(എച്ച്) തോടിന്റെ പണി എന്നു പൂർത്തിയാകും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧൧൨൨-ൽ.

(ബി) വെള്ളനിരപ്പുവരെ തോടിന്റെ മുഴുവൻ നീളമായ ൧൩ മൈൽ ൨,൩൨൦ അടിയും ൧൧൨൪-ൽ താഴ്ത്തിയിട്ടുണ്ട്. ഡ്രഡ്ജർ ഉപയോഗിച്ച് ആലപ്പുഴനിന്നും ഏകദേശം നാലു മൈൽ വടക്കോട്ട് താഴ്ത്തിക്കഴിഞ്ഞു.

(സി) ൮,൬൬,൪൦൬ രൂപാ.

(ഡി) ഇല്ല.

(ഇ) ൧൱൪൱ ഡിസംബർ മാസത്തിൽ.

(എഫ്) ഇല്ല. ൧൱൮൦ നവംബർ മാസംവരെ മാത്രമേ ജോലി നടന്നുള്ളു.

(ജി) ൧൱൮൦ നവംബർ മാസത്തിൽ ഡ്രഡ്ജറിനു കേടുപററിയതിനാലും പിന്നീട് എടത്വാക്ക് കൊണ്ടുപോകേണ്ടിവന്നതിനാലും.

(എച്ച്) തുടർച്ചയായി പണി നടത്തുവാനുള്ള സൗകര്യങ്ങൾ ഉണ്ടാകുന്നപക്ഷം ഒന്നരക്കൊല്ലംകൊണ്ടു തീരുമെന്ന് ഉദ്ദേശിക്കുന്നു.

## Starred Question posted for Answer on 28th February 1951

### കുഴൽകിണറുകൾ

* ൧൨൧൱. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

൧൱൮൦-ൽ കുഴൽ കിണറുകൾ ഏതെല്ലാം താലൂക്കിൽ സ്ഥാപിച്ചിട്ടുണ്ട്?

നിയമവും, ധനകാര്യവും, റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജോൺ): കരുനാഗപ്പള്ളി താലൂക്കിൽ ആലുങ്കടവ് എന്ന സ്ഥലത്തും കാർത്തികപ്പള്ളി താലൂക്കിൽ തെക്കെ കണ്ടല്ലൂരിൽ കണ്ടൻപുരം എന്ന സ്ഥലത്തും കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ കണ്ടൻപുരത്തെ കുഴൽകിണറിന്റെ ജോലി പൂർത്തിയായില്ല.

## Starred Questions posted for Answer on 1st March 1951

### കൃഷിഭൂമി

* ൧൨൨൦. (൮൧) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ദേവികുളം താലൂക്കിലെ പള്ളിവാസൽ പകുതിയിലും പീരുമേട് താലൂക്കിലെ ഉപ്പുതറ പ്രദേശങ്ങളിലും അടുത്ത കാലത്തു കുത്തകപാട്ടത്തിനു കൃഷിക്കായി ഭൂമി കൊടുത്തതിൽ ദരിദ്രന്മാരുടെ അപേക്ഷകളെ അവഗണിച്ചുകൊണ്ട് മററുള്ളവർക്ക് കൊടുത്തു എന്നുള്ള ആക്ഷേപം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## മദ്യനിരോധനം

* ൧൨൨൧. (൯൭) ശ്രീ. പി. കെ. കുമാരൻആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സംസ്ഥാനത്തു മദ്യനിരോധനം നടപ്പിൽ വരുത്തിയതു് ഏതെല്ലാം താലൂക്കിലാണു്;

(ബി) ൧൯൫൦-ൽ മദ്യനിരോധനം സംബന്ധിച്ചു് എത്ര കേസ്സുകൾ ചാർജ്ജു ചെയ്തിട്ടുണ്ടു്;

(സി) അതിൽ എത്ര സർക്കാർ ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) തോവാള, അഗസ്തീശ്വരം, കൽകുളം, വിളവംകോടു്, നെയ്യാററിംകര, തിരുവനന്തപുരം, നെടുമങ്ങാടു്, ചിറയിൻകീഴ്, ചെങ്കോട്ട, പത്തനാപുരം, ചിററൂർ, തലപ്പിള്ളി, കൊടുങ്ങല്ലൂർ.

(ബി) ൫൧൩.

(സി) ൧൧.

## Starred Questions posted for Answer on 2nd March 1951

## കൃഷിക്കു കൂടുതൽ സ്ഥലം

*൧൨൨൨. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦ ഏപ്രിലിനുശേഷം പുതിയതായി എത്ര ഏക്കർ സ്ഥലം കൃഷിക്കു നൽകിയിട്ടുണ്ടു്;

(ബി) കൃഷിക്കു നൽകിയ സ്ഥലങ്ങളിൽ കൃഷി ഇറക്കിയിട്ടുണ്ടോ;

(സി) അങ്ങനെ നൽകിയ സ്ഥലങ്ങളിൽ ഏതെല്ലാം ഭക്ഷ്യധാന്യങ്ങൾ കൃഷിചെയ്തു;

(ഡി) ആ ഇനത്തിൽ എത്ര ടൺ ഭക്ഷ്യധാന്യങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്?

വിദ്യാഭ്യാസവും, തൊഴിലും, ഭക്ഷ്യവും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൭,൫൧൩ ഏക്കർ.

(ബി) ഉണ്ടു്. ഉദ്ദേശം ൧,൩൦൯ ഏക്കറിൽ.

(സി) നെല്ലും മരച്ചീനി മുതലായ ഉപഭക്ഷ്യസാധനങ്ങളും.

(ഡി) ൯൩൦ ടൺ.

## ആത്മഹത്യകൾ

*൧൨൨൩. (൪൯) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

ഐക്യസംസ്ഥാന രൂപീകരണത്തിനുശേഷം തിരുവിതാംകൂർ വിഭാഗത്തിലും കൊച്ചി വിഭാഗത്തിലും എത്ര ആത്മഹത്യകൾ ഉണ്ടായിട്ടുണ്ടു്; അവ

യിൽ പട്ടിണി നൈരാശ്യംമൂലം ഉണ്ടായവ എത്ര; പ്രണയനൈരാശ്യംമൂലം ഉണ്ടായവ എത്ര; സ്ഥിരബുദ്ധിയില്ലായ്മ മുതലായ മററു കാരണങ്ങൾമൂലം ഉണ്ടായവ എത്ര?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

തൃശ്ശിവപേരൂർ ഡിസ്ത്രിക്റ്റിൽ ൨൦൮-ം, കോട്ടയം ഡിസ്ത്രിക്റ്റിൽ ൧൫൭-ം, കൊല്ലം ഡിസ്ത്രിക്റ്റിൽ ൨൨൩-ം, തിരുവനന്തപുരം ഡിസ്ത്രിക്റ്റിൽ ൨൮൬-ം കൂടി ആകെ ൮൬൩. ഇതിൽ ൯൯ എണ്ണം പട്ടിണിനൈരാശ്യംമൂലവും, ൧൬൦ എണ്ണം പ്രണയനൈരാശ്യംമൂലവും, ൯൩൬ എണ്ണം ചിത്തഭ്രമം മുതലായ കാരണങ്ങളാലും ആണ്.

## IRRIGATION OF THE PADDY FIELDS

***1224.** [64] **Sri. P. K. Krishnankutty Menon:** Will the Hon'ble the Chief Minister be pleased to state.—

whether the agriculturists of Chowarah and neighbouring villages in C. K. Taluk have submitted a scheme for irrigation of the paddy fields in those villages towards the end of 1950 to the Government and if so, what action the Government has taken on the same?

*Minister for Education, Food and Labour* **(Sri. T. K. Narayana Pillai):**
No such scheme was received by Government.

## കുടിയിറക്ക്

*൧൨൨൫. (൮൯) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൧൨൬ നവംബർ ൨൩-ാംനു- കൊച്ചി കണയന്നൂർ താലൂക്കിൽ തിരുവാങ്കുളം വില്ലേജിൽ വല്ലയിൽ കുഞ്ഞുണ്ണിനായർ തന്റെ പറമ്പിൽ താമസിച്ചിരുന്ന കുറുമ്പൻ ഭാര്യ കാളിയുടെ മക്കളെ ദേഹോപദ്രവം ഏല്പിക്കുകയും ടി. കാളിയേയും മക്കളേയും ബലമായി കുടിയിറക്കിവിടുകയും ചെയ്തതായും പിന്നീട് വേറൊരുദിവസം അവരുടെ പുര പൊളിച്ചുകളഞ്ഞതായും കാണിച്ചു ൩—൧൨—൧൨൬-ൽ പോലീസ് ഇൻസ്പെക്ടർ ജനറലിന് ഒരു പരാതി കിട്ടിയിട്ടുണ്ടോ;

(ബി) ൨—൨—൧൨൬-ൽ അതിനെക്കുറിച്ചു പോലീസ് ഇൻസ്പെക്ടർ ജനറൽ അവർകൾക്ക് ഒരു റിമൈൻറർ ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(സി) പ്രസ്തുത ആവലാതിയെക്കുറിച്ചു ൧൨—൧൨—൨൯-ലെ എക്സ്പ്രസ്സിൽ ജനങ്ങൾ വിധിയെഴുതട്ടെ എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ലേഖനം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത മർദ്ദനത്തിൽ പ്രതിഷേധിച്ച് ൧—൧൨—൧൨൬-ൽ തിരുവാംകുളം വില്ലേജിൽ കരിഞ്ഞാമ്പാറ കവലയിൽവെച്ച് കൂടിയ ഒരു പൗരമഹായോഗത്തിൽ പാസ്സാക്കിയ പ്രമേയം പോലീസ് ഇൻസ്പെക്ടർ ജനറൽ അവർകൾക്ക് കിട്ടിയിട്ടുണ്ടോ;

(ഇ) ആ ആക്ഷേപങ്ങളെ സംബന്ധിച്ച് വല്ല നടപടിയും ബഹുമാനപ്പെട്ട ഗവമ്മെൻറാ ഇൻസ്പെക്ടർ ജനറലോ സ്വീകരിക്കയുണ്ടായിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആ നടപടികളുടെ ഫലമെന്തു്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) മുതൽ (ഇ) വരെ ഉണ്ട്.

(എഫ്) അന്വേഷണത്തിൽ കുഞ്ഞുണ്ണിനായർ പോലീസിന് നടപടി എടുക്കത്തക്ക കുററമൊന്നും ചെയ്തതായി തെളിവായില്ല. അതിനാൽ മേൽനടപടി ആവശ്യമായിവന്നില്ല.

## കുടിയിറക്ക്

*൧൨൨൩. (൨൭) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൧൨൩ ധനു ൧൦-ാംനു തിരുവാംകുളം വില്ലേജിൽ കരിങ്ങാഞ്ചിറ ദേശത്ത് കുഞ്ഞമ്മിണി എന്ന് സാധാരണ അറിയപ്പെടുന്ന അബ്രഹാം എന്ന ആളിൻെറ മകൻ ജോസഫ് എന്ന ആൾ ഇരിമ്പനം ദേശത്ത് തൻെറ പറമ്പിൽ താമസിച്ചിരുന്ന ചെറുമാളിയേൽ അയ്യപ്പൻ മകൾ കാളിക്കുട്ടി എന്ന ഒരു ഈഴവസ്ത്രീയുടെ പുര പൊളിച്ചുകളഞ്ഞതിനേയും മററും സംബന്ധിച്ച് വല്ല ആക്ഷേപവും ൨൯— ൧൨— ൪൭, ൩൧— ൧ —൪൮ എന്നീ തീയതികളിൽ ബഹു. പോലീസ് ഇൻസ്പെക്ടർ ജനറൽ അവർകൾക്ക് കിട്ടിയിട്ടുണ്ടോ;

(ബി) ജനങ്ങൾ വിധിയെഴുതട്ടെ എന്ന തലക്കെട്ടിൽ ൧൨— ൪—൨൩-ലെ എക്സ്പ്രസ്സിൽ കൊടുത്തിരുന്ന ലേഖനത്തിൻെറ രണ്ടാമത്തെ പാരയിൽ മേൽപറഞ്ഞ സംഭവത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളതായി ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പതിഞ്ഞിട്ടുണ്ടോ;

(സി) ടി സംഭവത്തെക്കുറിച്ച് തൃപ്പൂണിത്തുറ ടൗൺ പോലീസ് സ്റ്റേഷനിൽ സങ്കടം ബോധിപ്പിക്കാൻ ചെന്ന ടി കാളിക്കുട്ടിയുടെ ഹർജി ഇൻസ്പെക്ടർ നിരസിക്കുകയും കാളിക്കുട്ടിയെ ആട്ടിപ്പായിക്കുകയും ചെയ്തു എന്നുള്ള പരാതിയും ബഹു. ഇൻസ്പെക്ടർ ജനറലിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) മേൽപറഞ്ഞ ആക്ഷേപങ്ങൾക്കെല്ലാം ഇൻസ്പെക്ടർ ജനറലോ ഗവമ്മെൻേറാ എന്തു നടപടികൾ എടുത്തു എന്നും ആ നടപടികളുടെ ഫലം എന്തെന്നും അറിയിക്കുവാൻ ദയവുണ്ടാകുമോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ, ബി, സി) ഉവ്വ്.

(ഡി) അന്വേഷണത്തിൽ പരാതി അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞു.

## സ്ഥലം കൈവശപ്പെടുത്തിയതിനെപ്പററിയുള്ള പരാതി

*൧൨൨൭. (൨൨) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. ചീഫ്മിനസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൪— ൧— ൬ ൧-ൽ കുന്നത്തുനാട് താലൂക്ക് ചെമ്മനാട് പകുതിയിൽ കുററകരയിൽ പറണ്ടത്തുകോര, മാത്യൂ, കുരിയാക്കോ മുതൽപേർ കൂടി ഇടപ്പള്ളി പോലീസ് ഇൻസ്പെക്ടരോടുകൂടി ചെന്നു കുററക്കരയിൽ പൈങ്കിളി മക്കൾ കണ്ണൻ, തേവൻ, എന്നിവരുടെ കൈവശാവകാശമുള്ള ഉദ്ദേശം ഒന്നര ഏക്കർ സ്ഥലവും അതിലുള്ള അവരുടെ ദേഹണ്ഡങ്ങളും അന്യായവും നിയമവിരുദ്ധവുമായ നിലയിൽ ബലമായി കൈവശപ്പെടുത്തിയിരിക്കുന്നതായി കാണിച്ച് ൧൨— ൧— ൬ ൧-ൽ അയക്കപ്പെട്ടിട്ടുള്ള ഒരു ഹർജി പോലീസ് ഇൻസ്പെക്ടർ ജനറൽ അവർകൾക്ക് കിട്ടിയിട്ടുണ്ടോ;

(ബി) ടി ഹർജിയെക്കുറിച്ച് ഗവമ്മെൻറ് അന്വേഷിക്കയുണ്ടായിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

## Starred questions posted for answer on 3—3—1951

### ELECTRIC LINE

***1228.** [18] **Sri. A. M. Thomas:** Will the Hon'ble Minister for Public Works be pleased to state.—

(*a*) has the Government extended the electric line from Trichur to Peechi; and

(*b*) is it a fact that the line does not go through Vaniampara road which is a highway line?

*Chief Minister* **(Sri. C. Kesavan):**

(*a*) No, but a line has been drawn for supply of power to Peechi dam site tapping power from Marathakara east of Ollur.

(*b*) Does not arise.

### കടമാൻ

*൧൨൨൯. (൩൦) ശ്രീ. പിലിപ്പോസ് മുതലാളി: താഴെ പറയുന്ന ചോദ്യത്തിന് ബഹു. വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

൧൯൫൦ നവംബർമാസത്തിലൊ, അതിനടുത്തു് മറെറതെങ്കിലും തീയതിയിലൊ പത്തനാപുരം താലൂക്കിൽപ്പെട്ട അമ്പനാർ തോട്ടം പരിസരങ്ങളിലുള്ള റിസർവ്വവനത്തിൽനിന്നും ഒരു ധാര ഒരു കടമാനിനെ വെടിവെച്ചതായി വല്ല പരാതിയും ഗവമ്മെൻറിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ചീഫ് കൺസർവേററക്ക് ഒരു പെററീഷൻ കിട്ടി. വേണ്ട അന്വേഷണം നടത്തി. വെടിവെച്ചതു് നിയമാനുസരണമായിരുന്നു എന്നു തെളിഞ്ഞു.

### തോട്

*൧൨൩൦. (൪൫) ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മരാമത്തുവകുപ്പു മന്ത്രിസദയം മറുപടി സദയം മറുപടി നൽകുമോ—

(എ) ആലപ്പുഴ—ചേർത്തല തോടു വെട്ടാൻ തുടങ്ങിയതു് എന്നാണു്;

(ബി) അതിന് ആകെ എത്ര തുക ചെലവു ചെയ്തിട്ടുണ്ടു്;

(സി) തോട് ഉപയോഗയോഗ്യമാക്കിത്തീർക്കുന്നതിന് എന്തു താമസം വേണ്ടിവരും.

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ൧൧൨൫-ൽ.

(ബി) ൫,൩൩,൪൦൩ രൂപാ.

(സി) തുടർച്ചയായി പണി നടത്തുവാൻ സൗകര്യങ്ങൾ ഉണ്ടാകുന്ന പക്ഷം ഒന്നരക്കൊല്ലം കൊണ്ടു് തീരുമെന്നു ഉദ്ദേശിക്കുന്നു.

### SHIFT SYSTEM

***1231. [75] Sri. N. P. Varghese:** Will the Hon'ble Minister for Education be pleasad to state.—

(*a*) the number of teachers in the Muvattupuzha Division who were relieved as a result of the introduction of the shift system;

(*b*) how many of them have yet to be absorbed in Government service;

(*c*) Has the Muvattupuzha Division Inspector forwarded the list of those not yet absorbed to the Director of Public Instruction; and

(*d*) what is the reason for not absorbing them?

*Minister for Education, Food and Labour* **(Sri. T. K. Narayana Pillai):**

(*a*) 323.

(*b*) 70.

(*c*) Yes.

(*d*) The lists were received recently and are being scrutinised. Appointmen orders will be issued by the Director of Public instruction to the eligible candidates when the scrutiny of the lists is over.

## ശക്കരയുടെ വില നിയന്ത്രണം

*൧൨൩൨. (൧൯) ശ്രീ. ടി. എസ്സ്. ബന്ധു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സിവിൽ സപ്ലൈവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ശക്കരയുടെ വില നിയന്ത്രണം എടുത്തുകളയുകയോ അല്ലാത്ത പക്ഷം ആവശ്യക്കാർക്ക് കിട്ടുമാറാക്കുകയോ ചെയ്യുവാൻ താലൂക്ക ഫുഡ് അഡൈ്വസറികമ്മററി ചെയ്ത ശുപാർശ ഗവമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അക്കാര്യത്തിൽ ഗവമെൻറ് വല്ല നടപടിയും നടത്തുവാനുദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ട്.

(ബി) ശക്കര നിമ്മാണമില്ലാത്ത സ്ഥലങ്ങളിൽ അതിൻെറ കൺട്രോൾ വില മന്നിന് ഫ ഫരൂപായിൽനിന്നും ഫന്തുരൂപായായി കൂട്ടുന്നതിനു നിവേദനങ്ങളുടെ ഫലമായി ഇൻഡ്യാഗവമെൻറിൽനിന്നും സമ്മതിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള നോട്ടിഫിക്കേഷൻ ഉടനെ പ്രസിദ്ധംചെയ്യുന്നതാണ്. ഇതു നിമിത്തം സ്റ്റേററിൽ കൂടുതൽ ശക്കര ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

## Starred Questions posted for Answers on 5th March 1951

### RYOTS ROAD

***1233 [21] Sri. E. P. Poulose:** Will the Hon'ble Minister for Public Works and Communications be pleased to state.—

(*a*) whether any work has been taken up under the new five year scheme for development of Ryots' road;

(*b*) whether any amount from the Budget allotment under this had been spent on any road improvement work till now?

*Chief Minister* **(Sri. C. Kesavan)** (*a*) Yes.

(*b*) A sum of Rs. 4 lakhs has been allotted for the purpose. It is expected to spend a major part if not the whole of this amount for improvement of Village Roads.

## ശുദ്ധജലം

*൧൨൩൪. (൨൦) ശ്രീ. കളത്തിൽ വേലായുധൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചങ്ങനാശ്ശേരി താലൂക്കിൽ പൊൻകുന്നത്തു് കുടിക്കുവാൻ വെള്ളം ലഭിക്കാതിരിക്കുന്നതു സംബന്ധിച്ചു ഗവമ്മെൻറിലേക്കു് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) കുടിക്കുവാനുള്ള വെള്ളം ലഭിക്കുന്നതിൽ വല്ല പദ്ധതിയും ഗവമ്മെൻറ് ആസൂത്രണം ചെയ്തിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഉണ്ടു്.

(ബി) ഒരു പദ്ധതിയും ഇതേവരെ ആസൂത്രണം ചെയ്തിട്ടില്ല.

## Starred Questions posted for answer on 7th March 1951

### ഭവന നിർമ്മാണ പദ്ധതി

* ൧൨൩൫. (൯) സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

ഭവനനിർമ്മാണപദ്ധതിയനുസരിച്ചു ൧൯൫൦-ൽ എത്ര ഭവനങ്ങൾ എവിടെയെല്ലാം നിർമ്മിച്ചിട്ടുണ്ടു്. അതിൽ എത്രയെണ്ണത്തിൽ ആൾ പാർപ്പു തുടങ്ങി?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള:

൧൬൯ ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ടു്.

| | | |
|---|---|---|
| ൧. | കന്യാകുമാരി | ൧൭ |
| ൨. | തിരുവനന്തപുരം | ൧൮ |
| ൩. | കൊല്ലം | ൧൦ |
| ൪. | പുനലൂർ | ൧൮ |
| ൫. | കുമരകം | ൧൦ |
| ൬. | ആലപ്പുഴ | ൨൪ |
| ൭. | ആലുവ | ൨൪ |
| ൮. | തേവര | ൨൪ |
| ൯. | ഇരിഞ്ഞാലക്കുട | ൨൪ |
| | | ൧൬൯ |

അതിൽ ൧൨൭ വീടുകളിൽ ആൾ പാർപ്പു തുടങ്ങി.

### IMPORT OF TEXTILE GOODS

***1236.** [49] **Sri. P. K. Krishnankutty Menon**: Will the Hon'ble Minister for Education, Labour and Civil supplies be pleased to state.—

(*a*) the number of quota holders for import of textile goods in this State and their names;

(*b*) The basis on which quota is allotted to merchants; and

(*c*) whether there is complaint with regard to the distribution of quota now maintained, and if so, on what grounds?

*Minister for Education, Food and Labour* **(Sri. T. K. Narayana Pillai)**:

(*a*) Fifteen (15) viz.,

1. Hajee Abdul Karim Hajee Hussain, Trivandrum.

2. Hajee Hassan Yacoob Sait, Kayamkulam.
3. S. Veeriah Reddiar, Alleppey.
4. S. Kumaraswamy Reddiar, Alleppey.
5. P. Rajagopala Reddiar & Sons Alleppey.
6. Hajee Haroon Tayeb & Son do.
7. Sulaiman Hassam & Son, do.
8. Malayil Bros., do.
9. Mankott Textiles, do.
10. K. K. Nataraja Iyer, Ernakulam.
11. Bombay Agency, do.
12. K. A. Bava, do.
13. A. S. Bava, do.
14. C. P. Lonappan & Sons, Trichur.
15. T. S. Kalyanarama Iyer, Trichur.

*b*) The quota is fixed monthly and is of two classes.

(*i*) Ordinary quota.

(*ii*) Special quota (*i. e.*, the products of selected mills)

(*i*) is divided equally among the 15 importers.

(*ii*) is divided among the importers of the Travancore & Cochin areas as follows.—

(1) Each of the two areas take the Bombay or the Ahmedabad quota monthly by ration.

(2) The monthly quota for each area is distributed as follows.—
Travancore area—9 Importers—One each per month by rotation.
Cochin area—C. P. Lonappan & Sons—Twice in 3 months, Trichur. A. S. Bava, Ernakulam—once in 3 months.

(c) Yes. Some of the importers demand that special quota also should be distributed equally among all the importers. It is proposed to discuss the question at a conferance to which representatives of the trade also will be invited and to draw up a suitable scheme.

## നെയ്ത്തുവ്യവസായം

*൧൨൩൭. (ഇൻ) ശ്രീ. എസ്സ്. കട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തെ വൻപിച്ച കുടിൽ വ്യവസായമായ നെയ്ത്തുതൊഴിൽ ദൈനംദിനം അധഃപ്പതിക്കുകയാണെന്നും തൊഴിലാളിവർഗ്ഗം വിഷമിക്കുകയാണെന്നും ഏതെങ്കിലും തൊഴിലാളി സംഘടനകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടോ;

(ബി) തൊഴിലാളിവർഗ്ഗത്തിൻെറ അവശത പരിഹരിക്കാനുള്ള എന്തെങ്കിലും കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി:
ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉണ്ട്.

(ബി) നെയ്ത്തുതൊഴിലാളികളുടെ അവശത പരിഹരിക്കണമെങ്കിൽ ആവശ്യത്തിനു മതിയായ നൂൽ ലഭിക്കേണ്ടതുണ്ട്. അതിനുവേണ്ടി ഇൻഡ്യാ ഗവൺമെൻറിനോടു നിവേദനം നടത്തിയിട്ടുമുണ്ട്. അതിൻെറ ഫലമായി അധികം താമസിയാതെ കൂടുതൽ നൂൽ ലഭിക്കുമെന്നു ഗവൺമെൻറ് പ്രത്യാശിക്കുന്നു.

## വിറകുവില്പനക്കുള്ള പാസ്സ്

*൧൨൩൮ (൬൪) ശ്രീ. കെ. കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കാട്ടിൽനിന്നും വിറകുകൊണ്ടുവന്നു വില്പന നടത്തുവാൻ പാസ്സ് അനുവദിച്ചുതരണമെന്ന് അപേക്ഷിച്ചുകൊണ്ടു വണ്ടിക്കാരിൽനിന്നും വല്ല അപേക്ഷകളും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എന്തെങ്കിലും നടപടി ഗവമ്മെൻറ് എടുത്തിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ ശ്രീ. സി. കേശവൻ: (എ) ൧—൯—൧൯൫൦-ൽ തൃശ്ശൂർ ഡിസ്ട്രിക്റ്റിൽപ്പെട്ട വില്ലടം എന്ന സ്ഥലത്തുവെച്ച് കൂടിയ ഒരു പൊതുയോഗത്തിൽ പാസ്സാക്കിയ പ്രമേയം കിട്ടിയിട്ടുണ്ടായിരുന്നു.

(ബി) പ്രമേയത്തിലെ അപേക്ഷ സ്വീകാര്യമല്ലാത്തതിനാൽ അനുവദിച്ചില്ല.

## കുഷ്ഠരോഗികളുടെ ആവശ്യങ്ങൾ

*൧൨൩൯. (൬൫) ശ്രീ. ഇ. ഭാസ്കരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കുഷ്ഠരോഗാശുപത്രികളിലെ എല്ലാരോഗികൾക്കും പാദരക്ഷ കൊടുത്തിട്ടുണ്ടോ;

(ബി) നൂറനാട്ടു കുഷ്ഠരോഗാശുപത്രിയിൽ രോഗികൾക്കാവശ്യമുള്ള മരുന്നു ലഭിക്കുന്നില്ലെന്നു പരാതി ലഭിച്ചിട്ടുണ്ടോ?

നിയമവും ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ഇല്ല.

## PRIMRAY SCHOOLS

***1240.** [66] **Sri. A. Gabriel Nadar:** Will the Hon. Minister for Education, Labour and Civil Supplies be pleased to State.—

(*a*) whether in respect of teachers in Government Primary Schools there exists a difference in the scale of pay in the Travancore area and in the Cochin area;

(*b*) if the answer to (*a*) is in the affirmative the scales of pay in respect of each area;

(*c*) whether this difference is owing to any particular circumstance; if so what it is;

(*d*) whether Government propose to abolish the shift system in primary schools; if so, from which year?

*Minister for Education, Food and Labour* **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) Travancore area Rs. 25/- Cochin area Rs. 30-1-40-2-50.

(*c*) Yes, the integration of service personnels has not been completed.

(*d*) Yes. The question of abolishing the system is under consideration. The year from which the shift system is to be abolished cannot be furnished now owing to the practical difficulties in implementing the order.

## വിഷവൈദ്യശാലകൾ

*൧൫൪൧. (൩൧) ശ്രീ. കെ. കെ. കണ്ണൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരു-കൊച്ചി സ്റ്റേററിൽ ആകെ എത്ര വിഷ വൈദ്യശാലകൾ ഉണ്ട്;

(ബി) അവയിൽ ഒന്നാം ഗ്രെയിഡ് വൈദ്യശാലകൾ എത്ര;

(സി) അവയിൽ ഗ്രാൻറ് ഇൻ എയിഡ് വൈദ്യശാലകൾ എത്ര; ഗവമ്മെൻറ് വൈദ്യശാലകൾ എത്ര;

(ഡി) ഗ്രാൻറ് ഇൻ എയിഡ് വൈദ്യശാലകൾക്ക് ഓരോന്നിനും ഗ്രെയിഡ് അനുസരിച്ച് കൊല്ലത്തിൽ എത്ര രൂപാവീതമാണ് ഗ്രാൻറ കൊടുക്കുന്നത്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ൩൫.

(ബി) തിരുവിതാംകൂർവിഭാഗത്തിൽ ഒന്നാംഗ്രെയിഡ് വിഷവൈദ്യശാലകൾ ഇല്ല. എന്നാൽ കൊച്ചി വിഭാഗത്തിൽ കൊച്ചിയിലെ നിയമങ്ങൾക്ക് വിധേയമായി ൧൫ ഒന്നാംഗ്രെയിഡ് (grant-in-aid) വിഷവൈദ്യശാലകൾ ഉണ്ട്.

(സി) ഗ്രാൻറ് ഇൻ എയിഡ് വൈദ്യശാലകൾ ആകെ ൨൪. ഗവമ്മെൻറ് വിഷവൈദ്യശാലകൾ ൧൧.

(ഡി) കൊല്ലംതോറും ൫൪൦ ക. ലഭിക്കുന്ന ഗ്രാൻറ് ഇൻ എയിഡ് വിഷവൈദ്യശാല ൧.

കൊല്ലംതോറും മരുന്നിനുപുറമെ ൧൨൦ ക. വീതം ലഭിക്കുന്നവ ൧൫.

കൊല്ലംതോറും ൧൨൦ ക. മാത്രം ലഭിക്കുന്നവ ൪൧.

കൊല്ലംതോറും മരുന്നുമാത്രം ലഭിക്കുന്നവ ൫൧.

## വിഷവൈദ്യന്മാർ

*൧൫൪൨. (൩൨) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആയുർവ്വേദവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തിൽ ആയുർവ്വേദ വിഷ വൈദ്യന്മാർക്ക് അവരുടെ സേവനങ്ങൾക്ക് അലവൻസ് നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേർക്ക് അലവൻസ് നൽകുന്നുണ്ട്;

(സി) എത്ര സംഖ്യ ഓരോരുത്തർക്കും അലവൻസായി നൽകുന്നുണ്ട്;

(ഡി) ടി അലവൻസ് കൂട്ടികിട്ടുന്നതിനു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ട്.

(ബി) ഗ്രാൻറ് ഇൻ എയിഡ് രൂപത്തിൽ ൩൩ വിഷവൈദ്യന്മാർക്ക് അലവൻസ് നൽകുന്നുണ്ട്.

(സി) ഒരാൾക്ക് മാസംതോറും ൫൦ ക. യും, ബാക്കി ൩൨ പേർക്ക് മാസംതോറും ൧൫ ക. യും.

(ഡി) ഉണ്ട്.

## Starred Questions posted for Answer on 8—3—51

### കരിഞ്ചന്ത കേസുകൾ

*൧൨൪൩. (൧൨) ശ്രീ. കെ. കെ. കണ്ണൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ൧൧൨൩ ചിങ്ങം ആദ്യംമുതൽ നാളിതുവരെ നെല്ല്, അരി മുതലായവ കരിഞ്ചന്ത നടത്തിയ എത്ര കേസുകൾ ഉണ്ടായിട്ടുണ്ട്;

(ബി) അവയിൽ കുററക്കാരെ ശിക്ഷിച്ചിട്ടുള്ള കേസുകൾ എത്ര;

(സി) തള്ളിപ്പോയ കേസുകൾ എത്ര;

(ഡി) നിലവിലുള്ള കേസുകൾ എത്ര?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൨൩൧.

(ബി) ൫൪.

(സി) ഇല്ലാ.

(ഡി) ൧൭൩.

### ഭക്ഷ്യ സംവർദ്ധനപദ്ധതി

*൧൨൪൪. (൨൫) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഗ്രോമോർ ഫുഡ്സ്കീമിന്റെ കീഴിൽ എത്ര കൂടുതൽ നെല്ല് ൧൯൫൦-ൽ ഉൽപാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്;

(ബി) ഏതു താലൂക്കിൽ;

(സി) അതിനു എന്തു ചിലവുണ്ടായി?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൨൯, ൪൨൩ ടൺ അരി.

(ബി) വിവിധ താലൂക്കുകളിൽ

(സി) അതിനുമാത്രം എന്തുചിലവായി എന്നു കണക്കില്ല. ഭക്ഷ്യോൽപാദനത്തിനു് ൧൯൫൦ അവസാനം വരെ ൪൩, ൦൨, ൨൭൭ രൂപാ ൨ ണ. ൩ സ. ചെലവായിട്ടുണ്ട്.

### JUDGES OF THE HIGH COURT.

*1245. [50] **Sri. P. K. Krishnankutty Menon:** Will the Hon'ble Chief Minister be pleased to state.—

(*a*) the number of Judges working in the High Court from the date of its inauguration and the strength of the High Court contemplated under the High Courts Act;

(*b*) the reasons for the delay in appointing the remaining Judges to the High Court;

(*c*) whether the number of cases in the High Court has enormously increased and if so the measures the Government intends to take to cope with the work?

*Chief Minister* **Sri. C. Kesavan:** (*a*) The number of Judges working in the High Court from the date of its inauguration:

| | | | | |
|---|---|---|---|---|
| From | 7th July | 1949 | 8 | Judges. |
| „ | 20th January | 1950 | 4 | „ |

| | | | | |
|---|---|---|---|---|
| From | 30th January | 1950 | 5 | Judges |
| ,, | September | 1950 | 4 | ,, |
| ,, | 9th August | 1950 | 5 | ,, |
| ,, | 10th January | 1951 | 4 | ,, |
| ,, | 10th February 1951 onwards | | 5 | ,, |

The attention of the Hon'ble Member is invited to Section 7 of the High Court Act of 1125. From January 26th 1950 the Constitution of the High Court is governed by section 216 of the Constitution of India. The question of fixation of the maximum strength of the High Court is under consideration of the Government of India.

(*b*) Does not arise in view of the answer to (*a*).

(*c*) No (The implication in the question that number of cases in the High Court has enormously increased is not correct.)

## ഒഴിവുദിവസങ്ങൾ

* ൧൨൪൩. (൭൮) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) പ്രഖ്യാപിതങ്ങളല്ലാതെ ഓരോ സന്ദർഭങ്ങളിൽ ഗവമ്മെൻറിൽ നിന്നും അനുവദിക്കുന്ന പബ്ലിക്ക് ഒഴിവുദിവസങ്ങൾ പൊതുജനങ്ങളേയും, വിദ്യാലയങ്ങൾ, കോടതികൾ ബാംങ്കുകൾ മുതലായ സ്ഥാപനങ്ങളേയും ഔദ്യോഗികമായി അറിയിക്കുന്നതു് ഏതുമാർഗത്തിലാണ്; അതിനുള്ള ചുമതല വഹിക്കുന്ന ഡിപ്പാർട്ടുമെണ്ടോ ഉദ്യോഗസ്ഥനോ ആരാണ്;

(ബി) മഹാത്മജിയുടെ ചരമദിനമായ ജനവരി ൩൦-ാംനു ഒഴിവുദിവസമാണെന്നു അറിയിച്ചുകൊണ്ടുള്ള ഗവമ്മെൻറ് ഗസററ് ചേർത്തലയിലെ ഹൈസ്കൂളുകളിലും കോടതികളിലും കിട്ടിയതു് അന്നു കാലത്തു് ൧൦ മണിക്ക് ശേഷമാണെന്നുള്ളതു് ശരിയാണോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) പ്രഖ്യാപിതങ്ങളല്ലാതെ ഓരോ സന്ദർഭങ്ങളിൽ ഗവമ്മെൻറിൽ നിന്നും അനുവദിക്കുന്ന പബ്ലിക്ക് ഒഴിവുദിവസങ്ങൾ പൊതുജനങ്ങളേയും മററും അറിയിക്കുന്നതു് ഗസററ്, പത്രങ്ങൾ ഇവ മുഖേനയാണ്. അതിൻെറ ചുമതലവഹിക്കുന്നതു് സെക്രട്ടറിയേററിലെ മിസ്സലേനിയസ് സെക്ഷനാണ്.

(ബി) ഗവമ്മെൻറിനു യാതൊരറിവുമില്ല.

## ഫുഡ് കൺട്രോൾ കമ്മിററി

* ൧൨൪൭. (൬൯) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

൧൧൨൫-൨൬ സാമ്പത്തിക വർഷത്തിലേക്ക് സ്ഥാപിച്ചിട്ടുള്ള താലൂക്ക് ഫുഡ് ആൻറ് കൺട്രോൾ കമ്മിററികളുടെ എത്ര യോഗങ്ങൾ കൂടിയിട്ടുണ്ട്; പ്രധാനമായി എന്തെല്ലാം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പ് മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

൧൫൨ യോഗങ്ങൾ കൂടിയിട്ടുണ്ട്. ഭക്ഷ്യസംഭരണ വിതരണ കാര്യങ്ങളിൽ കമ്മിററിയുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും പര്യാലോചിച്ച് അതാതു താലൂക്കുകളിൽ വേണ്ടതു ചെയ്യുന്നുണ്ട്.

## ക്ഷേത്രധ്വംസനങ്ങൾ

*൧൨൪൮. (൧൨) ശ്രീ. കളത്തിൽ വേലായുധൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

ഈ രാജ്യത്തു കഴിഞ്ഞ ബഡ്ജററ് സമ്മേളനത്തിനു ശേഷം എത്ര ക്ഷേത്രങ്ങൾ ധ്വംസിക്കപ്പെട്ടതായോ ആക്രമിക്കപ്പെട്ടതായോ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്;

(ബി) ക്ഷേത്രാക്രമണങ്ങളും ധ്വംസനങ്ങളും സംബന്ധിച്ച എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) അവയിൽ എത്ര കേസുകൾ തെളിവിൽ വന്നിട്ടുണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൩൫.

(ബി) ൩൫.

(സി) ൨൪.

## കമ്മ്യൂണിസ്റ്റ് നിരോധനം

*൧൨൪൯. (൧൪) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മേലുള്ള നിരോധനം നീക്കംചെയ്യുന്നതിനു ഗവമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

## വീടു തല്ലിപ്പൊളിച്ച പരാതി

*൧൨൫൦. (൧൫) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) എടക്കുന്നത്തു പറപ്പിള്ളി പൈലി എന്ന ഒരു സാധു തൊഴിലാളി ഒരു വീടു പണിതു പൂർത്തിയാക്കുന്നതിനു മുമ്പ് ധനാഢ്യനായ പാതിരിപ്പിള്ളി വറീതു് എന്ന ആളും ചില സിൽബന്ധികളും കൂടി കുറെ ദിവസങ്ങൾക്കുമുമ്പ് നിശ്ശേഷം തല്ലിപ്പൊളിച്ചു കളഞ്ഞതായിട്ട് ടി പൈലി ഒരാക്ഷേപം പോലീസിൽ കൊടുക്കുകയുണ്ടായിട്ടുണ്ടോ;

(ബി) എറണാകുളം കസ്ബാ ഇൻസ്പെക്ടരും പാർട്ടിയും സംഭവസ്ഥലത്തുചെന്നു തെളിവെടുക്കുകയുണ്ടായിട്ടുണ്ടോ;

(സി) പ്രസ്തുത കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ആക്ഷേപത്തെപ്പററി അന്വേഷിച്ചതിൽ പോലീസ് നടപടി എടുക്കാവുന്ന കുററം എതിർകക്ഷി ചെയ്തിട്ടുള്ളതായി തെളിയാത്തതിനാൽ പോലീസ് നടപടി എടുത്തിട്ടില്ല. അതിൽ അവരുടെ ആക്ഷേപം കോടതിയിൽ ബോധിപ്പിക്കാൻ കക്ഷികളെ ഉപദേശിച്ചു വിട്ടു.

## FOODGRAINS.

*1251. [76] **Sri. P. S. Nataraja Pillai:** Will the Hon'ble Chief Minister be pleased to state.—

(*a*) the stock of foodgrains held in Government Depot in the Cochin area and Travancore area of the State at the beginning of each week in January 1951;

(*b*) whether sufficient quantity of foodgrains was allotted to all the Taluk Rationing Authorities to issue full rations (10 oz.) to all Ration Card holders of the Taluk;

(*c*) the quantity of foodgrains allotted to the taluks of Neyyattinkara, Trivandrum, Nedumangad and Chirayinkil in each of the weeks in January 1951;

(*d*) the average weekly off-take of the foodgrains in these taluks in December 1950; and

(*e*) if there is a difference in the quantity under part (*c*) and (*d*) the percentage of difference?

*Minister for Education, Food and Labour* **(Sri. T. K. Narayana Pillai):**

(*a*) (*i*) TRAVANCORE AREA:

| *Stock in tons on* | *Imported rice* | *Locally procured paddy & rice (in terms of rice)* | *Wheat and wheat products* | *Other grains* |
|---|---|---|---|---|
| 7—1—1951 | 4251 | 1884 | 3248 | 68 |
| 14—1—1951 | 7066 | 1681 | 1405 | 68 |
| 21—1—1951 | 2416 | 1807 | 1148 | 68 |
| 28—1—1951 | 6235 | 1462 | 557 | .. |
| (*ii*) COCHIN AREA: | | | | |
| 7—1—1951 | 1030 | 1571 | 1413 | 46 |
| 14—1—1951 | 1757 | 1961 | 1187 | 40 |
| 21—1—1951 | 1458 | 2451 | 1088 | 38 |
| 28—1—1951 | 2078 | 3089 | 883 | 37 |

(*b*) Foodgrains were allotted to each Taluk every fortnight, taking into account the offtake for the previous fortnight, the stock of local paddy available in the taluk and also the stock of imported foodgrains available in the Government Foodgrains Depots serving the Taluks. Hence it is likely that the fortnightly allotments of foodgrains made to some Taluks might not have been sufficient to issue full rations to all card-holders simultaneously. From actual experience, it is seen that in any given week, all ration card-holders do not simultaneously purchase their weekly rations in full.

(*c*) The maximum fortnightly requirements of rice for Neyyattinkara, Trivandrum (including City) Nedumangad and Chirayinkil are 7905, 12170, 5700 and 8000 standard bags respectively. The quantity of foodgrains allotted in each of the weeks in January 1951 to these Taluks is given below.—

| Date Week commencing | Neyyattinkara | | Trivandrum (including City) | | Nedumangad | | Chirayinkil | |
|---|---|---|---|---|---|---|---|---|
| | Rice | Wheat | Rice | Wheat | Rice | Wheat | Rice | Wheat |
| | in bags | | in bags | | in bags | | in bags | |
| 7—1—1951 | 3500 | 600 | 5750 | 1700 | 2375 | 350 | 3500 | 650 |
| 14—1—1951 | 3500 | 600 | 5750 | 1700 | 2375 | 350 | 3500 | 650 |
| 21—1—1951 | 3500 | 600 | 5750 | 1700 | 2000 | 300 | 3500 | 650 |
| 28—1—1951 | 3500 | 600 | 5500 | 1700 | 2000 | 300 | 3375 | 650 |

(*d*) The offtake for each Taluk is generally calculated for a fortnight and on that basis the average weekly offtake of foodgrains for December 1950 is given below.—

| Date Week commencing | Neyyattinkara | | Trivandrum (including City) | | Nedumangad | | Chirayinkil | |
|---|---|---|---|---|---|---|---|---|
| | Rice | Wheat | Rice | Wheats | Rice | Wheat | Rice | Wheat |
| | in St. bags | | in St. bags | | in St. bags | | in St. bags | |
| 3—12—1950 | 3114+136 paras paddy | | 5270 | 933 | 1880 | .. | 3510 | .. |
| 10—12—1950 | 3114+ 136 „ | | 5270 | 933 | 1880 | .. | 3510 | .. |
| 17—12—1950 | 3002+9180 „ | | 5270 | 933 | 1880 | .. | 3470+440 paras paddy | |
മിസ്റ്റർ സ്പീക്കർ: ഈ കേസിനെപ്പററി ഇതുവരെയുണ്ടായിട്ടുള്ള ഈ ഗവമെന്റിന്റെ നടപടികൾ എന്തെല്ലാമാണെന്ന് സഭയെ അറിയിച്ചുകഴിഞ്ഞു. കേസിന്റെ വിശദവിവരങ്ങളിൽ പ്രവേശിക്കുന്നതിന് ഈ ഗവമെന്റിന് അധികാരമുണ്ടെന്നു തോന്നുന്നില്ല. ഏതായാലും ആവശ്യപ്പെട്ടിരിക്കുന്ന അറിവുകൾ ലഭിക്കുന്നതിനുമുമ്പ് ഈ വിഷയത്തെ സംബന്ധിച്ച് വാദപ്രതിവാദം തുടരണമെന്നില്ല.

## EXTENSION OF SITTING FOR OFFICIAL LEGISLATIVE BUSINESS

മിസ്റ്റർ സ്പീക്കർ: ഞാൻ ഇന്നലെ ഈ സഭയിൽ സൂചിപ്പിച്ചിരുന്നതുപോലെ ഒഫീഷ്യൽ ലജിസ്ലേറ്റീവ് ബിസിനസ്സിനുവേണ്ടി ഈ സഭ നാളെയും കൂടുന്നതാണ്.

## RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST

**Mr. Speaker:** Now we will proceed to resolutions on matters of general public interest.

ശ്രീ. ഉദയഭാനു ഹാജരാക്കീട്ടുള്ള പ്രമേയമാണ് ആദ്യമായി ചർച്ചയ്ക്ക് എടുക്കുവാനുള്ളത്.

### Family Planning Work

"This House resolves that Government should render all help and assistance in Family Planning Work."

ഈ പ്രമേയം അവതരിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർ വിചാരിക്കുന്നുവെങ്കിൽ അപ്രകാരം ചെയ്യാം.

ശ്രീ. എ. പി. ഉദയഭാനു: സർ, ഞാൻ പ്രമേയം അവതരിപ്പിക്കുന്നു.

സർ, ഞാൻ ഈ സഭയുടെ സവിശേഷമായ ശ്രദ്ധയ്ക്ക് വിഷയമാക്കണമെന്ന് വിചാരിക്കുന്ന പ്രമേയം ഇതാണ്.

"This House resolves that the Government should render all help and assistance in Family Planning Work."

സർ, കുടുംബസംവിധാനം ചെയ്യുന്ന വിഷയത്തിൽ പൊതുജനങ്ങൾക്ക് ഗവമെന്റ്, സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ് എന്നു ആവശ്യപ്പെടുന്ന ഒരു പ്രമേയമാണ് ഞാൻ ഈ സഭയുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളത്. ഞാൻ ഈ വിഷയത്തെപ്പററി സംസാരിക്കുമ്പോൾ ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള തത്വങ്ങളെ സംബന്ധിച്ച് ലഘുത്വത്തോടുകൂടി കൈകാര്യം ചെയ്യണമെന്ന് ആഗ്രഹിക്കുന്നില്ല. ഈ പ്രമേയം അർഹിക്കുന്ന ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യണമെന്നാണ് എനിക്കു സഭയോട് അഭ്യർത്ഥിക്കാനുള്ളത്. ആ അപേക്ഷയോടുകൂടെയാണ് ഈ പ്രമേയം സഭയുടെ ശ്രദ്ധയ്ക്ക് വിഷയീഭവിപ്പിക്കുന്നത്.

[Sri A. P. Udayabhanu]

സർ, ഒരു തലമുറകൊണ്ടു് ലോകത്തെ ജനസംഖ്യ ൫ർ കോടി ർ ൦ ലക്ഷത്തിൽപരമായി കൂടിയിരിക്കുന്നുവെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഫ വ്വ ൫ ഫ-ൽ ഫ ൫ കോടി ജനസംഖ്യയുണ്ടായിരുന്നതു് ഫ ൻ ർ ഫ-ൽ ന ഫ കോടി വ്വ വ്വ ലക്ഷത്തിൽപരമായി വർദ്ധിച്ചു.

**Sri. P. S. Nataraja Pillai:** One question, Sir, by 'Family Planning Work' does the Honourable Member mean birth control? I am not able to understand what it means.

ശ്രീ. എ. പി. ഉദയഭാനു: എന്റെ ബഹുമാന്യസ്നേഹിതൻ എന്റെ പ്രസംഗം മുഴുവൻ കേട്ടതിനുശേഷം ഈ കാര്യത്തെപ്പററി ചോദിക്കുന്നതു നന്നായിരിക്കും. ഫാമിലി പ്ലാനിംഗ് കാര്യത്തെപ്പററി പറയുമ്പോൾ സന്താന നിയന്ത്രണത്തെപററി പറയേണ്ട ആവശ്യമുണ്ടു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: സന്താനനിയന്ത്രണം മാത്രമേ ഫാമിലി പ്ലാനിംഗിൽ ഉൾപ്പെടുകയുള്ളോ?

ശ്രീ. എ. പി. ഉദയഭാനു: അല്ല. ഉല്പാദനവും ഉൾപ്പെടുമെന്നാണു് ഞാൻ പറയാൻ പോകുന്നതു്.

ശ്രീ. എ. താണുപിള്ള: അപ്പോൾ സന്താനനിയന്ത്രണവും ഉല്പാദനവും മാത്രമേ പ്ലാനിംഗിൽ വരുകയുള്ളോ?

ശ്രീ. എ. പി. ഉദയഭാനു: ആ വിഷയത്തെപ്പററിയാണു് പ്രധാനമായി ഞാൻ പറയുവാൻ ആഗ്രഹിക്കുന്നതു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഇതിൽ കൂട്ടുകൃഷി പതിവുണ്ടോ?

ശ്രീ. എ. പി. ഉദയഭാനു: കൂട്ടുകൃഷി നെടുംകൃഷി ഇവയും ഇതിൽ കണ്ടുവെന്നു വരാം. ഞാൻ അത്യന്തം തന്നെ ആവശ്യപ്പെട്ടതു് ഈയെച്ച് ഒരു പട്ടേനിയാക്കി അധഃപ്പതിപ്പിക്കരുതെന്നാണു്. എന്റെ സോഷ്യലിസ്ററു സ്നേഹിതന്മാരോടു എനിക്കു പറയുവാനുള്ളതു് ഏററവും പ്രധാനമായി ഇൻഡ്യയിൽ ഈ വിഷയം ഉന്നയിച്ചിട്ടുള്ളതു്, അവരുടെ കക്ഷി ആണെന്നു് അവർ അവകാശപ്പെടുന്നു എന്നുള്ളതാണു്.

**Sri. P. S. Nataraja Pillai:** Please say it plainly. We want to know that.

ശ്രീ. എ. പി. ഉദയഭാനു: വളരെ പ്ലെയിനായിട്ടാണു് ഞാൻ ഇതു പറയുന്നതു്. എന്റെ മാന്യസ്നേഹിതന്മാക്കു് ഇതിനോടു് ആനുകൂല്യമുണ്ടാകുമെന്നാണു് എന്റെ വിശ്വാസം.

ഇൻഡ്യയിലെ ജനസംഖ്യയാണെങ്കിൽ ഫ വ്വ ൻ ഫ-ൽ പതിനഞ്ചുകോടിയായിരുന്നു. ആ ജനസംഖ്യ ഫ ൻ ർ ഫ-ൽ ന ഫ കോടി വ്വ വ്വ ലക്ഷത്തിൽപരമായി വർദ്ധിച്ചിട്ടുണ്ടു്. തിരുവിതാംകൂർ സംസ്ഥാനത്തു ഫ വ്വ ൻ ഫ-ലെ ജനസംഖ്യ ൨൫, ൫൬, ൭൩൬-ം, ഫ ൻ ർ ഫ-ൽ ൬൦, ൭൦,൦ ഫ വ്വ-ം ആണു്.

ശ്രീ. ആർ. ശങ്കർ: മെമ്പർക്കു് ഫ വ്വ ൻ ഫ-ലെ കണക്കു് എവിടെനിന്നു കിട്ടി?

ശ്രീ. എ. പി. ഉദയഭാനു: സ്റ്റാററിസ്റ്റിക്ക്സിൽ നിന്നും കിട്ടി.

ശ്രീ. ആർ. ശങ്കർ: ൧൯൫൧-ൽ സെൻസസ്സ് ഇല്ല. അപ്പോൾ ൧൯൫൧-ലേതു എങ്ങനെ കിട്ടി എന്നാണ് ഞാൻ ചോദിക്കുന്നതു്?

ശ്രീ. എ. പി. ഉദയഭാനു: ഏതായാലും എനിക്ക് ഗവൺമെൻറിൻെറ സ്റ്റാറ്റിസ്റ്റിക്ക്സിൽനിന്നും കിട്ടിയതാണ് ആ കണക്ക്. അല്ലാതെ ഞാൻ നേരിട്ടു പോയി ൧൯൫൧-ൽ സെൻസസ്സ് എടുത്തിട്ടില്ല. അതല്ലാ അദ്ദേഹം വേറെ കണക്ക എടുത്തിട്ടുണ്ടെങ്കിൽ അതു പറയട്ടെ. അതു സ്വീകരിക്കുന്നതിനു ഞാൻ തയ്യാറാണ്. ഞാൻ പറഞ്ഞതു ഗവൺമെൻറിൽനിന്നും തന്നിട്ടുള്ള കണക്കിനെ ആസ്പദമാക്കിയുള്ളതാണ്.

കൊച്ചിയിൽ ൧൯൫൧-ൽ ൧൪,൨൨,൮൭൫ ൧൯൪൧-ൽ ൧൨,൨൨,൨൯൩ ആണ് ജനസംഖ്യ.

ശ്രീ. എ. കെ. ജാർജ്ജ്: പ്രപ്പോർഷനലായി തിരുവിതാംകൂറിലൊ കൊച്ചിയിലൊ ജനസംഖ്യ കൂടുന്നതു്?

ശ്രീ. എ. പി. ഉദയഭാനു: ഏതായാലും ചോദ്യം എല്ലാം തന്നെ ജനസംഖ്യകൂടുന്ന വിഷയത്തെ സംബന്ധിച്ചാണ് കാണുന്നതു്.

**Mr. Speaker :** Order, order. I have again to invite the attention of the Hon'ble members to the wholesome practice that questions are not to be asked much less persisted in if the member concerned is not inclined to yield.

**Sri. A. P. Udayabhanu :** I must be saved from these people.

ശ്രീ. ഇട്ട്യേര അമ്പുക്കൻ: ബഹു. മെമ്പർക്ക് എത്ര കുട്ടികൾ ഉണ്ട്?

മിസ്റ്റർ സ്പീക്കർ: ആ വിഷയം സഭയുടെ ശ്രദ്ധയിൽ പെടുത്തേണ്ടതല്ല.

**Sri. P. Balakrishnan Tampi:** Sir, On a point of order. The honourable member said that he may be saved from some people. That is not the way in which honourable member should refer to another honourable member. He should say: Please save me from the attention of these Hon'ble members'.

മിസ്റ്റർ സ്പീക്കർ : കുട്ടികളുടെ എണ്ണത്തെപ്പററി ചോദിച്ചതു് സംബന്ധിച്ചാണോ?

**Sri. P. Balakrishnan Tampi :** He referred to us as "the people here". He ought not have said like that.

**Mr. Speaker :** That is not the right manner of reference about the Hon'ble members. Members should be referred to as "Hon'ble Members'.

**Sri. A. P. Udayabhanu :** I am sorry, Sir.

ലോകത്തിലെ ജനസംഖ്യ വർഷംതോറും രണ്ടുകോടി വീതം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് കാണുന്നതു്. ഇൻഡ്യയിൽ ൫൦ ലക്ഷം ജനങ്ങൾ ആണ്ടുതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നു കാണുന്നുണ്ട്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ൧·൯൫ ശതമാനമാണ് ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുന്നതു്. ലോകത്തായാലും ഇൻഡ്യയിലായാലും നമ്മുടെ സംസ്ഥാനത്തിലായാലും ഇങ്ങനെ ജനസംഖ്യ വർദ്ധിച്ചുകൊണ്ടുവരുന്നതു് ആകപ്പാടെ ജനങ്ങളുടെ ക്ഷേമസൗകര്യങ്ങൾക്കും മററും വലിയ വിഷമമുള്ള ഇക്കാലത്തു് ആപൽക്കരമാണെന്നാണ് എനിക്ക പറയുവാനുള്ളതു്. നമ്മുടെ ഭൂമിയുടെ കാര്യമാണെങ്കിൽ അതു് ജനസംഖ്യയുടെ വർദ്ധനവനുസരിച്ചു വർദ്ധിക്കുന്നില്ല. ഈ നിലയിൽ ജനസംഖ്യയെ നിയന്ത്രിക്കേണ്ടതു് അത്യാവശ്യമാണ്.

[Sri. A. P. Udayabhanu]

തിരുവിതാംകൂർ സംസ്ഥാനത്തിലെ ജനസംഖ്യ കഴിഞ്ഞ ൫൦ വർഷം കൊണ്ടു് ൨൦ ലക്ഷത്തിൽനിന്നും ൬൦ ലക്ഷമായി വർദ്ധിച്ചിരിക്കുന്നു. വിസ്തീർണ്ണം ൭,൬൦൨ ചതുരശ്രമൈലിൽനിന്നും വർദ്ധിക്കുന്നില്ല. ഇതിനെ കാണിക്കാനാണു് ഞാൻ മുൻപു പറഞ്ഞ കണക്കുകൾ ഉദ്ധരിച്ചതു്. ഈ പ്രശ്നമാണു് മനുഷ്യനു് ഇന്നു് അഭിമുഖീകരിക്കാനുള്ളതു്, അല്ലാതെ യുദ്ധമല്ല എന്നാണു് പ്രൊഫസർ ആൽഡസ് ഹക്സ്ലി അഭിപ്രായപ്പെട്ടിട്ടുള്ളതു്. അതായതു് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നമുക്കു അഭിമുഖീകരിക്കേണ്ട വലിയ വിപത്തു മഹായുദ്ധമല്ല, വളർന്നുവരുന്ന ജനസംഖ്യയാണു്. കഴിഞ്ഞ ഡിസംബർമാസത്തിൽ ലണ്ടനിൽനിന്നു ബി. ബി. സി. യിൽ കൂടി പ്രസിദ്ധ ശാസ്ത്രജ്ഞനായ ബർറാൺഡ് റസ്സൽ ഒരു പ്രക്ഷേപണം നടത്തി. അതിൽ ലോകത്തിലെ ജനസംഖ്യ നിയന്ത്രിക്കേണ്ടതു് വളരെ അത്യാവശ്യമാണെന്നു് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. അതുപോലെതന്നെ മഹാശാസ്ത്രജ്ഞനായ എയിൻസ്റ്റിൻ അഭിപ്രായപ്പെട്ടതു് ഏഷ്യയിലെ ജനസംഖ്യ വളരെ അധികമായി വളർന്നുവരുന്നതിനെപ്പററി ഉൽക്കണ്ഠപ്പെടേണ്ട വകയുണ്ടെന്നാണു്. അഹമ്മദബാദിൽവെച്ചു നടന്ന എ. ഐ. സി. സി. യിൽ പണ്ഡിത ജവഹരിലാൽ നെഹ്റു ഇൻഡ്യയുടെ ജീവിതത്തോതു് ഉയർന്നു വരണമെങ്കിൽ രാജ്യത്തിലെ ജനസംഖ്യയും നിയന്ത്രിക്കേണ്ടതാണെന്നു പറഞ്ഞു. മദ്രാസിലെ മന്ത്രിയായ മി. എ. ബി. ഷെട്ടി മദ്രാസിലെ ജനസംഖ്യ വർഷംതോറും ൧.൧ ശതമാനം വർദ്ധിച്ചുകൊണ്ടു വരികയാണെന്നും; അതായതു അഞ്ചരലക്ഷം ആളുകൾ വർഷംതോറും സംസ്ഥാനത്തു വർദ്ധിച്ചുവരികയാണെന്നും അതുകൊണ്ടു് ഗവൺമെൻറിനു് ജനസംഖ്യ വർദ്ധനവു നിയന്ത്രണാധീനമാക്കാൻ സാധിക്കാത്തപക്ഷം ഭക്ഷ്യ വിതരണകാര്യത്തിൽ കുഴപ്പം ഉണ്ടാകുമെന്നും പ്രസ്താവിച്ചിട്ടുണ്ടു്. മാത്രമല്ല ആൾ ഇൻഡ്യാ വിമൻസ് കാൺഫറൻസിൽവച്ചു ലേഡി രാമറാവു അഭിപ്രായപ്പെട്ടതു് ഇൻഡ്യയിലെ സംസ്ഥാനങ്ങളും കേന്ദ്രഗവൺമെൻറുകളും അതാതു സ്ഥലങ്ങളിൽ സന്താനനിയന്ത്രണത്തിനു വേണ്ടി ക്ലിനിക്കുകൾ സ്ഥാപിക്കണമെന്നാണു്. അല്ലാതെ ലോകത്തു പ്രത്യേകിച്ചും ഇൻഡ്യയിൽ വർദ്ധിച്ചുവരുന്ന ഭക്ഷണ പ്രശ്നത്തിനു് പരിഹാരം ഉണ്ടാക്കാൻ സാദ്ധ്യമല്ല. അങ്ങനെ നിരവധി ആളുകളുടെ അഭിപ്രായം ഈ വിഷയത്തിൽ എനിക്കു ചൂണ്ടിക്കാണിക്കുവാൻ സാധിക്കുന്നതാണു്.

സ്ത്രീകളുടെ ആരോഗ്യം, കുട്ടികളുടെ ആരോഗ്യം, രാജ്യത്തെ സാമ്പത്തിക സ്ഥിതി ഇവയെ എല്ലാം അടിസ്ഥാനമാക്കി കേന്ദ്രഗവൺമെൻറും സാംസ്ഥാനിക ഗവൺമെൻറുകളും കുടുംബസംവിധാനത്തിനു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നു ലേഡി രാമറാവു വാദിക്കുകയുണ്ടായി. ഈ കാര്യങ്ങളെ എല്ലാം മുൻനിറുത്തിക്കൊണ്ടാണു് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു്. എന്നുമാത്രമല്ല ഇൻഡ്യയിൽ പണ്ഡിത ജവഹരിലാൽ നെഹ്റു ചെയർമാനായിട്ടുള്ളതും പ്രൊഫസർ കെ. ടി. ഷാ സെക്രട്ടറിയായിട്ടുള്ളതും ആയ നാഷനൽ പ്ലാനിംഗ് കമ്മിററി ജനസംഖ്യയെപ്പററി ഒരു പ്രത്യേക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടു്. അതിൽ രാജ്യത്തെ അടിയന്തിരമായ പ്രശ്നങ്ങളിൽ ഒന്നാണെന്നനിലയിൽ സന്താനനിയന്ത്രണത്തെപ്പററി പ്രതിപാദിച്ചിട്ടുണ്ടു്. അവരുടെ റിപ്പോർട്ട് വായിക്കുന്നതു രസാവഹമായിരിക്കും.

"In the interests of social economy, family happiness, and national planning, family planning and a limitation of children are essential ; and the State should adopt a policy to encourage these. It is desirable ;to lay stress on self-control, as well as to spread knowledge of cheap and safe methods of birth control. Birth control

clinics should be established and other necessary measures taken in this behalf and to prevent the use or advertisement of harmful methods".

In a later Resolution the same Body records :—

" A eugenic programme should include the sterilisation of persons suffering from transmissible diseases of a serious nature, such as insanity or epilepsy".

ഇങ്ങനെ വളരെ ഗൗരവമായിട്ടുള്ള ചർച്ചകൾക്കുംമററും വിധേയമായിട്ടുള്ള ഒന്നാണു് ഇതു്. ഇതൊരു പുതിയ വിഷയമല്ല.

ശ്രീ. കെ. എം. കോര: സന്താനനിയന്ത്രണത്തെ സംബന്ധിച്ചു് മഹാത്മാ ഗാന്ധിയുടെ അഭിപ്രായമെന്താണു്?

ശ്രീ. ഏ. പി. ഉദയഭാനു: മഹാത്മാഗാന്ധിയുടെ അഭിപ്രായം വളർന്നുവരുന്ന ജനസംഖ്യയെ നിയന്ത്രിച്ചു നിറുത്തണമെന്നാണു്.

ശ്രീ. സി. വി. ഇയ്യു: ബഹു. മെമ്പർ ബഹു. മെമ്പറുടെ പിതാവിന്റെ എത്രാമത്തെ സന്താനമാണു്?

**Mr. Speaker:** The member has not yielded.

ശ്രീ. ഏ. പി. ഉദയഭാനു: നാം ഇന്നു് നമ്മുടെ സകല കാര്യങ്ങളിലും പ്ലാനിംഗ് വേണമെന്ന അഭിപ്രായം സ്വീകരിച്ചിരിക്കുകയാണു്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം പ്ലാനിംഗ് ഗവമ്മെന്റ് സ്വീകരിച്ചിട്ടുണ്ടു്. പ്ലാനിംഗിനെ സംബന്ധിച്ചുള്ള തത്വം എല്ലാ രാജ്യക്കാരും സ്വീകരിച്ചിട്ടുണ്ടു്. നമ്മുടെ വനങ്ങൾ മുതലായവയിൽനിന്നു കിട്ടുന്ന വിഭവങ്ങളെ എങ്ങനെയാണു് നാം ഉപയോഗിക്കേണ്ടതു് എന്നതിനെപ്പററി നാം ചർച്ച നടത്തിയിട്ടുണ്ടു്. പ്ലാനിംഗിന്റെ കാര്യത്തെപ്പററിയാണെങ്കിൽ ഈ വിഭവങ്ങളെല്ലാം എങ്ങനെയാണു് വിനിയോഗിക്കേണ്ടതു് എന്നുള്ള കാര്യത്തെപ്പററി നാം ആലോചിക്കുന്നതിനുമുമ്പു് അതിന്റെ അളവിനേയും മററും പററി സൂക്ഷ്മമായറിഞ്ഞതിനുശേഷമാണു് അങ്ങിനെ ചെയ്യുന്നതു്. നമുക്കു് എത്രമാത്രം വിഭവങ്ങൾ ഉണ്ടോ അതിനുതക്കവണ്ണം വേണം വിതരണത്തിനു ഒരുങ്ങേണ്ടതു്. ഏതെങ്കിലും ഒരു ഫങ്ഷനു് ഒരുക്കങ്ങൾ ചെയ്യുന്നതിനുമുമ്പുതന്നെ ആ ഫങ്ഷനു് എത്ര ആളുകൾ വരും എന്നറിയേണ്ടിയിരിക്കുന്നു. ആ ഫങ്ഷനു് വരുമെന്നോ വരുകയില്ലെന്നോ ഉള്ളതിനു് ആർ. എസ്സ്. വി. പി. ചേർത്താണു് എഴുത്തു് കൊടുക്കുന്നതു്. അതിനനുസരിച്ചാണു് നാം വിഭവങ്ങൾ തയ്യാറാക്കുന്നതു്. ക്ഷണിച്ചുവരുന്നവർക്കനുസരിച്ചു വിഭവം തയ്യാറാക്കുന്നു. വിഭവം കുറവെങ്കിൽ വിഭവത്തിനുതക്കവിധം ആളെ ക്ഷണിക്കുന്നു. നാം കൂടുതൽ ആളുകളെ ക്ഷണിക്കുന്നതു് നമ്മുടെ രാജ്യത്തിലെ വിഭവങ്ങളെ തിട്ടപ്പെടുത്തിയിട്ടു വേണം. അതുകൊണ്ടു് ഇതുസംബന്ധിച്ചു് ഒരു പ്ലാനിംഗ് ഉണ്ടാകുന്നതു് നന്നായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് നാം ആലോചിക്കാനുള്ളതു് ഒരു കുടുംബത്തിൽ എത്ര വരെ ആളുകൾ ആകാം എന്നു നാം നിശ്ചയിക്കണം. എന്നാൽ ചില ആളുകൾ ഇപ്പോൾ, അതായതു് ഈ വാദം ഉന്നയിക്കുമ്പോൾ പറയുന്നതു് ഇങ്ങനെ സംവിധാനം ചെയ്യുമ്പോൾ ഈശ്വരേച്ഛക്കു് വിരുദ്ധമായിട്ടു പ്രവത്തിക്കുകയാണു് എന്നാണു്. പ്രത്യേകിച്ചും ഈശ്വരഭക്തന്മാർ എന്നുപറയുന്ന ആളുകളാണു് ഇതു് പുറപ്പെടുവിച്ചിട്ടുള്ളതു്. അതിനെപ്പററി എനിക്കു ചോദിക്കുവാനുള്ളതു് ജനങ്ങളുടെയിടയിൽ മലേറിയാപരത്തി വളരെയധികം ആളുകളെ കൊന്നൊടുക്കാനായി ഈശ്വരൻ സൃഷ്ടിച്ചുവിട്ടിരിക്കുന്ന കൊതുകുകളെ കൊല്ലുന്നതു് ദൈവേഷ്ടത്തിനു വിരുദ്ധമല്ലേ എന്നാണു്. അതുപോലെതന്നെ വസൂരി മുതലായ രോഗങ്ങളെ നശിപ്പിക്കുന്നതിനുള്ള സംരംഭങ്ങളും ഈശ്വരേച്ഛക്കു വിരു

[Sri. A. P. Udayabhanu]

ധമല്ലേ? ചിലരുടെ വയററിൽകിടന്നു കഴപ്പുമുണ്ടാക്കുന്ന അപ്പൻഡിസ് എടുത്തുകളയുന്നതും ഈശ്വരേച്ഛക്ക് വിരുദ്ധമല്ലേ? എന്നാൽ പകർച്ച വ്യാധികൾവന്നു ജനങ്ങൾ മരിക്കുന്നതിലേക്ക് നാം അനുവദിക്കുന്നില്ല. പകർച്ചവ്യാധികളെ നിയന്ത്രിച്ച് മനുഷ്യരുടെ മരണ നിരക്കു കുറക്കാനാണു നാം ശ്രമിക്കുന്നതു്. അങ്ങനെ മരണ നിരക്കു കുറക്കാൻ ഈശ്വരേച്ഛക്കു വിരുദ്ധമായി നാം ശ്രമിക്കുമ്പോൾ ജനന നിരക്കിനെ സംബന്ധിച്ചിടത്തോളം അലസമായിരിക്കാൻ പാടില്ലെന്നാണു ഞാൻ പറയുന്നതു്. ജനന നിരക്ക് ഈശ്വരേച്ഛക്കു വിടുകയാണെങ്കിൽ മററു കാര്യങ്ങളും ഈശ്വരേച്ഛക്കുതന്നെ വിടണം. സുഖക്കേടുകൾ വരുമ്പോൾ രോഗശമനത്തിനായി മരുന്നു കൊടുക്കുന്നതും ഈശ്വരേച്ഛക്കു വിരുദ്ധമാകുന്നതാണ്. അങ്ങനെ എല്ലാ കാര്യത്തിലും ഈശ്വരേച്ഛക്കു വിരുദ്ധമായി പ്രവർത്തിക്കുമ്പോൾ ഈ കാര്യത്തിൽമാത്രം അങ്ങനെ പ്രവർത്തിക്കാതിരിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല. ചില കമ്യൂണിസ്ററ അനുഭാവികളായ സ്നേഹിതന്മാർ ഇതിനെപ്പററി എതിരായി സംസാരിച്ചു കേട്ടിട്ടുണ്ട്. ഇന്നു റഷ്യയിൽ ജനന നിയന്ത്രണം അനുവദിച്ചിട്ടില്ല. എന്നാൽ ആദ്യകാലത്തു ജനന നിയന്ത്രണം മാത്രമല്ല അബാർഷൻപോലും അവിടെ ഏർപ്പെടുത്തിയിരുന്നു. ഇന്നു അവിടത്തെ പ്ലാനിങ്ങിൻെറ ഫലമായി അതു് എടുത്തു കളയാൻ സാധിച്ചിട്ടുണ്ട്. വളരെ കൂടുതൽ ആളുകളെ ക്ഷണിക്കാൻ തക്കവണ്ണം അവർക്കു ഇപ്പോൾ വിഭവങ്ങൾ സമ്പാദിക്കാൻ കഴിഞ്ഞിട്ടുണ്ട്. നമുക്കും നമ്മുടെ പ്ലാനിങ്ങിൻെറ ഫലമായിട്ട് അങ്ങനെ ഒരവസ്ഥ സിദ്ധിക്കുമെങ്കിൽ അവർ ചെയ്തതുപോലെ ചെയ്യാം. അങ്ങനെ ഒരു പരിതഃസ്ഥിതിയിൽ എത്തിച്ചേരുന്നതുവരെ നമുക്ക് നമ്മുടെ ദാരിദ്ര്യത്തിൽനിന്നും വിമുക്തി നേടുന്നതിന് ഈ സമ്പ്രദായം കൊണ്ടുവരേണ്ടതു് ആവശ്യമാണ്. ഇന്നു യുദ്ധത്തിനുവേണ്ടി റഷ്യയിലും അതുപോലുള്ള രാജ്യങ്ങളിലും വളരെയാളുകൾ ആവശ്യമായിരിക്കും. നമ്മുടെ രാജ്യത്തെപ്പോലുള്ള രാജ്യങ്ങളിൽ ധാരാളം ആളുകൾ ഉണ്ടായിരുന്നാൽ ദുരിതം വർദ്ധിക്കയും അങ്ങിനെ അവർക്ക് ഉപയോഗിക്കുന്നതിനുള്ള സാഹചര്യം ലഭിക്കയും ചെയ്യേക്കാം. സകലതും പ്ലാനിങ്ങിനെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു രാജ്യത്തിൻെറ ആരാധകർക്ക് എങ്ങനെയാണു ഫാമിലി പ്ലാനിങ്ങിനെ എതിർക്കാൻ കഴിയുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഇന്നു റഷ്യയിലാണെങ്കിൽ ചതുരശ്ര മൈലിന് ൨൦'വ്വ ആളുകൾ മാത്രമെ താമസിക്കുന്നുള്ളു. തിരുവിതാംകൂറിലാണെങ്കിൽ ആയിരത്തോളമാളുകൾ ഒരു ചതുരശ്രമൈലിൽ താമസിക്കുന്നുണ്ടെന്നുള്ള വസ്തുത നമുക്കു വിസ്മരിക്കാൻ പാടില്ല. അമേരിക്കൻ സ്റ്റേററ ഡിപ്പാർട്ട്മെൻെറിൽനിന്നും ൧൯൫൦-ൽ പുറപ്പെടുവിച്ച ഒരു റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു് ൧൯൫൦-ൽ വാസ്തവത്തിൽ ലോകത്തു് ഭക്ഷ്യസാധനങ്ങളുടെ ഉൽപാദനം വർദ്ധിച്ചിട്ടുണ്ടെന്നും എന്നാൽ അങ്ങനെ വർദ്ധിക്കുമ്പോൾ അതിനേക്കാൾ കൂടുതൽ ജനങ്ങളുടെ വർദ്ധനവും ഉണ്ടായിരിക്കുന്നുവെന്നുമാണ്. ൧൯൫൦-ൽ കൂടുതൽ ഭക്ഷ്യസാധനങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ജനവർദ്ധനവുമൂലം ൧൯൩൯-ൽ ഉണ്ടായിരുന്നത്രപോലും ജനങ്ങൾക്ക് ആഹാരം വിതരണം ചെയ്യാൻ സാദ്ധ്യമല്ലായിരുന്നു എന്നുമാണ് ആ റിപ്പോർട്ടിൽ പറയുന്നതു്. ഇൻഡ്യയിലെ ഭക്ഷണകാര്യത്തെപ്പററി ചർച്ച ചെയ്തുകൊണ്ട് സർ. എ. ജെ. എച്ച്. റസൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണ്:—

"The economists who are impressed by the increase of 10% in population accompanied by 8% fall in the food supply do not hesitate to suggest that birth control propagation will be resorted to."

൫൦ ശതമാനം ജനസംഖ്യ വർദ്ധിക്കുമ്പോൾ ൨ ശതമാനം ഭക്ഷ്യോല്പാദനം താഴോട്ടു പോവുകയാണെന്നും അതുകൊണ്ട് ജനനനിയന്ത്രണം ഇല്ലാതെ സാദ്ധ്യമല്ലെന്നുമാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. നാഷനൽ പ്ലാനിങ്ങ് കമ്മിഷൻ പാപ്പുലേഷനെപ്പററി പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണ്.

"The importance of deliberately controlled numbers cannot be exaggerated in a planned economy. In a proper National Budget under a comprehensive plan, the credit side would consist mainly of the man-power and material resources."

"If the population is in excess of this optimum, unemployment and wastage, which could very well have been avoided, would be inevitable. On the other hand, if the available population is below the required optimum, the wastage, or rather loss of potential wealth due to the lack of proper development of available resources,—would be equally significant ; and would injure not only the community concerned, but, indirectly, the whole world."

അതുകൊണ്ട് ഇന്നത്തെ പരിതഃസ്ഥിതിയിൽ നമ്മുടെ ജനസംഖ്യ താഴ്ത്തിനിറുത്തേണ്ടതാണ് ആവശ്യം. എന്നാൽ മറെറാരു പരിതഃസ്ഥിതിയിൽ ജനസംഖ്യ വർദ്ധിക്കേണ്ട ആവശ്യം നമുക്കുണ്ടായേക്കാം. നാഷനൽ പ്ലാനിങ്ങ് കമ്മിഷന്റെ റെക്കമെൻറേഷൻ ഇതാണ്.

"The practical methods by which knowledge of contraceptive methods could be diffused are.—

(1) The inclusion in all medical colleges in India of courses on contraception

(2) The training of women doctors and nurses all over India in this regard.

(3) The establishment of birth control clinics where supplies should be given free, preferably in connection with maternity, welfare centres, health units and hospitals.

(4) The encouragement of the local manufacture of the material, whether rubber, cotton or chemical, which will be used for the purpose of contraception in order to bring the cost within the reach of the masses.

(5) Propaganda amongst the masses through Municipalities, District Boards and Panchayats in favour of 2-4 years spacing of births and the limitation of the total family to 4 children in India."

ഇതിനെ മദ്രാസ് കാപ്പറേഷൻ ഹെൽത്തു് കമ്മിററി അംഗീകരിച്ചിട്ടുണ്ട്. ബോംബെയിലും അംഗീകരിച്ചിട്ടുണ്ടെന്നാണ് ഞാൻ അറിയുന്നതു്. ജനസംഖ്യ വർദ്ധനവോടുകൂടി നാം കാണുന്ന മറെറാരു സംഗതി അതിനനുസരണമായി മരണവും വർദ്ധിക്കുന്നുവെന്നുള്ളതാണ്. ധാരാളമായി കുട്ടികളുടെ ജനനത്തിന്റെ ശതമാനം വർദ്ധിക്കുന്നതോടുകൂടി കുട്ടികളുടെ മരണത്തിന്റെ ശതമാനവും വർദ്ധിച്ചുവരികയാണ്. അതിൽനിന്നും ജനങ്ങളുടെ ആരോഗ്യം എത്രമാത്രം വ്യത്ഥമായിപ്പോകുന്നു എന്നു കാണാൻ കഴിയും.

തിരുവനന്തപുരം നഗരത്തിലെ ജനനനിരക്ക് ൨൧·൩൬ ആണെങ്കിൽ ശിശുമരണനിരക്ക് ൬൬·൨൪ ആണ് കൊച്ചിയിൽ ജനനനിരക്ക ൫൩·൬൩ ആയിരിക്കുമ്പോൾ ശിശുമരണനിരക്ക് ൪൧·൩ ൧ ആകുന്നു. ഇൻഡ്യയിൽ വഷത്തിൽ ൫൩·൬ ലക്ഷം അബോഷൻ ഉണ്ടാകുന്നുണ്ട്.

<u>ശ്രീ. ഏ. താണുപിള്ള :</u> ഈ കണക്കു മുഴുവൻ ശരിയാണെങ്കിൽ ജനസംഖ്യ വർദ്ധിക്കുന്നതു് എങ്ങിനെയാണ് ?

<u>ശ്രീ. ഏ. പി. ഉദയഭാനു :</u> ഇൻഡ്യയിൽ ആകമാനം വഷംതോറും ൫൦ ശതമാനമാണ് ഗർഭഛിദ്രമുണ്ടാകുന്നതെന്നു കാണാൻ കഴിയും. ഇതിൽനിന്നും

[Sri. A. P. Udayabhanu]

സ്ത്രീകളുടെ ആരോഗ്യം എത്രമാത്രം ക്ഷയിക്കുന്നു എന്നും നമുക്കു മനസ്സിലാക്കാൻ സാധിക്കും. അങ്ങനെ മനുഷ്യസ്നേഹത്തിന്റെ പേരിൽതന്നെ നാം ജനനനിയന്ത്രണം വരുത്തേണ്ടതു് ആവശ്യമാണു്. ജനനവർദ്ധനവിനു കാരണമായി പറയുന്ന ഒന്നു് താഴ്ന്ന തോതിലുള്ള ജീവിതമാണു്. കൂടാതെ താഴ്ന്ന നിരക്കിലുള്ള വിവാഹപ്രായവും അതിനൊരു കാരണമായി പറയുന്നുണ്ടു്. ആലോചിക്കേണ്ട വലുതായ ഒരു പ്രശ്നമാണു് അതു്. അതിനു ഹെൽത്തു മിനിസ്റ്റർ ശ്രീ രാജകുമാരി അമൃതകൗർ പറയുന്നതു് വിവാഹപ്രായം കൂട്ടണമെന്നാണു്. വിവാഹപ്രായം ൨൦ വയസ്സാക്കിയാൽ കൂടുതൽ കുട്ടികൾ ജനിക്കുകയും ജീവിക്കുകയുമാണു് ചെയ്യുന്നതു്. എന്നാൽ സ്ത്രീകളുടെ വിവാഹപ്രായം ൨൫ ആയി ക്ലിപ്തപ്പെടുത്തുകയാണെങ്കിൽ കുട്ടികൾ കുറയും. പക്ഷെ അങ്ങനെ വയസ്സു് നീട്ടിക്കൊണ്ടുപോകുന്നതു് നല്ലതാണെന്നു എനിക്കു തോന്നുന്നില്ല. പ്രായക്കൂടുതലായതിനുശേഷം വിവാഹം കഴിക്കുകയാണെങ്കിൽ പ്രസവസംബന്ധമായ ചില വൈഷമ്യങ്ങൾക്കു ഇടയാകും. ആ നിലയിൽ അതൊരു പ്രായോഗിക മാർഗ്ഗമല്ലെന്നാണു് എന്റെ അഭിപ്രായം. ജനനം നിയന്ത്രിക്കേണ്ടതു് ആവശ്യമാണെന്നു് എല്ലാവരും അഭിപ്രായപ്പെടുന്നുണ്ടു്. ജനനനിയന്ത്രണത്തിനുവേണ്ടി ആത്മസംയമനവും കാൺട്രസ്പ്ഷൻ മെത്തേഡ്സും പറയുന്നുണ്ടു്. ആത്മസംയമനം സാമാന്യ ജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രായോഗികമല്ല. കൺട്രാസ്പ്ഷൻ മെത്തേഡ്സിനെക്കാൾ ആത്മസംയമനം ആവശ്യമാണു്. എന്നാൽ ഒരു പ്രത്യേക പദ്ധതിയനുസരിച്ചു് ഗവർമ്മെന്റ് അതു് ചെയ്യണമെന്നാണു് നാഷണൽ പ്ലാനിംഗ് കമ്മീഷനും ആൾ ഇൻഡ്യാ വിമൻസ് കാൺഫ്രൻസും ആവശ്യപ്പെട്ടിരിക്കുന്നതു്. സ്റ്റെറിലൈസേഷൻ അമേരിക്കയിൽ ചിലയിടത്തു് അംഗീകരിച്ചിട്ടുണ്ടു്. ബർത്തുകൺട്രോൾ നവീനമായ ഒരു കണ്ടുപിടിത്തമൊന്നുമല്ല. ചരിത്രാതീതകാലംമുതൽ നിലനില്ക്കുന്ന ഒരു സംഗതിയാണതു്. ഗ്രീസിലെ പല ഉന്നതന്മാരായ വ്യക്തികളും അവരുടെ ലേഖനങ്ങളിൽ ഇതിനെപ്പററി പ്രതിപാദിച്ചിരിക്കുന്നതായി കാണാൻ കഴിയും. ഇൻഡ്യയിലെ സംസ്കൃതഗ്രന്ഥങ്ങളിലും ഈ വിഷയത്തെപ്പററി പ്രസ്താവിച്ചിട്ടുണ്ടു്. ൧൧-ാം ശതകത്തിൽ അറബിവൈദ്യശാസ്ത്രജ്ഞന്മാർ ഇതു കൈകാര്യം ചെയ്തിട്ടുള്ളതു കാണാം. എന്നാൽ ഇതുസംബന്ധമായി ശരിയായ ജ്ഞാനമില്ലാതിരുന്നതുകൊണ്ടു കഴിഞ്ഞ കാലങ്ങളിൽ വളരെ ക്രൂരമായ മാർഗ്ഗങ്ങളാണു് ജനനനിയന്ത്രണത്തിനു് അംഗീകരിച്ചിരുന്നതു്. കുട്ടികളെ കൊല്ലുന്ന ഒരു മാർഗ്ഗമായിരുന്നു അന്നു് അംഗീകരിച്ചിരുന്നതു്. ഞാൻ വായിച്ച ഗ്രന്ഥങ്ങളിൽനിന്നും മനസ്സിലാകുന്നതു് ഇന്നും നാം അറിയുന്നതിനേക്കാൾ വളരെയധികം ക്രൂരമായ നിലയിൽ ഗർഭനിവാരണത്തിനു് പലതും ഇന്നു നടന്നുകൊണ്ടിരിക്കുന്നുവെന്നാണു്. നാം അറിയുന്നതിനേക്കാൾ ക്രൂരമായ മാർഗ്ഗങ്ങൾ ഇന്നു നിലവിലിരിക്കുന്നുണ്ടു്. ആരോഗ്യമുള്ള കുഞ്ഞുങ്ങൾ ഉണ്ടാകണമെങ്കിൽ മാതൃത്വം സ്വയമേവ ബോധപൂർവ്വം ഏറെറടുക്കേണ്ടതാണു്. കുട്ടികളുടെ ജനനം യാദൃച്ഛികമായ ഒരു സംഭവമാകരുതു്. ബോധപൂർവ്വമെടുക്കുന്ന ഒരു സംഗതിയായിരിക്കണം. അങ്ങനെ മാതൃത്വത്തിനെ മഹനീയമായ ഒരു നിലയിലേക്കു് ഉയർത്തുന്നതിനും സന്താനജനനം രാജ്യത്തിനും കുടുംബത്തിനും ആഹ്ളാദകരമായ ഒരു സംഗതിയായിത്തീരുന്നതിനും ഇതുകൊണ്ടു സാധിക്കും. അതാണു് ഈ പ്രമേയത്തിനു് അടിസ്ഥാനമായിരിക്കുന്നതു്. ഒരു ലഘുവായ സംഗതിയല്ല ഞാൻ കൈകാര്യം ചെയ്യുന്നതു്. മഹനീയമായ നിലയിൽ മാതൃത്വത്തേയും പിതൃത്വത്തേയും സന്താനോല്പാദനത്തേയും ഉയർത്തി രാജ്യത്തിനു് അഭിമാനകരവും ശ്രേയസ്കരവുമായ വിധത്തിൽ ജനസംഖ്യ പുലർത്തിക്കൊണ്ടുപോയി രാജ്യ

ത്തെ സംതൃപ്തരായ ഒരു നിലയിൽ ആക്കിത്തീർക്കണമെന്നാണ് ഞാൻ ഈ പ്രമേയംകൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്നത്തെ നമ്മുടെ ഭക്ഷ്യനിലയേയും മററും പരിഗണിച്ചാൽ നമ്മുടെ ജനസംഖ്യ നിയന്ത്രിക്കാതെ സാദ്ധ്യമല്ല. നമ്മുടെ രാജ്യത്തെ ജീവിതത്തോത് ഉയർത്തുന്നതിനും ജനസംഖ്യ നിയന്ത്രിക്കാതെ സാധിക്കുകയില്ല. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയം സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

**Sri. P. Balakrishnan Tampi**: Sir, I have very great pleasure in seconding the highly important resolution so ably moved by my hon'ble friend, Mr. Udayabhanu. In this connection, I have to confess that I am in a rather embarrassing position in the matter of supporting this motion. I have attended Saturday revivalist meetings of the Salvation Army and there I have heard people coming forward and speaking in a confessional strain about their failures. It is in some apolagetic way that I heard that the sixteenth addition to my family was made yesterday at the Women and Children's Hospital. That young lusty fellow may be irrelevant to the discussion here.

**Sri. A. Thanu Pillai**: Is it of the first generation or of the second generation?

**Sri. P. Balakrishnan Tampi**: I am not unaware of the mild rebuke administered by my friend in regard to the level of discussion that must be upheld, because in a discussion of this kind, which must be of a scientific nature, it is very easy to poke cheap fun; and it would be very embarrassing in a composite House like this to start a discussion on this unless the Speaker very consciously restrains himself or resists the temptation to crack a joke at the expense of decency. Sir, it is a platitude known to all that the increase of population is becoming a menace all over the East, in China, in India in Japan. I have heard some scientists say that the fecundity of these races have something to do with their diet. After all eugenics is a growth of the last fifty years. Eugenics, in fact, has not yet come to the stage when it could be called a science, yet eugenical thought has helped us to clarify the issues and understand the matter in its economic implications. As Mr. Udayabhanu rightly said and impressed us with figures, we do not know what is going to happen in future. Unconfirmed reports say that the last census revealed an increase of population of 25 per cent. and where will we be after fifty years, with all these food subsidies and the Central grants and all that? It is not a counsel of despair; yet I believe that unless the national policy-or I should correct myself and say that unless international policy—changes and free emigration is allowed to us to other tropical and sub-tropical regions of the world especially in South America or Africa and that highland there, the big continent which was once occupied by a once-not-very reputable people, but now the most modern people, I mean the Australians; unless restrictions on emigration are removed, unless there is State assistance in colonisation and emigration, we are not going solve the problem. The Government of India, I donot think, can solve the problem unless very near the millenium, our one world aspiration fructifies itself in international reality. But all the same, I think, as some Americans said—as distinguished from the Federal Government—we can also solve the question by clinical advice and clinical help. I am not unaware of the fear that is in the minds of certain groups, religious groups; I know that there are certain religious groups who think that it is a sin against God and man to do anything which would stand in the way of the natural growth of population. But even they have no objection—in fact they endorse—to the method suggested by the great leader. But that is an approach from the ethical point of view from the point of view of self-control and all that. That, unfortunately, is not a very realistic approach. Highly cultured and highly evolved

[Sri P. Balakrishnan Tampi]

types of humanity will perhaps be able to impose upon themselves the moral restriction which Mahatma might have seen, but in the world of the common man it is well nigh impossible. I am not unaware of the great controversy that once raged in the public Press some twenty or twenty-five years ago between Betrand Russel and G. K. Chesterton and Hilaire Belloc. In the matter of sterilisation one comes to the old way of having much to say on both sides of the question.

**Sri. C. V. Iyyu :** May I know when the Hon'ble Mr. Tampi began to have this opinion in favour of birth control?

**Sri. P. Balakrishnan Tampi :** Frivolity apart, a man feels a moral coward in his own house when he sees a multiplicity of children. In this connection, I am reminded of Justice Kamesam. He was the greatest protagonist of the birth control movement in Madras at that time. At that time, it was considered a sin. Now I am very proud to think that this House is doing such a modern thing as discussing this subject at the proper level. Some thirty years ago, it was thought an obscene thing, at a time when etiquette demanded that you should not even speak about your dress—

**Sri. C. V. Iyyu :** Just a word—

**Mr. Speaker:** The Member's questions and observations are assuming the form of a discussion.

**Sri. C. V. Iyyu:** He is yielding, Sir.

**Mr. Speaker:** The Member is not allowed to proceed with any observation or statement at this stage.

**Sri. P. Balakrishnan Tampi :** Therefore we can start in that line suggested here, by making available to the people ample clinical aid. This is a new subject we have all been great religionists and long used to looking upon this problem as a natural phenomenon. But it is certainly time that Government, by means of propaganda, in schools and colleges and elsewhere, through social agencies, impress upon the people the necessity of decreasing population. I do not wish to detain the House by speaking such commonplace economic theories like decreasing returns etc. Every school boy knows those things. The only requisite is that a correct lead should come from the Government, from the social agencies, so that this might become a live issue in the land. We must give up the habit of regarding children as mere physiological bye-products. We must impress upon every man that he has not merely a legal but a moral responsibility not only unto himself but unto the society. It is the greatest liability to the nation, as Mr. Udayabhanu said. It may be very ironical indeed that a person like myself should be speaking about decreasing population and my friend in the Treasury Benches speaking against it. It is one of the ironies of public life, (Laughter.) that we are compelled to take up certain attitudes in regard to important public questions as the one under discussion on the floor of the House. I am decidedly of the view that a good start should be made, if possible from this year, by the Government coming to the Legislature for supplementary grants for introducing all the latest improvements in that line which could be got from advanced countries like America. With these words, I very very warmly support the resolution and I believe that in so doing, I have not offended the decorum which Mr. Udayabhanu gently hinded at.

ശ്രീ. സി. വി. ഇയ്യു: ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. എന്റെ സ്നേഹിതൻ ശ്രീ. ഉദയഭാനുവിന്റെ ജനന നിയന്ത്രണ പ്രസ്ഥാനം ഒരു രണ്ടോ നാലോ ദശാബ്ദങ്ങൾക്കുമുമ്പ് ഇവിടെ നടപ്പിൽ വന്നിരുന്നു എങ്കിൽ ഭാവിയിൽ മന്ത്രിയാകുന്നതിനുപോലും ഇടയുള്ള എന്റെ സ്നേഹിതൻ ഈ സ്റ്റേറ്റിനു

നഷ്ടപ്പെട്ടുപോകുമായിരുന്നു. ഇന്നു അദ്ദേഹം പ്രസംഗിക്കുന്ന ജനനനിയന്ത്രണത്തെപ്പറ്റി അദ്ദേഹത്തിന്റെ അച്ഛൻ ആലോചിച്ചിരുന്നുവെങ്കിൽ സ്ഥിതി എന്തായിരിക്കുമായിരുന്നു എന്നു് അദ്ദേഹം ആലോചിച്ചിട്ടില്ല. അതുപോലെ തന്നെ ഈ പ്രമേയത്തെ ശക്തിയായി അനുകൂലിച്ചു് പ്രസംഗിച്ച എന്റെ സ്നേഹിതൻ ശ്രീ. ബാലകൃഷ്ണൻ തമ്പിക്കും ഇക്കാര്യത്തിൽ അത്രവളരെ ആത്മാർത്ഥതയൊന്നുമില്ലെന്നു എനിക്കറിയാം. ഈ പ്രസ്ഥാനം നടപ്പിൽ വന്നാൽ ലോകത്തിനു പൊതുവെതന്നെ വളരെ കുഴപ്പങ്ങൾ ഉണ്ടാകുന്നതാണെന്നാണു് എന്റെ അഭിപ്രായം. മി. ഉദയഭാനുവിനു ഇപ്പോഴുള്ള ആറു സന്താനം എന്ന ഒരു ക്ലിപ്തം വച്ചിട്ടു് കഴിഞ്ഞാൽ ജനന നിയന്ത്രണം നടപ്പിൽ വരുത്തണമെന്നായിരിക്കാം മി. ഭാനു ഉദ്ദേശിക്കുന്നതു്. ആറാമത്തെ സന്താനം കഴിഞ്ഞാൽപിന്നെ ജനന നിയന്ത്രണം വരുത്തണമെന്നു വയ്ക്കുക. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ ലോകത്തിനു് ഒരു ഡാക്ടർ രവീന്ദ്രനാഥടാഗൂറിനെ ലഭിക്കുകയില്ലായിരുന്നു. എന്തെന്നാൽ അദ്ദേഹം അദ്ദേഹത്തിന്റെ അച്ഛന്റെ എഴാമത്തെ മകനോ മറ്റോ ആണു്. അതുപോലെതന്നെ ഒരു സുഭാഷചന്ദ്രബോസോ, ഒരു സർ വാൾട്ടർ സ്കോട്ടോ ഈ ലോകത്തുണ്ടാകുമായിരുന്നില്ല. കാരണം അവരെല്ലാം എട്ടാമത്തെയോ ഒൻപതാമത്തെയോ മക്കളാണു്. എന്റെ സ്നേഹിതൻ ശ്രീ. ഉദയഭാനു അദ്ദേഹത്തിന്റെ അച്ഛന്റെ ഒൻപതാമത്തെയോ പത്താമത്തേയോ മകനാണെന്നു തോന്നുന്നു.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: പതിമൂന്നാമത്തേതാണു്.

ശ്രീ. സി. വി. ഇയ്യു: ആറാമത്തേതുകഴിഞ്ഞപ്പോൾ അദ്ദേഹം ജനന നിയന്ത്രണം ആരംഭിച്ചിരുന്നുവെങ്കിൽ ഇന്നു ഇത്ര മിടുക്കനായി ഇവിടെ പ്രസംഗിക്കുന്ന എന്റെ സ്നേഹിതൻ ശ്രീ. ഉദയഭാനു ഉണ്ടാകുമായിരുന്നില്ല. സാധാരണ സ്ത്രീകൾ പ്രായമായി ഒടുവിലൊടുവിൽ ഉണ്ടാകുന്ന സന്താനങ്ങളാണു് പണ്ഡിതന്മാരായും ബുദ്ധിമാന്മാരായും ലോകപ്രശസ്തന്മാരായും തീരുന്നതു്.

ഇതൊന്നുമില്ലെങ്കിൽതന്നെ പ്രകൃതി സന്താനനിയന്ത്രണം നടപ്പിൽ വരുത്തിയിട്ടുണ്ടു്. പ്രകൃതിതന്നെ സന്താനനിയന്ത്രണസംഘടനയിലേക്കു് അംഗങ്ങളാകാൻ അർഹതയുള്ളവരാക്കി തീർത്തിട്ടുള്ള എന്നെപ്പോലുള്ള ആളുകളും ശ്രീ. എ. ജെ. ജോൺ, ശ്രീ. അബ്ദുള്ള, ശ്രീ. ടി. കെ. നായർ, ഡാക്ടർ ജോസഫ് മുതലായവരും ഈ സഭയിൽതന്നെയുണ്ടു്. അങ്ങിനെ പലരേയും പ്രകൃതിതന്നെസൃഷ്ടിച്ചിട്ടുണ്ടു്. കൂടാതെ എന്റെ സഹോദരിമാരായ കുമാരികളായ ആനിമസ്ക്രീൻ, ആനിജോസഫ്, അക്കമ്മചെറിയാൻ മുതലായവരെപ്പോലെ സാമുദായികമോ രാഷ്ട്രീയമോ ആയ പല കാരണങ്ങൾകൊണ്ടും വിവാഹംചെയ്യാൻ സാധിക്കാതെയിരിക്കയാൽ സന്താനരഹിതരായവർ ഉണ്ടു്. അവരോടുള്ള ബഹുമതിക്കു് അശേഷം കുറവുവരാതെതന്നെ ഞാൻ ഇതു പറയുകയാണു്. ഇതിനുംപുറമേ ക്രിസ്ത്യൻസമുദായത്തിലാണെങ്കിൽ കത്തനാരന്മാരായും ബിഷപ്പന്മാരായും സത്യപ്രതിജ്ഞചെയ്തു സന്താനനിയന്ത്രണം പാലിക്കുന്നവരുണ്ടു്. ഇതെല്ലാമായിട്ടും ൨൫ ശതമാനംമാത്രമേ ഇൻഡ്യയിൽ ജനസംഖ്യ വർദ്ധിച്ചിട്ടുള്ളു.

ഇൻഡ്യയിലെ ജനങ്ങൾ ജനനനിയന്ത്രണം സാമാന്യമായി ആരംഭിക്കുകയാണെങ്കിൽ രാജ്യത്തിനുതന്നെ വലിയ ആപത്തായി തീരുമെന്നാണു് എനിക്കു തോന്നുന്നതു്. ഇപ്പോൾതന്നെ ആസ്ത്രേലിയായിലും ആഫ്രിക്കായിലും മററും നമ്മുടെ ആളുകളെ അന്തർദ്ദേശീയ നിയമങ്ങൾ വകവയ്ക്കാതെയോ വകവച്ചുകൊണ്ടോ പുറത്താക്കാൻ ശ്രമിച്ചുകൊണ്ടിരിക്കയാണു്. ഇതിനൊരു പരിഹാരമുണ്ടാകണമെങ്കിൽ ഞാൻ പറയുന്നതു് നമുക്കു ധാരാളം സന്താനങ്ങളുണ്ടാകണ

[Sri. C. V. Iyyu]

മെന്നാണ്. അവർക്കെല്ലാം പട്ടാളപരിശീലനം കൊടുത്തു ആസ്ട്രേലിയായിലേക്ക് മാർച്ചുചെയ്താൽ എന്തുകൊണ്ട് അവർ നമുക്കു കീഴ്‌വഴങ്ങുകയില്ല എന്നു ഞാൻ ചോദിക്കുന്നു. വെള്ളക്കാർ കുടിയേറി പാർക്കുന്നതിനു ഉദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ കറുത്ത ആളുകൾ കയറിക്കളയുമെന്നുള്ള ഭയംകൊണ്ടാണ് വെള്ളക്കാർ സന്താനനിയന്ത്രണത്തിനുവേണ്ടി പ്രചരണം നടത്തുന്നത്. കറുത്ത വർഗ്ഗക്കാർ കുറയുമ്പോൾ ലോകത്തിന്റെ മേൽക്കോയ്മ അവർക്കുതന്നെ എന്നന്നേക്കും വച്ചുകൊണ്ടിരിക്കാൻ കഴിയുമല്ലോ. അതുകൊണ്ടുമാത്രമാണ് വെള്ളക്കാർ കറുത്ത വർഗ്ഗക്കാരുടെയിടയിൽ സന്താനനിയന്ത്രണത്തിനുവേണ്ടി വേണ്ട പ്രചരണങ്ങൾ നടത്തുന്നത്: എന്നുതന്നെയുമല്ല, ലോകത്തു മിടുക്കന്മാരായിവരുന്നത് ഇവിടെ നാം കണ്ടതുപോലെ എട്ടാമത്തേയും പത്താമത്തേയും പതിമൂന്നാമത്തേയും മററും മക്കളാണ്. അതുകൊണ്ട് ആറാമത്തെ സന്താനം കഴിയുമ്പോൾ ജനനനിയന്ത്രണം ഏർപ്പെടുത്തിയാൽ കറുത്ത വർഗ്ഗക്കാരുടെയിടയിൽ ബുദ്ധിയുള്ളവരും സമർത്ഥന്മാരുമായ ആളുകൾ ഉണ്ടാകാനിടയില്ലെന്നു മനസ്സിലാക്കിക്കൊണ്ടുകൂടിയാണ് വെള്ളക്കാർ ഈ പ്രചരണം നടത്തുന്നത്. സമർത്ഥന്മാരുണ്ടാകുമ്പോഴാണല്ലോ അവരുടെ അധീശത്വത്തിനു ഹാനി വരുന്നത്. എന്റെ അഭിപ്രായത്തിൽ ഇങ്ങനെ കറുത്ത വർഗ്ഗക്കാരെ ദ്രോഹിക്കാൻ വെള്ളക്കാർ ചെയ്യുന്ന പല ശ്രമങ്ങളിൽ ഒന്നുമാത്രമാണിത്. റഷ്യയിൽ സന്താനനിയന്ത്രണം നടപ്പിലുണ്ടെന്നു പറയുന്നുണ്ട്. പക്ഷെ ഞാനതു വിശ്വസിക്കുന്നില്ല. സന്താനനിയന്ത്രണം നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിൽ അവർക്ക് ഇത്രയും അധികം പട്ടാളം എവിടെനിന്നുണ്ടായി? മററുള്ള രാജ്യങ്ങളിൽ സന്താനനിയന്ത്രണം നടപ്പിലാക്കി ആളുകൾ കുറയുന്നതിലേക്ക് അവർ ചെയ്യുന്ന ഒരു കള്ളപ്രചരണമാണിത്. എന്റെ അറിവിൽ റഷ്യയിൽ ൧൦-ലധികം പ്രസവിച്ച സ്ത്രീക്ക് റാണി എന്ന സ്ഥാനംപോലും കൊടുക്കുന്നുണ്ട്.

സംഗതികൾ എങ്ങിനെയിരുന്നാലും ഈ മാതിരിയുള്ള പ്രമേയങ്ങൾ ഈ സഭയിൽ അവതരിപ്പിക്കുമ്പോൾ കുറച്ച് സൂക്ഷിക്കേണ്ടതിനു പല കാരണങ്ങളുമുണ്ട്. അനേകം യുവതികളും യുവാക്കന്മാരും ഇവിടെത്തന്നെ ഇതുകേട്ടുകൊണ്ടിരിക്കുന്നുണ്ടായിരിക്കും. കൂടാതെ പത്രങ്ങളിൽ വരുന്നത് ധാരാളംപേർ വായിക്കും. ശ്രീ. ഉദയഭാനുവിനെപ്പോലെയുള്ളവർ പറയുന്നത് അഞ്ചോ ആറോ സന്താനങ്ങൾ കഴിഞ്ഞതിനുശേഷം ഒരു താത്വികമായ അടിസ്ഥാനത്തിൽ സന്താനനിയന്ത്രണം ഏർപ്പെടുത്തണമെന്നാണ്. പക്ഷെ ഇങ്ങനെയുള്ള യുവതീയുവാക്കന്മാരെ സംബന്ധിച്ചിടത്തോളം വിവാഹംതന്നെ ചെയ്യാതിരിക്കാനുള്ള ഒരു പ്രേരണ ഇതുമൂലം ഉണ്ടാകുകയില്ലേ എന്നു ഞാൻ സംശയിക്കുന്നു. സാമ്പത്തികമായ വൈഷമ്യങ്ങൾകൊണ്ടും പലവിധത്തിലുള്ള ജീവിതക്ലേശങ്ങൾകൊണ്ടും ധാരാളം പേർ ഇപ്പോൾതന്നെ അവിവാഹിതരായി കഴിയുന്നുണ്ട്. സാമാന്യമായി ജീവിക്കാനുള്ള ഒരു വരുമാനം കിട്ടുന്നതുവരെ വിവാഹം കഴിക്കാതെ ജീവിക്കണമെന്നു തീരുമാനിച്ചിട്ടുള്ള അനേകം യുവാക്കന്മാരുണ്ട്. അങ്ങിനെയാണെങ്കിൽ നമ്മുടെ അനേകം സ്ത്രീകൾ അവിവാഹിതരായിപ്പോകുന്നതിനും (ഇപ്പോൾതന്നെ അവിവാഹിതരായ യുവതികൾ പല സമുദായത്തിലും ധാരാളം ഉണ്ട്) അടുത്ത തലമുറയിലെ ജനസംഖ്യ വളരെ കുറഞ്ഞുപോകുന്നതിനും ഇടയുണ്ട്. അതുകൊണ്ട് മനുഷ്യസ്വാഭാവികമായ പ്രേരണകൾക്ക് വശംവദരായി ഉണ്ടാകാവുന്ന സന്താനങ്ങളെതന്നെയും ഇല്ലാതാക്കുന്നതിനു പ്രേരകമായിത്തീരുന്ന ഒരു പ്രമേയമാണ് എന്റെ സ്നേഹിതൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നാണ് എന്റെ ബലമായ അഭിപ്രായം. എന്റെ സ്നേഹിതൻ

ശ്രീ. ഉദയഭാനുവിനെപ്പോലെയുള്ള ആളുകളും, ശ്രീ. ബാലകൃഷ്ണൻ തമ്പിയെപ്പോലെ എട്ടും ഒൻപതും മക്കളുള്ള ആളുകളും ഇങ്ങനെ പ്രമേയങ്ങൾ അവതരിപ്പിച്ചു് പ്രസംഗിക്കുന്നതുകേട്ടാൽ കുഞ്ഞുങ്ങളുടെ ഭാരം വഹിച്ചിട്ടാണു് ഇവർ ഇതിനിറങ്ങിയിരിക്കുന്നതെന്നു് ആളുകൾ പറയാനാണു് എളുപ്പം. ഇങ്ങനെ എല്ലാ വിധത്തിലും ഈ മാന്യന്മാർ രാജ്യത്തു ഒരു പുതിയ കുഴപ്പമാണു് ഉണ്ടാക്കിവയ്ക്കാൻ പോകുന്നതു്. മഹാത്മാഗാന്ധി ആത്മസംയമനംകൊണ്ടു് ജനനനിയന്ത്രണം സാധിക്കണമെന്നു് പറഞ്ഞിട്ടുണ്ടു്. പിന്നീടു അദ്ദേഹത്തിന്റെ അഭിപ്രായം മാറിയിട്ടുണ്ടോ എന്നെനിക്കു് നിശ്ചയമില്ല. എല്ലാ മതക്കാരുടെ ഇടയിലും എല്ലാ സമുദായക്കാരുടെ ഇടയിലും 'സന്തത്യർത്ഥം വിവാഹം' എന്ന വിശ്വാസം ഉണ്ടു് ക്രിസ്ത്യാനികളുടെ ഇടയിലാണെങ്കിൽ വിവാഹസമയത്തു സമുദ്രക്കരയിലുള്ള മണൽത്തരികൾ പോലെയും ആകാശത്തിലുള്ള നക്ഷത്രങ്ങൾപോലെയും സന്താനങ്ങൾ ഉണ്ടാകട്ടെ എന്നാണു് അനുഗ്രഹിക്കുന്നതു്. അങ്ങിനെയുള്ള അനുഗ്രഹത്തോടുകൂടി വിവാഹം കഴിച്ചിട്ടുള്ളവരാണു് എന്നെപ്പോലെയുള്ള ആളുകൾ. പ്രകൃതിതന്നെ സന്താനനിയന്ത്രണം ശരിയായി പ്രയോഗത്തിൽ വരുത്തുന്നുണ്ടെന്നാണു് ഇതിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു്.

ശ്രീ. സി. സി. പ്രസദ്: സന്താനനിയന്ത്രണം വേണമെന്നാണോ വേണ്ടെന്നാണോ ബഹു. മെമ്പരുടെ അഭിപ്രായം?

ശ്രീ. സി. വി. ഇയ്യു: സന്താനനിയന്ത്രണം പാടില്ലെന്നു മാത്രമല്ല, ബഹുഭാര്യാത്വവും പതിനാറുവയസ്സിനു മുമ്പുള്ള വിവാഹവും വേണമെന്നുള്ള അഭിപ്രായക്കാരനാണു ഞാൻ. എന്തെന്നാൽ പതിമൂന്നാമത്തേയും പതിനഞ്ചാമത്തേയും മററും മക്കളാണു് വലിയ ബുദ്ധിമാന്മാരായിട്ടുവരുന്നതു്. അങ്ങിനെയുള്ളവരാണു് ചന്ദ്രനിലേക്കും ചൊവ്വായിലേക്കും മററും പോകുന്ന ബുദ്ധിമാന്മാർ. അങ്ങിനെയുള്ള ആളുകളുണ്ടായാൽ എന്റെ സ്നേഹിതൻ ശ്രീ. പ്രസാദിനെപ്പോലുള്ളവർക്കും ഗുണങ്ങളുണ്ടാകും. അദ്ദേഹത്തിനും ആസ്ത്രേലിയായിലേക്കോ ചന്ദ്രനിലേക്കോ ഒക്കെ പോകാൻ സാധിക്കും. ആ സ്ഥിതിക്കു് ഈ പ്രമേയം വളരെ അനുചിതവും ജനങ്ങളുടെ സാന്മാർഗ്ഗികജീവിതത്തിനു വളരെ ദോഷമുണ്ടാക്കുന്നതു് ആണെന്നുള്ളതിനു പുറമേ ലോകത്തിന്റെതന്നെ പൊതുവേയുള്ള പുരോഗതിക്കു്. ഒരു തടസ്സമായിത്തീരാനും ഇടയുണ്ടു്. അതുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ ശക്തിയായി എതിർക്കുന്നു.

**Sri. N. Daniel Jose:** Sir, the honourable member who moved the resolution has brought forward many conclusively convincing facts. Therefore, it will not be necessary to deal at length with facts regarding this subject. Therefore, Sir, I would like to answer a few arguments that have been raised here by my learned friend who was opposing this resolution. I want to submit, Sir, humbly that the approach has been self-contradictory. The honourable member began by saying that if the father of Subash Chandra Bose had stopped at a particular point, then a man like Subash Chandra Bose would not have been born. In the latter part of his speech, he has been kind enough to point out the instance of Mahatma Gandhi who said that population control was necessary but that should be..........

**Sri. C. V. Iyyu:** We do not agree with Mahatma Gandhi.

**Sri. N. Daniel Jose:** All right. Sir, birth control for limiting family is opposed on the ground of morality. Sir, some time back, Dr. John Mathai in Parliament said that birth control would not be in the interests of India because India would not be able to provide sufficient soldiers. I want to ask this question that has been raised by my hon'ble friend also about sending soldiers. After bringing in fresh mouths to be fed........

**Sri. P. Balakrishnan Tampi:** May I ask the hon'ble Member, one question who is more virtuous, a man who married and brought forth children or a man who remains single and always talks of restriction of population? (Laughter)

**Sri. N. Daniel Jose:** In fact, I was coming to that point. In the course of my speech, I believe I will be able to answer that question also. Now, Dr. John Mathai has stated that you should produce more soldiers. That has been reiterated by my hon'ble friend also. I ask this question: after bringing thousands of new mouths into the country, you are unable to feed them, unable to clothe, unable to shelter. and then, send those half-starved thousands and millions of people to the field of battle, is that not essentially an inhuman action? Is it not an inhuman action, an immoral thing? Is that not also against God? Producing more people and then sending them to battle, is that not an essentially immoral thing, and therefore an essentially irreligious attitude? This problem actually arose in Germany. In Germany, it was said that population should be increased. That proceeded on the argument that the Nordic race was the most powerful and the best-developed. Therefore, they argued that the Nordic race should rule the world. Therefore, they wanted to increase the population. The result was that the German State asked for Labensraum—living room—and brought the war. This question has to be fully considered. You say that after bringing in new mouths into the country whom you cannot feed, you want to send them to the field of battle. Is that correct, I ask.

Concerning this question of celibacy, I want to raise one or two arguments. My hon'ble friend pointed out that in Arabia, China and in ancient Greece, there was birth control. That was after the children were born, because there was not sufficient technical knowledge about birth control. Sir, in Europe, birth control was started in a very interesting fashion. I quote this in support of this contention. They glorified celibacy. I am asking this question again: If you glorify celibacy, if you make enough priests and enough nuns, and prevent them from fulfilling the purpose of Nature and of God—are you not preventing men like Subash Chandra Bose from coming into the world? If you go on at that rate, the seventh child might be the best child. Then, if there is promiscuity, if young people are given facilities for producing children, then also there is the possibility of a man like Subash Chandra Bose being produced out of promiscuity. Therefore, Sir, I want to point out that this argument raised on behalf of morality is essentially an immoral argument, because that is an argument against humanity.

In a nutshell, the arguments regarding birth control are advanced by my honourable friend thus: if food production increases at the rate of 2, 4, 6, 8 or 10, then population in the country increases at the rate of 2, 4, 8, 16 and 32, and so on. So, even with the full technical developments in agriculture, even with the best available developments in that field, you cannot produce sufficient food for the rapidly increasing rate of population in this country.

Again, I want to refer in this connection to the argument raised by Raj Kumari Amrit Kaur, who said that self-control was the best method of preventing undue growth of population. If you say that self-control is the best method of preventing the rapid rise in population, then I should say that you have accepted the argument that population should be controlled. Then the argument is whether you should pactise self-control or whether you should resort to clininal methods for bringing down population. Therefore, you accept the essential morality of controlling population in this country. That has been accepted by Raj Kumari Amrit Kaur. That has been accepted by Mahatma Gandhi.

**Sri. Ittiera Ambookan:** She has not said that self-control is a necessity She said it is only an alternative.

**Sri. N. Daniel Jose:** She said it is only an alternative for preventing population. when she said it is only an alternative for preventing population, I want to point out that she hes already accepted the evidence of statisticians that population should be kept down in our country, because as for as this generation is concerned, you can never visualize a point of time whan you can keep food production in a pace with the rapidly advancing increase in population. Therefore, it inevitably means that if there is a great increase of population, there is shortage of food. If there is shortage of food that means there is going to be misery in this country.

The argument was raised that the white people want to rule over eastern countries where population is growing very fast. There also I want to point out that if India is not self-sufficient in her economy, we shall have to pay for it in the international field. It may be in the UNO or it may be in another organization. Indian diplomats can not hold their own if India has to beg for wheat, or beg for rice. Therefore, if India has to hold her own among the nations of the world, it has to see today that it is made self-sufficient. Therefore, it is a matter of absolute and inevitable necessity that population should be controlled in this country. That has been, I believe, accepted by almost all leading statesmen in this country. The question remains whether it should be by self-control or clinical methods of control. I believe that self-control is the best, if it is possible. But it must be remembered in this connection that we are dealing with the masses in our country, the labouring classes who have no other means of diversion. It must also be remembered that in our country, while the labouring classes have no other means of diversion, it means that sex is the only means of diversion and fecundity among the labouring classes is therefore very high. Therefore, if clinical methods could be adopted, it is the best method, and it is inevitable.

If you want to accept the argument that population should be controlled, we have to find out practical methods of controlling it. You cannot argue on the basis of visionary methods. Let those who want to use self-control as a method of keeping down population, use that method. Let them do that. To those, there cannot be any other way. But clinical methods should not be prevented. On the other hand, let them be given all facilities by the State.

Sir, the resolution as worded, is a very harmless resolution. Even a catholic can accept this. If we can accept the argument of morality essentially based on humanity, we can accept it. Moreover, the resolution is not a compulsory one. The resolution does not say that everybody in Travancore shall use clinical methods of birth control. All that the resolution says is that the State may provide facilities for those who are in need of it.

These are some of the arguments that I wanted to place before this hon'ble House in considering this problem. I need not say that this is a verg serious one. This is a serious one affecting the lives of millions of people. All the arguments of sentimental morality and blind faith in what was said hundreds of years before, should not lead us to shirk our re:ponsibility for future generations. I am asking this question, Sir, why the Rorran Catholics are opposing this doctrine. I am asking this question: Did the founder of that religion ever at any time in his period of life, say a word against birth control? He neither said anything for birth control nor against it. Therefore, Sir, even an honest and religious man can make use of this method. I would say that if he believes in God, his argument that this is

[Sri. N. Daniel Jose]

against God or Nature is of no avail. This is a problem which should be viewed objectively. It should be viewed not against the background of sentimental morality. Sir, I plead that this resolution be passed and implemented by the Government in the interests of the people, the country and of the future generations to come.

**Sri. Eapen Arackal**: Listening to speeches that have been delivered, I found that nobody was in a mood to oppose this resolution. Sir, it appears to be a subject over which much difference of opinion exists. As the time at my disposal is presumably short, I want to be brief. I want to make it perfectly clear that the term 'birth control' cannot be considered as offensive to Roman Catholics as Sri. Jose just now said. I should say that birth control under certain conditions—through the agency of artificial contraceptives, is perhaps the most distasteful method of control, and I think this method is tabooed in certain religious sects. I can understand birth control or birth being controlled under restraint proceeding from our own self; Sir, there need not be any argument at all. In view of the present conditions and the increase of the population, if statesmen, if administrators, if those who are responsible for the feeding of the hungry millions say that we must have to restrict the population, I do fully agree with it. But it has been made clear—it has become very clear that it is only in the method resorted to, in controlling birth, that the difference of opinion, that very serious difference of opinion has come in.

Sir, my friend Mr. Udayabhanu was just now mentioning very huge figures to show that we need plenty of everything for every individual inhabitant in this country, and elsewhere if we are allowed to increase and multiply at the rate at which we are now proceeding. Well, that is a fear which has, and will have yet to be translated into practical effect only perhaps in millions of years hence. Even then, I think the law of balance kept up by Nature so carefully, so beautifully, and so wisely under the guidance of some invisible force, will keep everything intact. My very answer to that position of fear mentioned by Mr. Udayabhanu will be a very sure one. We need not very seriously be worried on that score. I just want to point out one aspect of it. The sight of children in the family, their very presence, is a sight which gives mental pleasure and delight and gives a high degree of family delight to each and every one of us. That is a natural craving. There is a delight in the sight of children who are born to us in legal wedlock. Therefore, Sir, I wish to ask those friends why they are very anxious about birth control. Well, how are they going to say how many children one will have, that is, how to fix majority or maximum number of children that a parent or parents shall have? That is the question. I can only say that it may be that a man or a woman, marries and wants to have three or four children and when the strong iron-will of destiny takes a way those children in succession, are they going to be satisfied? Sir, it is all very unsound and uncertain to fix the number of children, admitting that children are a necessity in life, that children are a source of profit and give maximum pleasure and happiness to us. To say that we shall have only so many children and no more than that is equivalant to the fact that we are perhaps groping in the dark when we are uncertain of the future.

Now, Sir, I might say a word on the western inclinations on this matter. It is clear that this birth control movement did not have so much seriousness especially in those early days, though it was referred to by some hon'ble Members that it began as early as in ancient times, before Christ, in Greece, and other countries. But we do not hear very prominently about this movement of those days. The question of birth control has assumed its present dimensions on account of the economic

aspect, on account of the financial aspect—economic difficulties or financial difficulties, which have loomed large in the country. It is here that we might say that the control of birth has become necessary, but it cannot be praised, or considered to be the best method in itself. Birth control movement has advanced—or has to be advanced on account of certain circumstances and conditions that have appeared of late. Mainly because there is the question, the simple question, of feeding hungry mouths, birth control has come to the fore. Therefore, Sir, if that is the reason, if all our statesmen, all our promoters and pioneers in the movement of birth control have been allowed to formulate and to bring into existence this movement solely on this ground, well, Sir, I have only to add that the solution of that problem does not lie in controlling birth. It is not by effecting a change—a revolutionary change —in the social order of the State but by seeking remedies to increase food production and other needs that this problem could be solved. Certain circumstances and certain forces have however come into play and therefore we want that the number of people coming into the world shall be minimized. As Mr. Udayabhanu said, we cannot invite more guests than we can provide for. Sir, I perfectly understand that when a parent finds that he is not in a position to feed more than half a dozen young children, and if the parents are agreed that they shall not bring into existence more than six children and if they can succeed in self-control, nobody has any objection. I think Mahatma Gandhi's advice on birth control was also on these lines, and it was good. I am perfectly in agreement with this method of birth control. But, Sir, when the other question to which I already referred—contraceptives—is considered, I think that contraceptives are to be banned, and I should say that it derogates from the course and law of Nature. There is the wedded life. Wedded life has got certain blessings. Sexual acts associated with wedded life are acts which are ordained. Well, Sir, how is it that these acts which get legality, sanctity, and which lead to pleasure in family life, are condemned outside wedded life? Because, the object of these acts which get sanction in society, which are blessed, and get the patronage from society, is to bring into existence the progeny who are to continue our generation. So, I must think that unless the object is fulfilled and unleses those acts are committed with the sole view of bringing into existence children those acts cannot even fulfil the high ideals which have been given to us for fulfilment by some body from above us. Therefore, Sir, in sexual life in which this object, that is, bringing of children into existence is kept out no body can say that that particular act has got the sanction of society. Hence, Sir, it has to be viewed that bringing into existence of better children can be the only motive on which sexual life can be justified. I have not much time at my disposal and so I may mention a word about Russia as some of my friends had occasion to refer to that country. I remember that Mr. M. N. Roy who was in Russia for a long time spoke at one time that a woman who had given birth to 6 children was styled as queen by the society. If she comes to a dinner all people invariably respect her by standing and bowing before her. Even Marshall Stalin, if he happened to be present, invariably rose in great respect of her because she has contributed 6 young lives to the nation. Again, in Germany and Fascist Italy mothers of many children used to be rewarded by the State.

**Sri. P. Balakrishnan Tampi:** Is my hon. friend aware Hitler welcomed population as cannon fodder?

**Sri. Eapen Arackal:** That may be. I am only just mentioning facts. Hitler and Mussolini really used to congratulate and extend financial aids in the form of pensions and annuities to all those families which possessed a large number of—ten or eleven members. Sir, this is a subject which has created much difference

[Sri. Eapen Arackal]

of opinion. Sir, I wish this topic had not crept up for discussion on the floor of this august House. Whatever we say here would be before public, tomorrow, and read by the masses. I thought that I would be failing in my duty if I did not express my sincere views on this topic, and hence these few words.

ശ്രീ. വി. ഗംഗാധരൻ നായർ. സർ, ഏതാനും വർഷങ്ങൾക്കുമുൻപു് അമേരിക്കയിൽനിന്നും ഒരു മദാമ്മ ഇൻഡ്യയിൽ വന്നിരുന്നു. ആ സ്ത്രീയുടെ പേരു് ഡോഗർ എന്നാണു്. സന്താനനിയന്ത്രണത്തെപ്പററി മഹാത്മാഗാന്ധിജിയുമായി അവർ മൂന്നുനാലുദിവസം സംഭാഷണം നടത്തുകയുണ്ടായി. അങ്ങനെ നടത്തിയ സംഭാഷണത്തിൻെറ ഫലമായിട്ടു് ഗാന്ധിജിയെ അവരുടെ അഭിപ്രായത്തിലേക്കു് പരിവർത്തനം ചെയ്യാൻ കുറെയൊക്കെ സാധിച്ചു എന്നാണു് എനിക്കു് തോന്നുന്നതു്. ഏതായിരുന്നാലും സന്താനനിയന്ത്രണം ആവശ്യമാണെന്നുള്ള അഭിപ്രായം മഹാത്മാഗാന്ധിജിക്കും ഉണ്ടായി. പക്ഷെ അദ്ദേഹം സന്താനനിയന്ത്രണം എന്നുള്ള പദത്തെ സംബന്ധിച്ചിടത്തോളം ചാഞ്ഞുനിന്നതു് കത്തോലിക്കരുടെ പക്ഷത്താണു്. അതായതു് ആദ്ധ്യാത്മികമായ മാറ്റങ്ങളിൽകൂടി സന്താനനിയന്ത്രണം പ്രയോഗമിപ്പിക്കണമെന്നാണു് മഹാത്മജി ഉദ്ദേശിച്ചിരുന്നതു്. സർ, ഇതിൽ എനിക്കു് പറയാനുള്ളതു്, ജനസംഖ്യ ലോകത്തു വർദ്ധിക്കുന്തോറും അദ്ധ്വാനവും വർദ്ധിച്ചുവരും യഥാർത്ഥത്തിൽ അദ്ധ്വാനമാണു് ധനവും സ്വത്തും. എന്നിൽ ഈ വിവരം ധരിച്ചിട്ടില്ലാത്ത ഇൻഡ്യയെപ്പോലുള്ള രാജ്യങ്ങളിൽ ഇന്നത്തെ പരിതസ്ഥിതിയിൽ സന്താനനിയന്ത്രണം വളരെ ആവശ്യമാണു്. ഭാവിയിൽ ഒരുപക്ഷെ അമേരിക്കൻ പ്രസിഡൻറായ ട്രൂമാൻ യുദ്ധങ്ങളെല്ലാം നിറുത്തിവയ്ക്കുകയോ അല്ലെങ്കിൽ അററാമിക്കു് ശക്തി യുദ്ധത്തിനുവേണ്ടി ഉപയോഗിച്ചുതുടങ്ങുമ്പോഴോ ഒരുപക്ഷെ സന്താനനിയന്ത്രണം വളരെ ഗൗരവമല്ലാത്ത ഒരു പ്രശ്നമായിവന്നേക്കാം. എന്നാൽ തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം എൻെറ അഭിപ്രായത്തിൽ സന്താനനിയന്ത്രണം അത്യന്താപേക്ഷിതമാണു്. പക്ഷെ ഗാന്ധിജി അഭിപ്രായപ്പെട്ടതുപോലെ ആദ്ധ്യാത്മികമാറ്റത്തെ പിടിച്ചുനിന്നാൽ സാദ്ധ്യമല്ല. ആ മാറ്റം പ്രായോഗികമാക്കാനും സാധിക്കയില്ല. സന്താനനിയന്ത്രണത്തിനു് ക്ലിനിക്കു് ഏർപ്പെടുത്തി സെക്സു് എഡ്യൂക്കേഷൻതന്നെ കൊടുക്കണം. എന്നാൽ ഇതു് നിയമത്തിൻെറ വ്യവസ്ഥയിൽനിന്നും ഒഴിവാക്കപ്പെടുന്ന ഒരു കാര്യമാണു്. സെക്സു് എഡ്യൂക്കേഷൻ സംബന്ധിച്ചു് നമ്മുടെ സംസ്ഥാനത്തുള്ള യുവതികളും യുവാക്കന്മാരും പഠിക്കാത്തതുകൊണ്ടു് ഈ കാര്യത്തിൽ വളരെ പ്രയാസങ്ങളും വിഷമങ്ങളും അഭിമുഖീകരിക്കേണ്ടതായിട്ടുണ്ടു്. അതുകൊണ്ടു് സന്താനനിയന്ത്രണത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തെ ജനങ്ങൾക്കു് സെക്സു് എഡ്യൂക്കേഷൻ കൊടുത്തു് പ്രായോഗികമാക്കി തീർക്കേണ്ടതാണെന്നു ചൂണ്ടിക്കാണിച്ചുകൊണ്ടു് ശ്രീ. ഉദയഭാനുവിൻെറ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

ശ്രീ. ഇട്ടീര അബൂക്കൻ: സർ, ഇവിടെ ശ്രീ. ഉദയഭാനു അവതരിപ്പിച്ചിട്ടുള്ള നാഷണൽ ഹൌസ് പ്ലാനിംഗ് സംബന്ധിച്ച പ്രമേയത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. എന്നാൽ അതേ അവസരത്തിൽ ആ പദത്തെ സന്താനനിയന്ത്രണത്തിൻെറ അർത്ഥവ്യാപ്തിയിൽ കൊണ്ടുവന്നു ചർച്ചചെയ്തതു് ശരിയാണോ എന്നു് എനിക്കു് തോന്നുന്നില്ല. അദ്ദേഹം ആ അർത്ഥത്തിലായിരിക്കും ഉദ്ദേശിച്ചിരുന്നതു്. കൺട്രോൾ എന്നു പറഞ്ഞാൽ പുറത്തുനിന്നുമുള്ള ഒരു ഏജൻസിയുടെ സഹായം ആവശ്യമാണെന്നു ആ പദത്തിൽതന്നെ അർത്ഥമുണ്ടു്. ബർത്ത് കൺട്രോൾ എന്നുവച്ചാൽ സന്താനനിയന്ത്രണം എന്നാണു് അർത്ഥം.

എന്നാൽ ബ്രഹ്മചര്യത്തിനും സന്താനനിയന്ത്രണത്തിനും തമ്മിലുള്ള അനുഷ്ഠാനങ്ങൾക്ക് വ്യത്യാസമുണ്ട്. ആ വ്യത്യാസത്തെ കണക്കാക്കിയാണ് മഹാത്മാഗാന്ധിജി സന്താനനിയന്ത്രണത്തെ എതിർത്തതും ബ്രഹ്മചര്യത്തെ പിൻതാങ്ങിയതും. സംസ്ഥാനത്തു ഭക്ഷണക്ഷാമം വർദ്ധിച്ചുവരുന്നതുകൊണ്ട് സന്താനനിയന്ത്രണം ഏർപ്പെടുത്തണമെന്നാണ് ഈ പ്രമേയകർത്താവ് ഉദ്ദേശിച്ചിട്ടുള്ളതു്. ഭക്ഷണക്ഷാമം വർദ്ധിക്കുന്നതുകൊണ്ടോ, അല്ലെങ്കിൽ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിക്കാൻ സാധിക്കാത്തതുകൊണ്ടോ ജനസംഖ്യ കുറക്കണമെന്നു പറയുന്നതു് സാദ്ധ്യമുള്ള കാര്യമല്ല. ജനസംഖ്യ കൂടി കൂടി വരുന്നതുകൊണ്ട് അതിനു് തക്കവണ്ണം ഭക്ഷ്യധാന്യങ്ങൾ കൂടുതൽ ഉണ്ടാക്കാനുള്ള ഒരു പരാജിത മനഃസ്ഥിതികൊണ്ട് സന്താനനിയന്ത്രണം ആവശ്യമായിവന്നപ്പോൾ അവർ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിക്കാൻ തുടങ്ങി. അതിന്റെ ഫലമായി ഭക്ഷ്യധാന്യങ്ങൾ അവരുടെ ആവശ്യം കഴിഞ്ഞു അന്യരാജ്യങ്ങളിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു. എന്റെ സ്നേഹിതൻ മി. ഉദയഭാനു പറയുന്നു, റഷ്യയിൽ സന്താനനിയന്ത്രണം ഏർപ്പെടുത്താത്തതു് യുദ്ധത്തിനു് കൂടുതൽ ആളുകളെ ആവശ്യമുള്ളതുകൊണ്ടാണെന്നു്. മറ്റൊരു സ്നേഹിതൻ പറയുന്നു, കുറച്ചുകാലം മുമ്പുതന്നെ ഇൻഡ്യയിൽ സന്താനനിയന്ത്രണം നടപ്പിലാക്കിയിരുന്നുവെങ്കിൽ, സുഭാഷ് ചന്ദ്രബോസ്, മോട്ടിലാൽ നെഹ്റു മുതലായ രാഷ്ട്രീയനേതാക്കന്മാരെ നമുക്കു് കിട്ടുകില്ലായിരുന്നുവെന്നു്. അതേസമയം എനിക്കു് പറയാനുള്ളതു്, ആ കൂട്ടത്തിൽ പല കത്തോലിക്കൻ നേതാക്കന്മാരും പുരോഹിതന്മാരുംകൂടി ഇൻഡ്യക്കു് നഷ്ടപ്പെടുമായിരുന്നുവെന്നാണു്. അങ്ങനെ നോക്കുകയാണെങ്കിൽ സന്താനനിയന്ത്രണം നടപ്പിലാക്കുന്നതുകൊണ്ട് ഇൻഡ്യക്കു് കിട്ടാനുള്ള പല നേതാക്കന്മാരും മേലാൽ നഷ്ടപ്പെടുവാൻ ഇടയുണ്ടെന്നു തെളിയുന്നു. മി. എൻ. ഡി. ജോസ് ഇവിടെ പറയുകയുണ്ടായി സന്താനനിയന്ത്രണത്തെ എതിർത്തുകൊണ്ട് ഇൻഡ്യൻ ധനകാര്യമന്ത്രിയായ ജോൺ മത്തായി പ്രസംഗിക്കുകയും മാത്രമല്ല വർദ്ധമാനമായിരിക്കുന്ന ജനസംഖ്യ കുറക്കുന്നതിനുവേണ്ടി കുറെ അധികം ആളുകളെ യുദ്ധത്തിലേക്ക് അയക്കേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു എന്നു്.

**Sri. N. D. Jose:** Is it possible on a study of statistics that we could produce sufficient food for the increasing population? I think that is the crux of the question.

ശ്രീ. ഇട്ടീര അമ്പൂക്കൻ: അദ്ദേഹത്തിന്റെ ചോദ്യം ശരിയാണു്. ഇന്നത്തെ കോൺഗ്രസ്സ് ഗവൺമെൻറ് ഭക്ഷ്യോല്പാദനത്തെ സംബന്ധിച്ചിടത്തോളം ഈ തോതു് വച്ചുകൊണ്ട് മുൻപോട്ടുപോകുന്നതായാൽ ഒരുകാലത്തും ഇൻഡ്യ സ്വയം പര്യാപ്തമാകാൻ പോകുന്നില്ലായെന്നു എനിക്കു് ഉറപ്പുപറയാൻ കഴിയും. അതുകൊണ്ട് മി. ജോസിന്റെ വാദമുഖവും ശരിയാണെന്നു തോന്നുന്നില്ല. ഭക്ഷ്യകാര്യത്തിൽ ഇൻഡ്യ സ്വയം പര്യാപ്തമാകണമെന്നു മനഃപൂർവ്വമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകിൽ മാത്രമെ സാധിക്കയുള്ളു. ഭക്ഷ്യകാര്യത്തിൽ ഒരുകാലത്തു ഇൻഡ്യ സ്വയം പര്യാപ്തമാകുമെന്നുള്ള ഒരു ശുഭപ്രതീക്ഷയിൽകൂടി നമുക്കു് മുൻപോട്ടുപോകാം. എന്നല്ലാതെ ഭക്ഷണക്ഷാമത്തിന്റെ പേരിൽ ജനനത്തിനെ നശിപ്പിക്കാൻ ഒരുങ്ങുന്നതു് പാപമാണു്. സർ, നമുക്കു് ലോകത്തു ജനിക്കാൻ സാധിച്ചു. നമ്മളും കുറേപ്പേരെ ലോകത്തു ജനിപ്പിച്ചിട്ടുണ്ട്. എന്നാൽ മേലാൽ ജനിക്കരുതെന്നോ ജനിപ്പിക്കരുതെന്നോ പറയുന്നതു ശരിയല്ല. ജനിപ്പിക്കരുതെന്നു പറയുന്നതിനുതന്നെ ഒരു ജീവനെ കൊലചെയ്യുക എന്നുള്ള അർത്ഥമാണു് യഥാർത്ഥത്തിലുള്ളതു്. അതായതു് ജനി

[Sri Ittiera Ambooken]

ക്കാൻ ആഗ്രഹിക്കുന്ന ഒരു ജീവനെ ജനിപ്പിക്കാതിരിക്കുമ്പോൾ ആ ജീവനെ
കൊലചെയ്യുക എന്നുതന്നെയാണു് അർത്ഥം. അങ്ങിനെയുള്ള പ്രവൃത്തി മനു
ഷ്യോചിതമാണെന്നു പറയാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഉല്പാദനത്തെ
ഒരുവിധത്തിലും തടയരുതെന്നാണു് എന്റെ അഭിപ്രായം. സന്താനക്കാരും ആ
ലോചിച്ചിട്ടുണ്ടായിരിക്കണം. എങ്കിലും പ്രായോഗികമായ വൈഷമ്യങ്ങളെ
പ്പററി ചിന്തിച്ചതിന്റെ ഫലമായിട്ടായിരിക്കണം ഒരിടത്തും നടപ്പിൽവരാ
ത്തതു്. സർ, ഗ്രീസിൽ പണ്ടു് സന്താനനിയന്ത്രണം നടപ്പിലാക്കിയിരുന്നു
അതെങ്ങനെയെന്നാൽ ശിശുക്കളെ പ്രസവിക്കാനുള്ള സ്വാതന്ത്ര്യം തടഞ്ഞി
ട്ടില്ല. എന്നാൽ പ്രസവിക്കപ്പെട്ട ശിശുക്കളിൽ നല്ല ശിശുക്കളെ എടുക്കുകയും
ബാക്കിയുള്ളതിനെ കൊല്ലുകയുമാണു് ചെയ്തുവന്നതു്.

*The House adjourned for lunch at 1 p.m. and re-assembled at 2 p.m., with Mr. Speaker in the chair.*

ശ്രീ. ഇട്ടീര അമ്പൂക്കൻ: സർ, ജനസംഖ്യ നിയന്ത്രിക്കേണ്ട ആവശ്യം
ഭക്ഷ്യസാധനങ്ങൾ ഇല്ലാത്തതുകൊണ്ടാണു് എന്ന ഏക കാരണം ചൂണ്ടിക്കാണി
ക്കുവാൻ മാത്രമേ സാധിച്ചിട്ടുള്ളു. എന്നാൽ അതു് ശരിയല്ലെന്നാണു് എനിക്കു
പറയുവാനുള്ളതു്. അടുത്ത കാലത്തു് ശാസ്ത്രജ്ഞന്മാർ തന്നെ ഇതു് തെളിയിച്ചി
ട്ടുണ്ടു്. എന്നു മാത്രമല്ല പ്രകൃതിയിൽതന്നെ ജനസംഖ്യ നിയന്ത്രിക്കുന്നതിനു്
എത്രയോ മാർഗ്ഗങ്ങൾ ഉണ്ടു്. അതിൽ ഒന്നു് യുദ്ധമാണു്; യു. എൻ. ഓ. മുത
ലായ എന്തെല്ലാം സംഘടനകൾ ഉണ്ടാക്കിയാലും ലോകചരിത്രം പരിശോധി
ക്കുകയാണെങ്കിൽ ഇങ്ങനെ ഇടയ്ക്കിടയ്ക്കു് യുദ്ധം ഉണ്ടാകുന്നുണ്ടെന്നു കാണാവുന്ന
താണു്. ഇങ്ങനെ യുദ്ധം ഉണ്ടായിക്കൊണ്ടിരിക്കുകയാണെങ്കിൽ ജനസംഖ്യ
കുറഞ്ഞുവരുമെന്നുള്ളതു് സത്യമാണു്. മറെറാന്നു് ലോകത്തിൽ സാധാരണ പക
ർച്ചവ്യാധികൾ മുതലായവ ഉള്ളതുകൊണ്ടു് അതും ജനസംഖ്യയെ നിയന്ത്രിക്കുന്ന
തിനു് ഒരു കാരണമായിത്തീരുന്നു. മററു പല പ്രകാരത്തിലും ജനസംഖ്യയെ
അഡ്ജസ്റ്റ് ചെയ്യുന്നതിനു് പ്രകൃതിയിൽതന്നെ മാർഗ്ഗങ്ങൾ വേണ്ടുവോളമുണ്ടു്. പ്ര
കൃതിവിരുദ്ധമായി ജനസംഖ്യ നിയന്ത്രിക്കേണ്ട ഒരടിയന്തിരാവസ്ഥ ഇപ്പോൾ
ഉണ്ടെന്നു പറഞ്ഞാൽ കുറെ ആളുകൾ ഒരു പക്ഷെ അതിനെ വിശ്വസിച്ചേക്കാ
മെങ്കിലും ഭൂരിപക്ഷം ആളുകൾ അങ്ങനെ ഒരടിയന്തിരാവസ്ഥ ഉണ്ടാക്കി
ഇങ്ങനെ ഒരു സമിതിശതികൾ ഉണ്ടാക്കണമെന്നു് വിചാരിക്കുമെന്നു തോന്നു
ന്നില്ല. സന്താനനിയന്ത്രണം ആവശ്യമെന്നു പറയുന്നവരുടെ വാദങ്ങൾ തന്നെ
എന്തെല്ലാമെന്നാലോചിക്കേണ്ടതാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ കാര്യത്തിൽ ശാസ്ത്രജ്ഞന്മാരുടെ സഹാ
യങ്ങളെപ്പററി മെമ്പർക്കെന്താണു് പറയുവാനുള്ളതു്?

ശ്രീ. ഇട്ടീര അമ്പൂക്കൻ: ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം പ്രകൃതിവിരുദ്ധ
മായി ജനസംഖ്യ നിയന്ത്രിക്കുന്നതിനു് വിപരീതമാണു്. ചില സ്നേഹിതന്മാർ
അങ്ങനെയുള്ള ഉപകരണങ്ങൾ ഉപയോഗിച്ചു് സന്താനനിയന്ത്രണത്തിനു് ശ്രമി
ച്ചിട്ടുള്ളതായും എന്നാൽ അതുകൊണ്ടു് യാതൊരു പ്രയോജനമില്ലാതെ സന്താന
നിയന്ത്രണത്തിനുവേണ്ടി ശ്രമിച്ചതിനു് നേരെ വിപരീതമായി പ്രകൃതി തെളി
യിച്ചിട്ടുള്ളതായും എനിക്കറിയാം. ഇങ്ങനെ ധാരാളം ഉദാഹരണങ്ങൾ ഉണ്ടു്.
ഈ കാര്യങ്ങൾ ഞാൻ വളരെ അധികം അന്വേഷിച്ചറിയുന്ന ഒരാളാണു്. എ
ന്തായാലും ഇങ്ങനെയുള്ള ഉപകരണങ്ങളുടെ സഹായത്താൽ സന്താനനിയന്ത്രണം
സാധിക്കുന്നു എങ്കിൽതന്നെ അതു് മനുഷ്യന്റെ ആരോഗ്യത്തെ എത്രമാത്രം നശി

പ്പെടുത്തുന്ന എന്നുള്ളതും അതു് നമ്മുടെ ഭാവിതലമുറയിലെ ആളുകളെ എങ്ങനെ ബാധിക്കുമെന്നുള്ളതും നാം ആലോചിക്കേണ്ടതാണു്.

മററൊരു കാര്യം എനിക്കു് പറയുവാനുള്ളതു ലോകത്തിൽ ഇന്നു് സയൻസ് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആററംബോംബു് മുതലായ പുതിയ കണ്ടുപിടിത്തങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ മനുഷ്യന്റെ ജീവനെ നിലനിറുത്താനുള്ള കണ്ടുപിടിത്തങ്ങൾ ഉണ്ടായിട്ടുണ്ടെന്നും നാം മനസ്സിലാക്കേണ്ടതാണു്. ജർമ്മൻ ഭടന്മാർ ചില ഗുളികകൾകൊണ്ടു് പത്തുപതിനഞ്ചു് ദിവസത്തോളം ആഹാരമില്ലാതെ അവരുടെ ജീവൻ നിലനിറുത്തിക്കൊണ്ടുപോയിട്ടുണ്ടെങ്കിൽ തീർച്ചയായും ഇങ്ങനെയുള്ള സയൻസ് കൂടുതൽ കൂടുതൽ പുരോഗമിച്ചുവരുമ്പോൾ ഭക്ഷ്യക്ഷാമം വേണ്ട വിധത്തിൽ പരിഹരിക്കാവുന്നതാണെന്നുള്ള കാര്യം ഞാൻ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവന്നുകൊള്ളുന്നു. ഏതായാലും ഈ സന്താനനിയന്ത്രണകാര്യത്തിൽ ഗവമ്മെന്റ് ഇടപെടേണ്ട ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം. ഇന്നു് ഭരണം നടത്തുന്ന കോൺഗ്രസ്സ് പാർട്ടി എന്തെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അതു് മഹാത്മാഗാന്ധിയുടെ പേരിൽ മാത്രമാണു്. ആ മഹാന്റെ അന്ത്യകാലംവരെ അദ്ദേഹം സന്താനനിയന്ത്രണത്തെ ഒരിക്കലും പിൻതാങ്ങിയിട്ടില്ലെന്നുള്ള പരമാർത്ഥം അവഗണിച്ചുകൊണ്ടു് സ്റ്റെറിലൈസേഷൻ വേണമെന്നു് പറയുന്നതു് കേൾക്കുമ്പോൾ അതിശയമാണുണ്ടാകുന്നതു്. മററു പല കാരണങ്ങളാലും നശിക്കാൻ തുടങ്ങുന്ന കോൺഗ്രസ്സ് ഗവമ്മെന്റ് ഇത്തരം കാര്യങ്ങൾ കൂടി ചെയ്തുകൊണ്ടു് ആ സംഘടനയെ ശക്തിക്കൊത്തവണ്ണം നശിപ്പിക്കാമെന്നാണു് എന്റെ അഭിപ്രായം. എനിക്കു് ഇതാണു് എന്റെ പല ബഹു. സ്നേഹിതന്മാരോടും പറയുവാനുള്ളതു്. അതിനാൽ ഫാമിലി പ്ലാനിംഗിനുള്ള ഈ പ്രമേയത്തെ അതേപടിക്കു് എടുക്കുവാൻ നിവൃത്തിയില്ല. ഇതിൽ പല കാര്യങ്ങളും നോക്കാനുണ്ടു്. ഈ പ്രമേയത്തിൽ ഉൾപ്പെടുന്ന സന്താനനിയന്ത്രണം ഒഴിച്ചു് ബാക്കി കാര്യങ്ങൾ അംഗീകരിക്കാവുന്നതുതന്നെ. അതിനാൽ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ: ഈ സഭയിൽ പല നല്ല സംഗതികളും കൊണ്ടുവരാറുള്ള ശ്രീമാൻ ഉദയഭാനുവിന്റെ പ്രമേയത്തെ എതിർക്കേണ്ടിവന്നതിൽ എനിക്കു് സങ്കടമുണ്ടു്. നിയതിക്കും പ്രകൃതിക്കും സദാചാരങ്ങൾക്കും വിരുദ്ധമാണു് ഈ പ്രമേയം എന്നുള്ളതിനു് സംശയമില്ല. ഈ മാതിരികാര്യങ്ങളിൽ പദ്ധതികൾ ഉണ്ടാക്കുന്നതും യുവാക്കന്മാർക്കു് പ്രോത്സാഹനം നൽകുന്നതും ആ നിലയിൽ രാജ്യത്തിന്റെ അഭിമാനം നശിക്കത്തക്ക സ്ഥിതിയിൽ പ്രവർത്തിക്കുന്നതുമായ ഈമാതിരി കാര്യങ്ങളിൽ ഗവമ്മെന്റ് ഇടപെടരുതു് എന്നാണു എന്റെ അഭിപ്രായം. ഒരു പക്ഷെ ഞാൻ ഇങ്ങനെ പറയുന്നതു് പഴയ ചിന്തകളുടെ ഫലമാണെന്നു് മി. ഉദയഭാനു പരിഹസിച്ചേക്കാം. അദ്ദേഹത്തിന്റെ അമ്മാവനുമൊരുമിച്ചു് ന ൻ വർഷങ്ങൾക്കു മുമ്പു് ശ്രീമൂലം പ്രജാസഭയിൽ ഞാനും ഒരു മെമ്പറായിരുന്നു. അദ്ദേഹം ഈമാതിരി ഉള്ള ഒരു വാദം അന്നു് കൊണ്ടുവന്നിരുന്നു എങ്കിൽ ഇന്നു് മി. ഉദയഭാനുവിന്റെ സ്ഥിതി എന്തായിരിക്കുമായിരുന്നു? മി. ഉദയഭാനു ജനിക്കുകപോലുമില്ലായിരുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ എട്ടാമത്തെ സന്താനമാണു് മി. ഉദയഭാനു. അന്നു് സന്താനനിയന്ത്രണം രാജ്യത്തിൽ കൊണ്ടുവന്നിരുന്നു എങ്കിൽ മി. ഉദയഭാനു ജനിക്കുകയില്ലായിരുന്നു, അതുമൂലം നമ്മുടെ രാജ്യത്തിലെ ഒരു നല്ല പൌരൻ, ഭാരതത്തിലെ തന്നെ ബുദ്ധിമാനും ഉത്തമനുമായ ഒരു പൌരൻ എന്നുള്ള നിലയിൽ മി. ഉദയഭാനുവിനെ നമുക്കു് ലഭിക്കുകയില്ലായിരുന്നു.

[Sri. Thariath Kunjithomman]

ഇന്ന് ഭാരതത്തിലെ സകല രാജ്യങ്ങളിലുംവെച്ച് എല്ലാ കാര്യത്തിലും പ്രഥമസ്ഥാനം അർഹിക്കുന്നത് കേരളവും കേരളീയരുമാണെന്നുള്ള സംഗതി ഞാൻ പ്രത്യേകിച്ച് പറയണമെന്നില്ലല്ലോ. കേരളീയർ ബംഗാളിനെപ്പോലും ചില കാര്യങ്ങളിൽ അതിശയിക്കുന്നുണ്ട്. ഉൽക്കൃഷ്ടമായ ബുദ്ധിശക്തിയും പരിശ്രമശീലവും പ്രകൃതിദത്തമായിട്ടുള്ളവരാണ് കേരളീയർ. അവരെയാണ് നിയമംകൊണ്ട് നിയന്ത്രിക്കണമെന്ന് പറയുന്നത്. ഇതിന്റെ ഫലമെന്തായിരിക്കും? കേരളത്തിന്റെ സ്ഥിതി എന്തായിരിക്കും? ഭാരതത്തിന്റെ തന്നെ സ്ഥിതി എന്തായിരിക്കും. മാത്രമല്ല ഇനി ഉള്ള കാലങ്ങളിൽ വോട്ടുകൊണ്ടാണ് നമ്മുടെ കാര്യങ്ങൾ എല്ലാം നടക്കേണ്ടത്. നമ്മുടെ ജനസംഖ്യ അനുസരിച്ചാണ് നമുക്കു സെൻട്രലിൽ പ്രാതിനിദ്ധ്യം കിട്ടുന്നത്. അങ്ങനെയാണെങ്കിൽ തീർച്ചയായും ജനസംഖ്യ കൂടിയിരിക്കേണ്ടതാണ്. ഈ ജീവിതം തന്നെ ഒരു പ്രദർശനശാലയാണ്. ഒരു സമരരംഗമാണ് ലോകജീവിതം. അതിൽ നമ്മുടെ കഴിവനുസരിച്ചും ശക്തിയനുസരിച്ചും പ്രവർത്തിക്ക എന്നല്ലാതെ പ്രകൃതിക്കു വിപരീതമായി പ്രവർത്തിക്കുന്നത് നമ്മുടെ സദാചാരങ്ങൾക്കും നിയതിക്കും വിരുദ്ധമാണ്. നമുക്ക് ഭക്ഷണസാധനത്തിന്റെ കുറവുകൊണ്ട് ജനസംഖ്യ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യം നേരിടുന്നു എന്നുള്ളതിനെ സംബന്ധിച്ചാണെങ്കിൽ ഇപ്പോൾ ധാരാളം വനപ്രദേശങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. കൃഷി ചെയ്യാതെ പല സ്ഥലങ്ങളും ഒഴിച്ചിടപ്പെട്ടിട്ടുണ്ട്. വേണമെങ്കിൽ നമ്മുടെ രാജ്യത്തിന്റെ മൂന്നിൽ ഒരു ഭാഗം കൃഷിസ്ഥലമാക്കുവാൻ കഴിയും. വെറുതെ കിടക്കുന്ന ഭൂമി ഇങ്ങനെ കൃഷിചെയ്യാൻ കൊടുത്താൽ എന്തു നഷ്ടമാണ് വരാൻപോകുന്നത്? യാതൊരു തൊഴിലുമില്ലാതെ അവിടെയും ഇവിടെയും കിടക്കുന്ന ചില ആളുകളാണ് ഇങ്ങനെ ആവശ്യമില്ലാത്ത പദ്ധതികളെല്ലാം കൊണ്ടുവരാറുള്ളത്. സെൻട്രൽ ഗവമ്മെന്റിൽ രാജ്യാഭിവൃദ്ധിക്ക് അനുസരണമായി പല നിയമങ്ങൾ രൂപീകരിക്കുകയും അതിനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്യുന്നുണ്ട്. സന്താനനിയന്ത്രണം അത്യാവശ്യമാണെന്നു വരുന്ന പക്ഷം അതായത് അങ്ങനെയുള്ള അടിയന്തിര സ്ഥിതി സംജാതമായിട്ടുണ്ടെന്ന് തോന്നുന്ന പക്ഷം സെൻട്രൽ ഗവമ്മെന്റിൽ നിന്നുതന്നെ അതിനുള്ള നടപടി തുടങ്ങുമായിരുന്നു. ബുദ്ധിയില്ലാത്തവരും രാജ്യസ്നേഹം ഇല്ലാത്തവരുമല്ലല്ലോ നെഹ്റു മുതലായ നേതാക്കന്മാർ. മററു ഒരിടത്തും ഇല്ലാത്ത നിയമങ്ങളെല്ലാം ഇവിടെ വേണം മററു സ്ഥലങ്ങളിലില്ലാത്ത നിയമങ്ങളെല്ലാം ഇവിടെ കൊണ്ടുവരണമെന്ന് ഇവിടത്തെ ഗവമ്മെന്റിന് നിർബ്ബന്ധമാണ്. എന്നാൽ മററു സ്ഥലങ്ങളിലുള്ള നല്ല കാര്യങ്ങൾ ഇവിടെ കൊണ്ടുവരികയുമില്ല. അങ്ങനെ പല കാര്യങ്ങളും ഇവിടെ നടക്കുന്നുണ്ട്. അങ്ങനെയുള്ള ഒരു കാര്യമാണ് ഇത്. അടിസ്ഥാനരഹിതമായ ഒരു നിയമം. ഒരേക്കർ തെങ്ങുള്ളവരും ൧൦൦൦ ഏക്കർ ഉള്ളവനും ഒരുപോലെ നികുതി. ഇതൊക്കെയാണ് ഇവിടത്തെ കാര്യങ്ങൾ. ഈ വിവരങ്ങളെല്ലാം ഇവിടെ പല പ്രാവശ്യവും പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് അതിനെപ്പററിയൊന്നും കൂടുതലായി പറയണമെന്ന് വിചാരിക്കുന്നില്ല. എന്തായാലും ഇതുമാതിരിയുള്ള നിയമങ്ങൾകൊണ്ട് ജനകീയഭരണത്തിന് കളങ്കമുണ്ടാക്കരുത്. ഇത്രയും മാത്രമേ എനിക്ക് പറയുവാനുള്ളൂ. ഞാൻ പ്രമേയത്തെ എതിർക്കുന്നു.

**Sri. A. K. George** : Sir, I was listening to the various speeches made in different aspects on the subject. But, among the supporters, including the mover, I can find two types of people. One type are these hon'ble Members who have got enough of their children at home and they are happy or rather unhappy with them. Unfortunately a few others who had supported the motion come under

a separate category. They are those who have lost all hope in married life and become chronic bachelors like my young Socialist friend, Mr. Daniel Jose. Any way I do not belong to either set.

Hon'ble Member, Mr. Iyyu wanted my name for, his newly organised Association of 'childess' Members of this House. I stoutly resist it. Let my fried have a little patience to wait for my real potentialities.

Sir, before having a discussion on this subject my hon'ble friend Mr. Udayabhanu should not have missed the opportunity of reading the story of Mr. Galibert, *i.e.*, "Cheaper by Dozen". He has got a big family of 12. They had their own small parliament; they budgetted their own income and so on. If he had seen its movie version shown in a City Cinema the other day he would not hav attempted for such a debate.

Sir, again, Mr. P. Balakrishnan Tampi was heard saying something against birth control. I am drawing his attention to George Bernard Shaw and I hope that he will not for a moment dispute the fact that Bernard Shaw was against birth control and that Bernard Shaw had no faith in any religion. Again, I may draw attention to Dr. Edington, of the British Medical Council. He says that all the contraceptive methods that we find today not only undermine the morality of the human race but undermine the health of the society. Sir, I did not hear any member referring to the regulation of diet for purposes of less children. In this connection I wish to refer to the report of a medical man. He said that there is an awful increase in the population in Malabar and it can be reduced by regulating their diet without fish. The same factor, according to him, explains the over population in Bengal where even Brahmins eat fish.

My hon'ble socialist friend Mr. Daniel Jose made a vehement speech supporting birth control. I ask if his motto is not to deny equal opportunities to anybody he should not deny the opportunity for children to be born. That will be less socialistic.

With these words, I oppose the resolution.

<u>ஸ்ரீ. ஏ. சிதம்பரநாத நாடார்:</u> ஸார், ஸ்ரீ உதயபானு அவர்கள், சந்தானங்களைக் குறைக்கவேண்டும் என்பதை முடிவு கட்டி, இங்கே ஒரு தீர்மானத்தையும் கொண்டு வந்ததை எனக்கு எதிர்க்க நேர்ந்ததைப்பற்றி எனது வருத்தத்தை தெரிவித்துக்கொள்கிறேன். சந்தானத்தை நிறுத்தல் செய்யவேண்டுமென்று அவர் சொன்னது நாட்டில் உணவுப்பொருள் இல்லாதது ஒரு காரணம் என்று. இந்தக் காரணத்திற்காக இயற்கைக்கு முரணாக, மனிதனை நினைக்கமுடியாத முறையில் குழந்தைகள் பெருகுவதை நிறுத்தவேண்டுமென்று சொன்னால் அது யாராலும் ஒப்புக்கொள்ளாததும், யாராலும் நிறுத்தமுடியாத காரியமாகும். ஆண்டவன் ஒருவனிருக்கிறான் என்பதைப்பற்றி சற்று சிந்தித்துப் பார்த்திருப்பாரானால் இந்தத் தீர்மானத்தை இங்கு கொண்டுவந்திருக்கமாட்டார் என்று நினைக்கிறேன். உணவு பெருகவேண்டும், நாட்டிலுள்ள மக்களின் பட்டினி, பசியை தீர்க்கவேண்டுமென்பது இந்த சர்க்கார் கக்ஷியிலிருக்கிறவரின் கடமையாயிருக்க, ஒரேயடியாய் சந்தானத்தையே முடிவுகட்டவேண்டுமென்று சொன்னால் இதன் அர்த்தமென்ன? நாட்டில் உணவு இல்லையென்றால், அதற்குக் காரணம், கிருஷிகர்களுக்கு தங்கள் கிருஷியைப் பெருக்க சரியான திட்டங்கள் இல்லாமலிருக்கலாம். இதற்காக பதினாயிரம், பதினையாயிரம், செலவு செய்து திட்டங்களை அனுமதித்துக் கொடுத்

[Sri A. Chithambaranatha Nadar]

திருப்பீர்களானால், இந்த நாட்டிற்கு இவ்வளவு உணவுப் பஞ்சம் ஏற்பட்டிருக்காது. சர், அவர் அதைப்பற்றி ஒன்றும் பேசாமல், ஸெக்ஷுவல் கன்ட்ரோலையும், பர்த் கண்ட்ரோலையும் கொண்டு வருவதனால் நாட்டிற்கு என்ன ஆதாயம் ஏற்படும் என்று கேட்கிறேன். இந்த உலகத்தில் எத்தனையோ கனவான்கள் கோடிக்கணக்காக சம்பாதித்து, அதை தங்களுக்குப் பின் அனுபவிக்க ஒரு சந்ததிகூட இல்லாமல் தவித்துக்கொண்டிருப்பதை நாம் பார்க்கிறோம். இவர்கள் ஒரு குழந்தைக்காக தபசு செய்வதை நாம் பார்க்கலாம். ஆண்டவன் அருள் இல்லாமல் ஒருவனுக்கு சந்தானம் உண்டாகுமா? அல்லது சந்தானத்தைப் பெருக்கமுடியுமா? ஸ்ரீ உதயபானு அவர்களுக்கு ஆண் பெண் குழந்தைகளில்லையா? அவரே இந்தத் தீர்மானத்தைக் கொண்டுவந்திருப்பதின் அர்த்தம் தெரியவில்லை. நேற்றைய தினம் இங்கு ஒரு முக்கிய தீர்மானம் வந்திருக்கும் இந்த சந்தர்ப்பத்தில் சந்தான உற்பத்தியை மேலால் நிறுத்தவேண்டும், அல்லது கட்டுப்படுத்த வேண்டும் என்ற முறையில் பேசவேண்டுமென்று இருந்தால் அதை நாங்கள் ஒப்புக்கொள்ள முடியாது என்ற முறையில் தான் பேசவேண்டும். சந்தானத்தை நிறுத்தவேண்டுமென்று கேட்டால் நமக்கு, என்னைப்போலுள்ளவர்கள் கல்யாணத்தையே கட்டுப்படுத்தவேண்டியிருக்கிறதோ என்று தோன்றுகிறது. ஆண் பெண் இரு பாலர்களின் விவாக வயதை நிர்ணயித்து இங்கு சட்டங்கள் இயற்றப்பட்டிருக்கின்றன. அப்படியிருக்க சந்தானத்தையும் கட்டுப்படுத்த வேண்டுமென்று சொன்னால் அதை இங்குள்ள எம். எல். ஏக்கள் மன்னிக்கமுடியாது. இந்தத் தீர்மானத்தை எப்படிச் சிந்தித்துப் பார்த்தாலும், இதைக் கொண்டுவரவேண்டிய இடம் இதல்ல. அது ஸ்ரீ உதயபானுவுமல்ல. ஒவ்வொருவரும் தங்கள் வீட்டிலிருந்து இதை சிந்தித்துப் பார்க்கவேண்டும். இவர்களது மனைவிமார்களும் இதைச் சிந்தித்துப் பார்க்கவேண்டும்.

**Sri. N. D. Jose:** Is the resolution a compulsory one? Is it not voluntary?

ஸ்ரீ. ஏ. சிதம்பரநாத நாடார்: மெம்பருக்கு கல்யாணமாயிருந்தால் தெரியும். ஸர், பக்திவிஸ்வாசம் உள்ள ஒருவன், கடவுள் சிந்தனை உள்ள ஒருவன் முன்பின் ஆலோசிக்காமல் இப்படிப்பட்ட தீர்மானங்களை கொண்டுவரமாட்டான். ஒருவேளை பன்னிரண்டு வருடங்கள் ஒரு ஊசியை நிறுத்தி, ஸ்ரீ உதயபானு அவர்களோ அல்லது ஸ்ரீ. ஜோஸ் அவர்களோ தலைகீழாக நின்று தவம் செய்தாலும் ஒரு மகனோ மகளோ கிடைக்கப் போவதில்லை. வேண்டாம் வேண்டாம் என்று சொன்னாலும் கிடைக்காமல் இருக்கப்போகிறதில்லை. நான் முன் சொன்னதுபோல், நாம் நினைப்பதுபோல் ஒன்றும் நடவாது. ஆண்டவன் நினைக்கவேண்டும்.

ஸ்ரீ. ஆர். கெ. ராம்: இத்தீர்மானம், கூடுதல் குழந்தைகள் பிறப்பதை தடுப்பதற்கு என்று மெம்பருக்குத் தெரியுமா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: மெம்பர் மூன்று முறை கல்யாணம் செய்து அவர்கள் இறந்தபின்னும் தெரியவில்லை. ஆனால் என்னைப்போன்று பெண்களைப் பெற்றுவிட்டு பிள்ளை பெறாததினால் நான்படும் துன்பம், கஷ்டம் இவைகள் என்ன என்பது அங்கத்தினர் அவர்களுக்குத் தெரியாது.

*ஸர், ஸ்ரீமான் உதயபானு, ஸ்ரீமான் ஜோஸ், ஸ்ரீமான் ராம் இவர்களைப்போலுள்ள ஆடவர்கள், குழந்தைகளைப் பெற்றால், இன்று அரசாங்க பீடத்தில் வீற்றிருக்கும் மந்திரிமார்களிடம் சென்று, ஐயா குழந்தைகளைப் பெற்றுவிட்டோம். உணவுப்பெருக்குத் திட்டம் முன்னேறி வரவில்லை. ஆனால் குழந்தைகள் அதிகப்பட்டுக்கொண்டேயிருக்கின்றன, யாதொரு வழியும் காணவில்லை என்று சொல்லி குழந்தைகளை சர்க்காரிலிருந்து எடுத்து வளர்த்தச் சொல்லுங்கள். அதை விட்டு விட்டு ஆண்டவனுக்குக் கூட பொறுக்காத முறையில் இவ்விதம் நீங்கள் இறங்குவீர்களேயானால், உலகமே உங்களை சபிக்கக் கூடிய முறையில், ஆண்டவன் ஆசீர்வதிக்காத முறையில் இந்தத் துறையில் நீங்கள் முன்னேறுவீர்கள். ஆனால் வேறெந்தத் துறையிலும் நீங்கள் முன்னேறமுடியாது என்று சொல்லிவிட்டு முடித்துக்கொள்கிறேன்.*

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഫാമിലി പ്ലാനിംഗിനെപ്പററിയും സന്താനനിയന്ത്രണം ഏർപ്പെടുത്തണമെന്നാവശ്യത്തെ സംബന്ധിച്ചും മി. ഉദയഭാനു അവതരിപ്പിച്ച ഈ പ്രമേയത്തിൻെറ അടിസ്ഥാനതത്വത്തോട് എനിക്ക് എതിർപ്പാണുള്ളത്. ഇന്നു ലോകമൊട്ടുക്ക് അനവധി കുഴപ്പങ്ങൾ ഉണ്ട്. പട്ടിണികൊണ്ടും സാധനങ്ങളുടെ ക്ഷാമംകൊണ്ടും തൊഴിലില്ലായ്മകൊണ്ടും മാനവസമുദായം [illegible]കമാനം ഒരു വിഷമാവസ്ഥ അഭിമുഖീകരിക്കുന്നു. ഈ കുഴപ്പങ്ങൾക്കെല്ലാം കാരണം ഇന്നത്തെ മുതലാളിത്ത വ്യവസ്ഥിതി നിലവിലിരിക്കുന്നതുകൊണ്ടാണ്. എന്നാൽ ഇതിനു സാമ്രാജ്യവാദികളായ തത്വശാസ്ത്രജ്ഞന്മാർ പറയുന്ന കാരണം, ജനസംഖ്യ കണക്കിലധികം വർദ്ധിക്കുന്നതുകൊണ്ടാണെന്നാണ്. കുപ്രസിദ്ധ സാമ്രാജ്യവാദ തത്വശാസ്ത്രജ്ഞനായ മി. മാൽതസ്സ് ഇതേ സംബന്ധിച്ചു വളരെ ശക്തിയായി വാദിച്ചിട്ടുണ്ട്. അതായത്, ജനസംഖ്യ ഇങ്ങനെ പെരുകുകയാണെങ്കിൽ അതനുസരിച്ചു ഭൂമിയും പെരുകാതിരിക്കുന്ന സ്ഥിതിക്ക് നാട്ടിൽ വളരെ കുഴപ്പങ്ങൾ ഉണ്ടാകുമെന്നാണ് അയാളുടെ കണ്ടുപിടിത്തം. അതിന്നദ്ദേഹം നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ യുദ്ധവും മററു നശീകരണവേലകളുമാണ്. ഇതു സാമ്രാജ്യവാദികൾക്ക് അവരുടെ ഭരണത്തിൻ കീഴിൽ ജനസാമാന്യത്തിനുണ്ടായിട്ടുള്ള കുഴപ്പങ്ങളെ മൂടിവെയ്ക്കുവാൻ സൗകര്യം നല്കുന്ന ഒരു അടവു മാത്രമാണ്. ഈ കുഴപ്പങ്ങൾ ഒന്നും കൂടാതെ തന്നെ മനുഷ്യരുടെ എല്ലാ ആവശ്യങ്ങളും നേടിക്കൊടുക്കുവാൻ കഴിയുന്നവിധം ലോകത്തിൻെറ പല ഭാഗങ്ങളിലും ഭരണം നടത്തുന്നുണ്ട്. അതിനുള്ള കാരണം അവിടെ ജനന നിയന്ത്രണം ഏർപ്പെടുത്തിയതല്ല, നേരെമറിച്ച് സാമൂഹ്യപരമായും അടിസ്ഥാനപരമായും മുതലാളിത്ത വ്യവസ്ഥിതിക്ക് മാററം വരുത്തുന്ന കാര്യങ്ങൾ നടപ്പാക്കിയിട്ടുള്ളതുകൊണ്ടാണ്. ജനസംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നതിനനുസരിച്ച് ശാസ്ത്രവും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. [illegible] ശതമാനം ജനങ്ങൾ വർദ്ധിച്ചിട്ടുണ്ടെങ്കിൽ അതിന്നനുസരണമായി നൂറോ ഇരുനൂറോ മുന്നൂറോ ശതമാനം അവർക്കാവശ്യമായ സാധനങ്ങൾ വർദ്ധിക്കുന്നതിന് തക്കവണ്ണം അവരുടെ ശാസ്ത്രങ്ങളും പുരോഗമിച്ചിട്ടുണ്ട്. പക്ഷെ ശാസ്ത്രത്തിൻെറ ഈ നേട്ടങ്ങളെല്ലാം ഒരുപിടി സാമ്രാജ്യവാദികളായ സ്വാർത്ഥതല്പരർ കയ്യടക്കിവച്ചതുകൊണ്ടു ഇന്നത്തെ വ്യവസ്ഥിതിയിൽ ജനസാമാന്യത്തിനു അവ പ്രയോജനപ്പെടാതെ വന്നിരിക്കുന്നു. അതുകൊണ്ടാണ് ഈ നാട്ടിൽ കൃത്രിമമായി ക്ഷാമമുണ്ടാകുന്നത്. നാട്ടിൽ ജനസംഖ്യ പെരുകുന്നുവെന്നു പറയുന്ന അതേ അവസരത്തിൽ മുതലാളിത്തരാജ്യങ്ങളുടെ നേതൃത്വം വഹിക്കുന്ന അമേരിക്ക, പട്ടിണികൊണ്ടു ജനങ്ങൾ മരിച്ചാലും തരക്കേടില്ല, ഗോതമ്പിനു വില കയറണമെന്നുള്ള, ഉദ്ദേശ

[Sri. E. Gopalakrishna Menon]

തോടുകൂടി അവിടെ ചില സ്ഥലങ്ങളിൽ വിളഞ്ഞുകിടക്കുന്ന ഗോതമ്പ് നശിപ്പിച്ചിട്ടുള്ളതായി നാം വായിച്ചിട്ടുണ്ട്. അതുപോലെതന്നെ ലോകത്തിന്റെ പലഭാഗങ്ങളിലും ജനങ്ങൾ ഒരുകപ്പു കാപ്പിപോലും കിട്ടാൻ വിഷമിച്ചുകൊണ്ടിരുന്ന അവസരത്തിൽ ബ്രസീലിൽ പതിനായിരക്കണക്കിനു ടൺകാപ്പി സമുദ്രത്തിൽ എറിഞ്ഞു കളഞ്ഞതായും ചരിത്രം നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഇങ്ങനെ ഒരുവശത്തു സാമ്രാജ്യവാദികളായ മുതലാളിമാർ സാധനത്തിന്റെ വില ഏറാൻ വേണ്ടി സാധനങ്ങൾ നശിപ്പിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ മറുവശത്തു ജനസംഖ്യ വർദ്ധിക്കുന്നതിനനുസരിച്ചു സാധനങ്ങൾ വർദ്ധിക്കുന്നില്ലാത്തതുകൊണ്ട് ജനനനിയന്ത്രണം ആവശ്യമാണെന്നുള്ള വാദഗതി പുറപ്പെടുവിക്കുമ്പോൾ അതു എത്രയും അപഹാസ്യമാണെന്നു നമുക്കു അറിയാം. നമ്മുടെ രാജ്യത്തു ഭക്ഷണക്ഷാമം നേരിടുന്നതിനു ഒരു വേള ഇന്നോ നാളെയോ രണ്ടോ മൂന്നോ മാസംകൊണ്ടോ കഴിഞ്ഞില്ലെന്നു വന്നേക്കാം. എന്നാൽ അതിനൊരു പ്ലാൻ അനുസരിച്ചു എത്രയും വേഗത്തിൽ പരിഹാരം ഉണ്ടാക്കാൻ കഴിയുന്നതാണ്. എന്നാൽ ഈവക കാര്യങ്ങളിൽ മൌലികമായ യാതൊരടിസ്ഥാനവും പദ്ധതിയുമില്ലാതെ ഗവമ്മെന്റ് ജനസംഖ്യ നിയന്ത്രിക്കണമെന്നുമാത്രം പറയുമ്പോൾ അതു് ഈരാജ്യത്തുള്ള മനുഷ്യരോടു കാണിക്കുന്ന ഒരപമര്യാദയായിട്ടാണു ഞാൻ കാണുന്നതു്. അടുത്ത ഒരവസരത്തിൽ ഇൻഡ്യാഗവർമ്മെന്റിന്റെ ഭക്ഷ്യവകുപ്പു ഡെപ്യൂട്ടിമന്ത്രിയായ ശ്രീ. തിരുമലറാവു ഇവിടം സന്ദർശിച്ചപ്പോൾ അദ്ദേഹം കോഴിക്കോട്ടുവച്ചു ചെയ്തതായ ഒരു പ്രസംഗം ഞാൻ ഓർക്കുന്നു. അദ്ദേഹം പറഞ്ഞു ജനങ്ങൾ കുട്ടികളെ ഉണ്ടാക്കി വിടുന്നതുപോലെ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനു ശുഷ്കാന്തി കാണിക്കുന്നില്ല എന്നു്. ഈ നാട്ടിലെ ജനങ്ങൾക്കു് ഭക്ഷണം കൊടുക്കുന്നതിനുത്തരവാദപ്പെട്ട ഗവർമ്മെന്റിന്റെ ഒരു മന്ത്രി ഇപ്രകാരം പറയുന്നതു നോക്കിയാൽ അവർ സാമാന്യജനങ്ങളെ അവഹേളിക്കുകയാണെന്നല്ലാതെ എന്താണു പറയാനുള്ളതു്? "ജനങ്ങൾക്കു് ഭക്ഷണം തരുവാൻ ഞങ്ങൾക്കു് നിവൃത്തിയില്ല, നിങ്ങൾ കുട്ടികളെ ജനിപ്പിക്കുന്നതു എന്തിനാണു്" എന്നുള്ള നിന്ദാസൂചകമായ ചോദ്യമാണ് അതിൽനിന്നും അർത്ഥമാകുന്നതു്. ഇതു് അവർക്കു് അവരുടെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറുവാനുള്ള ഒരടവാണെന്നു ഞാൻ പറയുന്നു. ഇത്രയും പറഞ്ഞതുകൊണ്ട് ജനനനിയന്ത്രണം ഒരിക്കലും നടപ്പാക്കിക്കൂടാ എന്നു ഞാൻ വാദിക്കുന്നില്ല.

ഓരോരുത്തനും സ്വന്തനിലയിൽ ആവശ്യമെന്നു തോന്നുകയാണെങ്കിൽ ജനനനിയന്ത്രണം നടപ്പാക്കാനുള്ള നിയമപരമായ സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണ്. റഷ്യയിൽ അതിനു സ്വാതന്ത്ര്യം ഉണ്ട്. പക്ഷേ ഇന്നു ജനനനിയന്ത്രണം അവിടെ ഏർപ്പെടുത്തേണ്ട യാതൊരാവശ്യവും ഇല്ല.

എന്റെ മാന്യസ്നേഹിതൻ ശ്രീ. ഈപ്പൻ അറയ്ക്കൽ പറഞ്ഞതുപോലെ . . . .

**Sri. N. D. Jose:** May I know the density of population per square mile in Russia and India?

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അതിലേയ്ക്കു് വ്യക്തമായ സ്റ്റാറ്റിസ്റ്റിക്കില്ലാതെ ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അതേപ്പറ്റി അന്വേഷിച്ചിട്ടുള്ള ആളാണു ഞാൻ. ശ്രീ. ഈപ്പൻ അറയ്ക്കൽ പറഞ്ഞതുപോലെ കൂടുതൽ കുട്ടികളുള്ള മാതാക്കൾക്കു് റഷ്യയിൽ ബഹുമാനമാണുള്ളതു്. ഇവിടെ ചിലർ പ്രസ്താവിച്ചപോലെ യുദ്ധത്തിനുവേണ്ടി മാറു കാണിച്ചുകൊടുക്കാനല്ല സന്താനവർദ്ധനവിനെ അവർ പ്രോത്സാഹിപ്പിക്കുന്നതു്. അവിടെ ജനക്ഷേമകരങ്ങളായ

തൊഴിലുകൾ അടിക്കടി ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ജനങ്ങൾ അവിടെ ഏറ്റവും ആവശ്യമാണ്. അവിടെ ജോലി ആളുകളെ കാത്തുനില്ക്കുകയാണ്. അല്ലാതെ ആളുകൾക്ക ജോലി കാത്തുനില്ക്കേണ്ടിവരുന്നില്ല. അങ്ങനെ വ്യക്തമായ പ്ലാൻ അനുസരിച്ചും പദ്ധതികൾ അനുസരിച്ചും അവിടത്തെ ഗവൺമെൻറിനു കാര്യങ്ങൾ നടത്താൻ കഴിയുന്നു. അതുകൊണ്ട് എനിക്ക പറയുവാനുള്ളത്, വിശാലമായ വീക്ഷണത്തോടുകൂടി ഈ കാര്യങ്ങളെക്കുറിച്ചാലോചിക്കണമെന്നാണ്. അല്ലാതെ അധികാരംകൊണ്ടു സന്താനനിയന്ത്രണം ഏർപ്പെടുത്തുന്നതുകൊണ്ട് യാതൊരു പ്രശ്നവും പരിഹരിക്കപ്പെടാൻ പോകുന്നില്ല. സന്താനനിയന്ത്രണത്തിനുള്ള വ്യക്തിപരമായ സ്വാതന്ത്ര്യം ജനങ്ങൾക്ക നൽകുന്നതോടൊപ്പം ഇതു് ദേശവ്യാപകമായ നിലയിൽ വ്യാപിപ്പിക്കേണ്ടയാവശ്യമില്ലെന്നാണെനിക്ക പറയുവാനുള്ളത്.

<u>ஸ்ரீ. ஆர். கெ. ராம்:</u> ஸார், ஸ்ரீமான் உதயபானு அவர்கள் கொண்டுவந்த தீர்மானத்தை எதிர்க்கவேண்டிய நிலைமையில் இருக்கிறேன். ஸ்ரீமான் உதயபானு அவர்கள் நல்ல உத்தேசத்துடன் தான் இத்தீர்மானத்தை கொண்டுவந்திருக்கின்றார்கள் என்று எனக்குத் தெரியும். இந்தியாவில் இருக்கக்கூடிய மக்கள் பட்டினியால் வாடுகிறார்கள். ஆகவே பட்டினியை அகற்றுவதற்கான முறையில் குழந்தைகள் பெறுவதை தடைசெய்யவேண்டும் என்ற முறையில் தான் உதயபானு அவர்கள் இத்தீர்மானத்தை இங்கு கொண்டுவந்திருக்கின்றார்கள். இப்படிப்பட்ட தீர்மானங்கள், இங்குமட்டுமல்ல கொண்டுவரப்பட்டிருக்கிறது. பல நாடுகளிலும் இப்படிப்பட்ட தீர்மானங்கள் எடுக்கப்பட்டது. எடுத்த நாடுகளெல்லாம் இதில் தோல்வி அடைகிறது என்பதை நாம் கண்கூடாக, சரித்திர வாயிலாக பார்க்கிறோம். உணவுப் பொருள் இல்லாமல் மக்கள் பட்டினியால் வாடுகின்றார்கள் என்ற காரணத்திற்காக குழந்தைகள் பெறுவதை தடைசெய்யவேண்டுமென்று கூறுவதால்; இவ்வரசாங்கத்திற்கு உணவு உற்பத்தியைப் பெருக்குவதற்கு முடிவதில்லை, என்பதைத் தான் வெளிப்படுத்துகிறோமே ஒழிய, இவ்வரசாங்கத்தின் திறமையின்மையை காட்டுகிறதேயொழிய, உணவுப்பொருள்களை கூடுதலாக உற்பத்தி செய்வதோடு, குழந்தைகளையும் உற்பத்திசெய்து, இந்நாட்டை செழிப்பிக்க வேண்டுமென்ற எண்ணம் இவ்வரசாங்கத்திற்கு இல்லை என்றுதான் தோன்றுகிறது. ரஷ்யாவை விட இந்தியாவில், ஒரு ஸ்கொயர் மையில் ஏரியாவில் கூடுதல் ஆட்கள் வசிக்கிறார்கள் என்று தெரிகிறது. ஆகவே இடமின்மையால் மக்களைப் பெறுவதை குறைத்துவிடலாம் என்றால், அங்ஙனம் குறைக்கவேண்டிய அவசியம் இல்லை. இப்பொழுது, இடமில்லையானாலும் விஞ்ஞான ஆராய்ச்சிகள் மூலமாக நமக்கு வேண்டிய இடங்கள், தாமதிப்பதற்கு சௌகரியமாக உள்ள இடங்கள் கிடைப்பது சாத்தியமாகும். உணவுப் பொருள்களை உற்பத்தி செய்ய இடவசதியில்லையானாலும் விஞ்ஞான கருவிகளைக் கொண்டு அப்படிப்பட்ட வசதியில்லாத இடங்களையும் வசதியுள்ளதாகச் செய்ய முடியும். பாருங்கள், இவ்விஞ்ஞான கருவிகளின் பயனால், சகாராபாலைவனத்தைக்கூட நல்ல அழகிய பூஞ்சோலைகளாக மாற்றி வருகிறார்கள். ரஷ்யாவில், சைபீரியா என்ற இடத்தை, இவ்விஞ்ஞானக் கருவிகள் மூலமாக தாமதிப்பதற்கு சௌகரியப்படும்படியாகச் செய்து, அந்நாட்டில் மக்களை குடியேற்றியிருக்கிறார்கள். சைனாவில், 47 கோடிக்கு மேலுள்ள மக்கள் பட்டினியால் வாடிக்கொண்டிருந்தார்கள்.

ஸ்ரீ. ஏ. சிதம்பரநாத நாடார்: மெம்பரின் அபிப்பிராயம், யாரும் எந்த யிடத்திற்கும் பறிந்துபோய் மேயலாம் என்பதா?

ஸ்ரீ. ஆர். கெ. ராம்; நான் காண்கிற உலகம் சிதம்பரநாதன் அவர்கள் காணுகிற உலகம்போல் அல்ல. மக்கள், மிருகங்களைப்போல் இணைந்து இணைந்து அழியவேண்டுமென்பதல்ல எனது அபிப்பிராயம். ஆண்களும் பெண்களும், தம்மில் நேசித்து இன்புற்று வாழ்கிற இடத்தில் Passion என்பதே வராது. ரஷ்யாவில், பெண்கள் முன்னால் இருந்ததைவிட இப்பொழுது சந்தோஷமாகவும் சுகமாகவும் வாழ்கின்றார்கள். அங்கு, ரஷ்யாவில் இந்தியாவை விட Prostitution மிகவும் குறைவு என்பதை நாம் கண்கூடாகக் காண்கிறோம். ரஷ்யாவிலுள்ள மக்கள், அவர்களுக்குள்ள சுதந்திரத்தின் காரணமாக அவர்கள் விபசாரிகளாகப் போகவில்லை என்பதை, நான் சிதம்பரநாதன் அவர்களுக்கு நினைவூட்டுகிறேன். ஆண்களும் பெண்களும் சுதந்திரமாக மிளிரும்போது, ஆண்களும் பெண்களும் சரிநிகர் சமானமாக வாழ்கிற ஒரு நாட்டில் இப்படிப்பட்ட ஒரு நிலைமை வரவே வராது என்பதே எனது கருத்து. மேலும், இப்பொழுதிருக்கிற நிலைமையில், இந்த யுத்தகாலத்தில் இந்தியாவிற்கு ஆட்களின் தேவை அதிகப்படுகிற நிலைமையில், பர்த் கண்ட்ரோலை கொண்டுவந்து ஜனத்தொகையைக் குறைத்தால் வருகிற காலத்தில் அமெரிக்கா போன்ற நாடுகள் நம் நாட்டை படை எடுத்தால் அதை எதிர்த்து நிற்க இங்கு யார் இருக்கிறார்கள். உலகம் மக்களின் தேவயை எதிர்பார்த்து நிற்கிறது. சைனாவில் குழந்தைகளை வளர்ப்பதற்கு வேண்டிய சௌகரியங்களை அரசாங்கத்தில் இருந்து செய்து கொடுக்கிறார்கள். ரஷியாவில், நாட்டைவிடப் பெரியது, ஒரு தனி மனிதனின் உரிமை. ஒருவனின் உயிரைப் பாதுகாக்க எந்தச் செலவு வந்தாலும் அச்செலவுகளை ஏற்றெடுத்து நடத்துகிற நிலையில் ரஷ்யா இன்று இருக்கிறது. மக்களின் எண்ணிக்கையைப் பெருக்கி, மக்களின் சக்தியைப் பெருக்கி, மக்கள் மூலமாக உணவு உற்பத்தியைப் பெருக்கி, சுபிட்ச நிலையை உண்டாக்குவதற்குப் பதிலாக சுபிட்சம் இல்லாத காரணத்தால் மக்களின் எண்ணிக்கையை குறைக்கவேண்டுமென்று சொல்வது சரியல்ல என்று நினைக்கிறேன். மகாத்மா காந்திகூட மக்களின் எண்ணிக்கையை குறைப்பதென்பது cowardism என்று சொல்லியிருக்கிறார்கள். உணவுப்பொருள்களை, மக்களுக்கு வேண்டிய அளவு கொடுக்கமுடியாத காரணத்தால் மக்களின் எண்ணிக்கையை குறைத்து, அவர்களைத் தொலைத்துவிடலாம் என்று நினைத்தால் மக்களுக்கு வேண்டிய உணவுப் பொருள்களைக் கொடுக்க முடியாத நிலைமையில் தான் நாம் இருக்கிறோம் என்று வருகிறது. அது ஆணத்துவம் பொருந்திய தன்மையல்ல என்று சொல்ல நான் ஆசைப் படுகிறேன். ஆனால் இப்பொழுது அந்நாட்டிலுள்ள மக்களுக்கு உணவு அளிப்பதற்காக, சீரிய முறைகள் கண்டுபிடிக்கப்பட்டு பட்டினி, அறவே அகற்றப்பட்டு வருகிறது. அதோடு மட்டுமல்ல, அங்கு மீதியிருக்கிற உணவுப்பொருள்களை, நம் இந்தியாவிற்குக்கூட 10 லட்சம் டன் உணவுப்பொருள்கள் கடன் தரலாம் என்கிற நிலைமையில், அந்நாட்டு மக்களுக்கு வேண்டிய அளவு உணவு கொடுத்தும் மீதிவருகிறது. ஆகவே உணவுப் பஞ்சத்தைத் தீர்ப்பதற்காக, மக்கள் பெருவதை குறைக்க வேண்டும் என்பது உசிதமாகாது. சென்ட்ரல் அசெம்பிளியில், பர்த் கண்ட்ரோல் கொண்டுவர வேண்டுமென்ற

தொரு பேச்சுவார்த்தை, நடந்தபோது, ஸ்ரீமதி ராஜகுமாரி அமிர்தகௌர் அவர்கள், பர்த் கண்ட்ரோல் கொண்டு வரவேண்டிய அளவுக்கு இந்நாட்டில் ஜனத்தொகை பெருகவில்லை என்று கூறினார். ஆக, எந்த Basis-ல் எடுத்துப் பார்த்தாலும் இந்த பர்த் கண்ட்ரோலை கொண்டுவருவதற்குள்ள அவசியமே இல்லை என்றுதான் எனக்குத் தோன்றுகிறது. பர்த் கண்ட்ரோல் என்ற இடத்து, ஸ்ரீமான் சிதம்பரநாதன் அவர்கள், குழந்தைகள் பெறுவதை யாராலும் தடுக்கமுடியாதென்றும், குழந்தைகள் வேண்டுமென்று ஆசைப்பட்டால் அது எப்பொழுதும் கிடைத்தது என்று வராதென்றும் சொன்னார்கள். ஸ்ரீமான் உதயபானு அவர்களின் தீர்மானத்தின் உத்தேசம், அதிகம் குழந்தைகளை பெறாமலிருப்பதற்கும், அதே சமயத்தில் ஆணும் பெண்ணும் இன்புறவேண்டும் என்பதே அதன் உத்தேசம். ஸ்ரீமான் சிதம்பரநாதன் அவர்கள் சொன்னதுபோல், ஒரு பெரிய பணக்காரன் ஒரு ஆண் குழந்தை இல்லாமல் தவிக்கிறான் என்றால், அப்படித் தவிக்கவேண்டிய நிலைமை வருகிறதும் இப்பொழுது இருக்கும் அரசாங்க அமைப்பின் குற்றந்தான். ஒருவனுக்கு ஒரு மனைவியுடன்தான் இருக்கவேண்டும் என்ற கட்டுப்பாடு உள்ளதால், அவன் வேறொரு பெண்ணை நேசித்தால் அவளுடன் சேர்ந்திருப்பதற்குத் தடையாய் இருக்கிறது இப்பொழுதிருக்கும் அரசாங்க அமைப்பு. மாறி வருகிற ஒரு சமூக அமைப்பில், சமூகத்தில் ஒரு ஆணும் பெண்ணும் தம்மில் நேசித்தால் அவர்கள் இருவரும் சேர்ந்து இன்பம் துய்ப்பதற்கு சாத்தியமாகும். குழந்தைகளைப் பராமரிப்பதற்கு ஒரு ஸ்டேட் உத்திரவாதம் அளித்தால் அந்தயிடத்தில் குழந்தைகள் பெறுவதை கட்டுப்படுத்தவேண்டும் என்ற நிபந்தனை அங்கு வராது.

ஆகவே இந்தச் சூழ்நிலையில், செருப்புக்குத் தகுந்தபடி காலை வெட்டாமல் காலுக்குத் தகுந்தபடி செருப்பை வெட்டவேண்டும் என்பதுதான் எனது அபிப்பிராயம். அதேபோல் உணவு உற்பத்திக்குத் தகுந்தபடி மக்களின் உற்பத்தியை குறைக்காமல் மக்களின் உற்பத்திக்குத் தகுந்தபடி உணவுப்பொருள்களின் உற்பத்தியைப் பெருக்கவேண்டும். அப்படியானால்தான் இவ்விரண்டும் சேர்ந்து நம் நாட்டு மக்கள் சக்தியாகவும் சுதந்திரமாகவும் சுகமாகவும் வாழ முடியுமென்று கூறிக்கொண்டு இத்தீர்மானத்தை எதிர்க்கிறேன்.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: സർ, ഈ പ്രമേയത്തിന്റെ എല്ലാവശങ്ങളെ സംബന്ധിച്ചും പലരും പറഞ്ഞുകഴിഞ്ഞ സ്ഥിതിക്ക് വളരെ അധികം പറയേണ്ട ആവശ്യം നേരിടുന്നില്ല. എന്നാൽ കുറച്ചുസമയത്തിനുമുമ്പ് ഈ ഹാളിനു വെളിയിൽവച്ച് പട്ടികജാതിയിൽപ്പെട്ട ഒരാളോടു ഇതിനെ സംബന്ധിച്ച അഭിപ്രായം എന്താണെന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി സഭയെ അറിയിക്കുന്നതു നന്നായിരിക്കുമെന്ന് വിചാരിക്കുന്നു. ഇവിടെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഉദ്യോഗങ്ങളും നിയമസഭാസാമാജികവും മന്ത്രിസ്ഥാനവും വിതരണംചെയ്തുകൊണ്ടിരിക്കുമ്പോൾ ജനനനിയന്ത്രണം ഏർപ്പെടുത്തി ഏതോ ചില വിഭാഗക്കാർക്ക് രാഷ്ട്രീയമായ ചില താല്പര്യങ്ങളെ സംരക്ഷിക്കണമെന്നുള്ള ഒരു ഉദ്ദേശമാണ് ഇതിൽ അടങ്ങിയിരിക്കുന്നതെന്ന് അദ്ദേഹം പറയുകയുണ്ടായി. ഇങ്ങനെ ഒരു നിയന്ത്രണം ഏർപ്പെടുത്തുന്ന പക്ഷം ചില സമുദായക്കാർക്ക് ഇന്നു ജനസംഖ്യാനുപാതികമായി ലഭിച്ചിരി

[Sahib Bahadur T. A. Moideenkunju]

ക്കുന്ന ആനുകൂല്യങ്ങളെ അവർ ഉദ്ദേശിക്കുന്ന ഒരു രീതിയിൽതന്നെ കുറവു ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ ഈ പ്രമേയംകൊണ്ട് ഉണ്ടാകുമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്നകാര്യം തീരെ കൊള്ളരുതാത്തതാണെന്നു പറഞ്ഞു തള്ളിക്കളയത്തക്കതല്ലെങ്കിലും ഈ പ്രശ്നത്തെപ്പററി ചിന്തിക്കുന്നതിനുമുമ്പായി വളരെ അടിയന്തിരമായ പല പ്രശ്നങ്ങൾക്കും നമുക്ക് പരിഹാരം കാണേണ്ടതായിരിക്കുന്നു. അതെല്ലാം മാററിവച്ചിട്ട് ഈ പ്രമേയം ഇവിടെ കൊണ്ടുവന്നിരിക്കുന്നതാലോചിച്ചാൽ മററു പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെട്ടുകഴിഞ്ഞു, ഇനി ഇതു മാത്രമേ പരിഹരിക്കാനുള്ളു എന്നു തോന്നിപ്പോകും. രാജ്യത്തെ എല്ലാ കാര്യങ്ങളും ദുഷിച്ച ഒരടിസ്ഥാനത്തിൽ നടന്നുകൊണ്ടിരിക്കുമ്പോൾ, അതായത് ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തി ഉദ്യോഗങ്ങളും മററു സകലതും വീതംവച്ചുകൊണ്ടിരിക്കുമ്പോൾ ജനനനിയന്ത്രണം കൊണ്ടുവരുന്നതു ചില സമുദായക്കാരുടെ താല്പര്യങ്ങൾക്ക് ദോഷകരമായതുകൊണ്ട് അതു ഇവിടെ നടപ്പിൽ വരാൻ ഇടയില്ല, നടപ്പിലാക്കാൻ സാദ്ധ്യവുമല്ല. നടപ്പിൽ വരുത്തണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നോ, അതിനെ ചിലർ അനുകൂലിച്ചു പ്രസംഗിച്ചിട്ടുള്ളതെന്നോ ഞാൻ വിചാരിക്കുന്നില്ല. ഒരു വാദപ്രതിവാദത്തിനു മാത്രമായിട്ടു ഈ പ്രമേയം ഇവിടെ കൊണ്ടുവന്നു എന്നേ ഞാൻ മനസ്സിലാക്കുന്നുള്ളു. ജനസംഖ്യാടിസ്ഥാനത്തിൽ എല്ലാ കാര്യങ്ങളും നടത്തിക്കൊണ്ടിരിക്കുന്ന ഒരു രാജ്യത്തു ഈ പ്രമേയത്തിൽ പറയുന്ന സംഗതികൾ നടപ്പിലാക്കിയാലും പ്രയോജനമൊന്നുമില്ല. ഈ പ്രമേയത്തെ അനുകൂലിച്ചവരോടും അല്ലാത്തവരോടും ഞാൻ ചോദിക്കുന്നു അവർക്കോ മററുള്ളവർക്കോ കൂടുതൽ കുട്ടികളുണ്ടായിട്ടുണ്ടെങ്കിൽ അതവരുടെ ഇഷ്ടത്തോടുകൂടിയാണോ എന്ന്? എന്റെ സ്നേഹിതൻ ശ്രീ. ഉദയഭാനുവിന് ൯ കുട്ടികളുണ്ടെന്നു ഇവിടെ പറഞ്ഞുകേട്ടു. ഈ ൯ കുട്ടികളും ഉണ്ടാകണമെന്നുള്ള അദ്ദേഹത്തിന്റെ ആഗ്രഹംകൊണ്ട് ഉണ്ടായതല്ല. ചില വികാരങ്ങളുടെ പ്രവർത്തനഫലമായിട്ട് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും കുട്ടികൾ ഉണ്ടായിക്കൊണ്ടിരിക്കയാണ്. അങ്ങിനെയിരിക്കെ ഇവിടെ പറഞ്ഞതുപോലെ അതിനൊരു ശിക്ഷയേർപ്പെടുത്തിയാൽ അവരെക്കൊണ്ട് ശിക്ഷകൂടി അനുഭവിപ്പിക്കാമെന്നല്ലാതെ യാതൊരു പ്രയോജനവും ഉണ്ടാകാൻപോകുന്നില്ല. ശിക്ഷ ഏർപ്പെടുത്തിയിട്ടുള്ള പല രാജ്യങ്ങളിലേയും അനുഭവം അതാണ് നമ്മെ പഠിപ്പിക്കുന്നതു്. ഇനി ഭാര്യാഭർത്താക്കന്മാർക്ക് ഇത്ര കുട്ടികളേ പാടുള്ളു എന്നൊരു നിയമം വയ്ക്കാമെന്നും, അതു പ്രയോഗത്തിൽ കൊണ്ടുവരാമെന്നുംതന്നെ സമ്മതിക്കുക. എന്നാൽതന്നെ ഇന്നിരിക്കുന്ന മരണനിരക്കിന് ഒരു മാററം സംഭവിക്കുകയാണെങ്കിൽ അതിന് എന്തു പരിഹാരമാണ് ഇവർ നിർദ്ദേശിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. ഭക്ഷ്യനില മോശപ്പെട്ടുകൊണ്ടിരിക്കുന്നു. അതിനൊരു പരിഹാരമായിട്ടാണ് ജനസംഖ്യ കുറയ്ക്കണമെന്നു പറയുന്നതു്. എന്നാൽ മരണത്തിന്റെ നില ഒന്നു മാറുകയാണെങ്കിൽ—

മി. സ്പീക്കർ: അക്കാര്യം രണ്ടു പ്രാവശ്യം പറഞ്ഞുകഴിഞ്ഞു. അതിനി ആവർത്തിക്കേണ്ട ആവശ്യമില്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: ആ സ്ഥിതിക്ക് എനിക്ക് മറെറാരുമാർഗ്ഗം നിർദ്ദേശിക്കുവാനുണ്ട്. മനുഷ്യൻ വളരെ ഇഷ്ടപ്പെടുന്ന ഒരു കാര്യത്തെ ചെറുത്തിട്ട്, മനുഷ്യനു ലഭിക്കുന്ന സുഖത്തെ ഇല്ലാതാക്കിയിട്ട് ജനനത്തെ നിയന്ത്രിക്കുന്നതിനേക്കാൾ സുഖക്കേടു പിടിപെട്ട് മരിക്കാൻ തയ്യാറാകുന്നവരെ ആശുപത്രികളും മററുമുണ്ടാക്കി ചികിത്സിച്ച് ഭേദപ്പെടുത്താതെ മരി

ക്കാനനുവദിക്കുന്നതായിരിക്കും കൂടുതൽ നല്ലതു് എന്നാണ് എനിക്കു തോന്നുന്നതു്. ജനസംഖ്യ കുറയുന്നതിനു ഈ മാർഗ്ഗം വളരെ പര്യാപ്തമാണ്. അതുമൂലം ഗവണ്മെൻറിനു ഒരു നല്ല ലാഭവും ഉണ്ടാകും. ആശുപത്രിക്കും മരുന്നിനും മററും ചിലവാകുന്ന തുകകളെല്ലാം ഗവർമ്മെൻറിനു ലാഭിക്കാം. മിക്കവാറും ഉപയോഗംകഴിഞ്ഞ സുഖക്കേടുപിടിപെട്ട ആളുകളെ ചാകാനനുവദിക്കുകയാണെങ്കിൽ ഭക്ഷ്യനിലയനുസരിച്ച് ജനസംഖ്യ കുറക്കാനും സാധിക്കും; ഗവർമ്മെൻറിനു ഒരു നല്ല ലാഭമുണ്ടാക്കാനും സാധിക്കും. ഇങ്ങനെ നവീനമായ ഏതെങ്കിലും ഒരു പദ്ധതി ഏർപ്പെടുത്തുകയാണ് വേണ്ടതു്. മററു പലരാജ്യങ്ങളിലും ഏർപ്പെടുത്തിയിട്ട് പരാജയപ്പെട്ടതെന്നു് നാം മനസ്സിലാക്കിക്കൊണ്ടു് ഇവിടെയും സന്താനനിയന്ത്രണം നടപ്പിലാക്കാനുള്ള ബുദ്ധിശൂന്യത നമുക്കുണ്ടാകരുതു്.

ധനകാര്യവും, റവന്യൂവും, നിയമവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): ശ്രീ. ഉദയഭാനുവിൻെറ പ്രമേയത്തിൽ പറയുന്നതു് ഇങ്ങനെയാണ്.

"This House resolves that the Government should render all help and assistance in Family Planning Work".

ഇതുകൊണ്ടു് സന്താനനിയന്ത്രണം മാത്രമാണ് പ്രമേയാവതാരകൻ ഉദ്ദേശിച്ചതെന്നു് അദ്ദേഹത്തിൻെറ പ്രസംഗം കേട്ടപ്പോഴാണ് എനിക്ക് മനസ്സിലായതു്. കൃത്രിമമായ ഉപകരണങ്ങൾ ഉപയോഗിച്ച് സന്താനനിയന്ത്രണം നടപ്പിൽ വരുത്തുന്നതു സാന്മാർഗ്ഗികമായ എല്ലാ തത്വങ്ങൾക്കും വിപരീതമാണെന്നു മഹാത്മാഗാന്ധി വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്. അതുകൊണ്ടുതന്നെയായിരിക്കണം ഇൻഡ്യയിലെ യാതൊരു ഗവണ്മെൻറും അതിനുവേണ്ട യാതൊരു നടപടികളും സ്വീകരിക്കാതിരിക്കുന്നതു്. സന്താനനിയന്ത്രണത്തോടു് വ്യക്തിപരമായി എനിക്ക് ശക്തിയായ എതിരഭിപ്രായമാണുള്ളതു്. ഈ പ്രമേയത്തിൽ ആവശ്യപ്പെടുന്നതു് അതിലേക്കാവശ്യമായ എല്ലാ സഹായങ്ങളും ഗവണ്മെൻറ് ചെയ്തുകൊടുക്കണമെന്നാണ്. നിലവിലുള്ള യാതൊരു ഗവണ്മെൻറും അതിലേക്കു സഹായം ചെയ്തുകൊടുക്കുന്നതായിട്ട് എനിക്കറിവില്ല. അമേരിക്കയിലും യൂറോപ്പിലും ഉള്ളതായ എല്ലാ ഗവണ്മെൻറുകളും സന്താനവർദ്ധനവിനു വേണ്ട സഹായങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നതു്. ഇംഗ്ലണ്ടു്, ഫ്രാൻസ്, റഷ്യ, ജർമ്മനി, ഇററലി, ചില അമേരിക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെല്ലാം സന്താനവർദ്ധനവിനാണ് ഗവണ്മെൻറ് സഹായം ചെയ്തുകൊടുക്കുന്നതു്. കുട്ടികൾ കൂടുന്നതനുസരിച്ച് വീട്ടുവാടകയിലും മററിനങ്ങളിലും ഇത്രയിത്ര ശതമാനം ഗവണ്മെൻറ് കൂടുതൽ കൂടുതൽ കൊടുക്കുമെന്നു് ഒരു വ്യവസ്ഥയുള്ളതായി ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. അങ്ങിനെ സന്താനവർദ്ധനവിനുള്ള സഹായങ്ങളാണ് ഗവണ്മെൻറുകൾ ചെയ്തുകൊണ്ടിരിക്കുന്നതു്. ശ്രീ. ഉദയഭാനു ഇവിടെ ഉന്നയിച്ചതായ വാദങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന ചില സൊസൈററികൾ ഇംഗ്ലണ്ടിലും അമേരിക്കയിലും ഉണ്ടു്. സാമൂഹ്യസേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന ചില സംഘടനകളാണ് അവ. അവയ്ക്കു ഇക്കാര്യത്തിലേക്കായി ഗവണ്മെൻറിൽനിന്നും യാതൊരു സഹായവും ചെയ്തുകൊടുക്കുന്നില്ല. എന്നാൽ അങ്ങിനെയുള്ള സ്ഥാപനങ്ങൾ നടത്തുന്നതിനു് ഗവണ്മെൻറിനു വിരോധമുണ്ടായിരിക്കുന്നതല്ല. പിന്നെ സന്താനനിയന്ത്രണം വേണമെന്നുണ്ടെങ്കിൽ അതിനുവേണ്ടി ഒരു പദ്ധതി അവരവർതന്നെ തീരുമാനിച്ചു് അതനുസരിച്ച് പ്രവർത്തിക്കുകയാണ് നല്ലതു്. അതിനു് യാതൊരു തടസ്സവും വരികയില്ല. ഇൻഡ്യാ ഗവണ്മെൻറിന്റെ ഇതേ സംബന്ധിച്ചുള്ള അഭിപ്രായം ഹെൽത്തു് മിനിസ്റ്റർ ഫൻ ൨൦ ഫെബ്രു.

[Sri A. J. John]

വരി ഫെ. ൧൬-ാംതീയതിയിലെ ഒരു ചോദ്യത്തിനു മറുപടിയായി പാർലിമെണ്ടിൽ പറഞ്ഞതു് ഞാൻ ഇവിടെ വായിക്കാം.

"Shri. Ruthnaswamy: (*a*) Will the Minister of Health be pleased to state whether the rate of births in India since the year 1941 has shown an upward trend?

(*b*) Have Government in view any proposal to popularise knowledge and appliances of birth control?

(*c*) Will Government consider the advisability of making available the benefits of the knowledge of birth control to the poorer and labouring classes?

The Minister of Health: (*a*) There is an indication of a downward trend in the birth rate as may be observed from the statement laid on the table of the House.

(*b*) and (*c*) No. The social implications of a widespread campaign for the dissemination of knowledge in the matter of the use of contraceptives for purposes of birth control are fraught with risk to health in a population where there is mass ignorance of the laws of hygiene and neither adequate medical relief nor means of proper education. Family planning is a desirable objective. It should be sought to be obtained and will be better obtained in our country by social reform such as the raising of the age of marriage of both boys and girls. In any event any action to be taken in this direction will obviously have to be in close consultation with State Governments and with due regard to the social and religious susceptibilities of large sections of the population, bearing in mind also the frequently adverse moral effect of such methods as have been adopted in the Western Hemisphere.

Shri. Ruthnaswamy: Some time back, in a speech at Madras, the hon'ble Minister Shri. Santhanam spoke of rationing of children. May I take it that that is the official policy of the Government?

Rajkumari Amrit Kaur: I am not aware of any such speech made by Mr. Santhanam. As far as the policy of the Central Government is concerned, I have given it in my answers to (*b*) and (*c*)"

ഇതാണു് കേന്ദ്രഗവൺമെന്റിന്റെ നയം. അതുതന്നെയാണു് ഈ ഗവൺമെന്റിന്റേയും നയം. ഇതിനെ സംബന്ധിച്ചു് ദീർഘമായ ഒരു പ്രസ്താവന ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

**Sri. A. P. Udayabhanu:** Sir, have I a right to reply?

**Mr. Speaker:** Yes.

ശ്രീ. എ. പി. ഉദയഭാനു: സർ, എന്റെ ഈ പ്രമേയത്തെ ബഹുമാനപ്പെട്ട മെമ്പറന്മാരായ ഇട്ടേര അമ്പൂക്കൻ, ഈപ്പൻ അറക്കൽ, എ. കെ. ജോർജ്ജ്, ഇ. ഗോപാലകൃഷ്ണമേനോൻ എന്നിവർ എതിർക്കുകയാണുണ്ടായതു്. അവർ എന്റെ പ്രമേയത്തെ എതിർത്തെങ്കിലും ഈ പ്രമേയം മൂലം അവരുടെ ഇടയിൽ ഒരു അഭിപ്രായൈക്യം കാണുവാൻ ഇടയായതിൽ ഞാൻ സന്തോഷിക്കുന്നു.

**Mr. Speaker:** Order, order. I want to know whether the member is pressing his motion. If he is pressing the motion, a reply may be given on the points raised in the discussion. Otherwise, there is no need for a lengthy reply.

**Sri. N. D. Jose:** Sir, a point of order. Cannot a member make a personal explanation.

**Mr. Speaker:** Yes, but he cannot go into unnecessary or irrelevant details.

ശ്രീ. എ. പി. ഉദയഭാനു: ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള ഫാമിലി പ്ലാനിംഗിനെ സംബന്ധിച്ചു് പറഞ്ഞപ്പോൾ നമ്മെ തെറ്റിദ്ധരിച്ചിരിക്കുന്നവെ

നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇന്നത്തെ പരിതസ്ഥിതിയിൽ ജനനനിരക്ക് നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. ജനനനിരക്ക് ഇവിടെ പറഞ്ഞ പോലെ കൃത്രിമമായിതന്നെ നിയന്ത്രിക്കണമെന്ന് ഞാൻ വിവക്ഷിച്ചിട്ടില്ല. നമ്മുടെ ഭക്ഷ്യനില നോക്കിയാൽ ഇന്നത്തെ ജനനനിരക്ക് നിലനിറുത്തിക്കൊണ്ടുപോകുവാൻ നമുക്ക് സാദ്ധ്യമല്ല. എല്ലാ കാലവും ജനനനിരക്ക് നിയന്ത്രിക്കണമെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഇംഗ്ലണ്ടിലും അമേരിക്കയിലും മററു പരിഷ്കൃതരാജ്യങ്ങളിലും ജനനനിരക്ക് ഗവമ്മെൻറിൽനിന്നു നിയന്ത്രിക്കുന്നില്ല എന്നു പറഞ്ഞു. അവിടെ ഹോസ്പിററലിൽതന്നെയാണ് ബർത്ത് കൺട്രോളിനുള്ള ഏർപ്പാടുകൾ നടക്കുന്നത്. അതുകൊണ്ടാണ് ഞാൻ അഖിലേന്ത്യാ വിമൻസ് കോൺഫറൻസ് രണ്ടു പ്രമേയങ്ങൾ ഇതിനെ സംബന്ധിച്ച് പാസ്സാക്കിയിട്ടുണ്ടെന്നു പറഞ്ഞത്. അഖിലേന്ത്യാ വിമൻസ് കോൺഫറൻസിൻെറ ൧൯-ാമത്തെ സെഷനിൽ ഇതിനെ സംബന്ധിച്ച് പാസ്സാക്കിയിട്ടുള്ള രണ്ടു പ്രമേയങ്ങളിലേയ്ക്കു് ഗവമ്മെൻറിൻെറ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

"This Conference reiterates its former resolutions supporting the necessity for instruction in methods of Birth Control through recognised clinics and calls upon all the Constituencies to make a special effort to induce Municipalities and other organisations for maternity and child welfare to open centres to impart such knowledge to those who stand in need of it.

This Conference believes that it is the duty of medical departments and local authorities to take immediate steps to put an end to the advertisement and sale of birth control remedies by quacks which ruin the health of women in many cases. It appeals to medical departments and municipalities to educate men and women in birth control methods from the point of view of their ill health, mental weakness and economic considerations. Such clinics should be specially opened in labour areas."

**Sri. P. Balakrishnan Tampi:** May I ask the honourable Member whether he is aware that medical services in England are nationalised and as such medical or clinical assistance is available to every citizen of Great Britain from the State.

**Sri. A. P. Udayabhanu:** Yes, it must be so.

ഞാൻ ജനനനിയന്ത്രണം ആവശ്യമാണെന്നു പറഞ്ഞതു് രാജ്യത്തിലെ സ്ഥിതിഗതികളെ ആസ്പദമാക്കിയാണ്. റഷ്യയിൽ ഒരു ചതുരശ്രമൈലിലുള്ള ജനസംഖ്യ ൨൦·൭ ആണ്. ഇൻഡ്യയിൽ ഒരു ചതുരശ്രമൈലിൽ ൨൩൬ ആണ്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് ഒരു ചതുരശ്രമൈലിൽ ൧൦൦൦-ത്തിൽ ചില്വാനം വരും. ഒരു മനുഷ്യനു ശരിക്ക് ആഹാരം കൊടുക്കണമെങ്കിൽ ശരാശരി രണ്ടേക്കർ കൃഷി ഭൂമി വേണം. ഒരേക്കറിൽ കുറഞ്ഞാൽ ഒട്ടും പോരാ. ഇൻഡ്യയിൽ ൩൬ കോടി ൩൯ ലക്ഷം ജനങ്ങളുണ്ടെങ്കിലും ഒരാൾക്ക് ഒരേക്കർ കൃഷിഭൂമി എന്ന കണക്കിൽ നോക്കിയാൽ ൨൬ കോടി ൧൦ ലക്ഷം ജനങ്ങളെ രക്ഷിക്കുവാനുള്ള കൃഷിഭൂമികളേ ഇന്നുള്ളു. ആശുപത്രികൾ നിർത്തി മരിക്കാനാളുകളെ അനുവദിച്ചു ജനസംഖ്യ നിയന്ത്രിക്കണമെന്നൊരു മെമ്പർ പറഞ്ഞു. അതു് ആ ആളിൻെറ ചിന്താഗതിക്കു യോജിച്ചതാണ്. ഹൈജീൻ, പബ്ലിക്ക് ഹെൽത്ത് ഇവകൊണ്ടു് മരണനിരക്ക് കുറച്ചുകൊണ്ടുവരികയാണ് നാം ചെയ്യുന്നത്. State Government-കളുടെ നിലയും അഭിപ്രായവുമനുസരിച്ചു ഈ സംഗതി പരിഗണിക്കാം എന്നാണ് Family planning നെപ്പററിയുള്ള മറുപടിയിൽ Central Government എടുത്തിരിക്കുന്ന നില. എല്ലാ മതസ്ഥന്മാരുടേയും വ്യക്തികളുടേയും കാര്യങ്ങളിൽ

[Sri. A. P. Udayabhanu]

നിർബന്ധം വരത്തക്കവണ്ണം ബർത്ത് കൺട്രോൾ ഏർപ്പാടു ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെട്ടിട്ടില്ല. ഗവമ്മെൻറിൽനിന്ന് വേണ്ട സഹായം അതിനാവശ്യമുള്ളവക്ക് ചെയ്തുകൊടുക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. ഈ കാര്യത്തിൽ സെൻട്രൽ ഗവമ്മെൻറിൽനിന്നും ഈ ഗവമ്മെൻറിൻെറ ഉപദേശം ആവശ്യപ്പെടുമ്പോൾ ഈ സംഗതികൾ പരിഗണിച്ചുവേണം ഈ ഗവമ്മെൻറിൽനിന്ന് അഭിപ്രായം പറയുവാൻ എന്നാണ് ഞാൻ പറയുന്നത്. യാതൊരു മനുഷ്യനേയും ജനനനിയന്ത്രണം എടുക്കുന്നതിന് നിർബന്ധിക്കുന്നില്ല. എൻെറ സ്നേഹിതൻ മി. ഗോപാലകൃഷ്ണമേനോൻ പറഞ്ഞതുപോലെ വ്യക്തിപരമായി ആക്കെങ്കിലും ആവശ്യമാണെന്ന് വന്നാൽ അതിനുവേണ്ട സഹായം ചെയ്തുകൊടുക്കണമെന്നാണ് ഞാൻ പറയുന്നത്. ഇന്നു ജനങ്ങൾ വളരെ അധികം വഷിക്കുന്നുണ്ട്. അതുകൊണ്ട് വലിയ ആപത്തുണ്ടായിട്ടുണ്ട്. അണ്ണാമല യൂണിവേഴ്സിററിയിൽ പോപ്പുലേഷനെപ്പററി സ്ററഡി ചെയ്യുന്നതിന് ഡാക്ടർ ചന്ദ്രശേഖരൻെറ അദ്ധ്യക്ഷതയിൽ ഒരു സ്ഥാപനംതന്നെയുണ്ട്. അദ്ദേഹം പറയുന്നത് വരവു കുറഞ്ഞവരും ജീവിതത്തോതു കുറഞ്ഞവരുമായ ആളുകളിൽ ജനസംഖ്യ വഷിച്ചുവരികയും ഉയന്ന നിലയോടുകൂടിയ ആളുകളിൽ ജനസംഖ്യ കുറഞ്ഞുവരികയുമാണ് ചെയ്യുന്നതെന്നാണ്. അതു് വളരെ കാര്യമായ ഒരു സംഗതിയാണ്. ബഹുമാനപ്പെട്ട മെമ്പർ മി. ചിതംബരനാഥനോ മററോ പറയുന്നതുപോലെയല്ലാ, ഏററവും ഉന്നതന്മാരായ വ്യക്തികൾ പറയുന്നതിനെ അംഗീകരിച്ച്, അതിനെ അടിസ്ഥാനപ്പെടുത്തി, മനുഷ്യരാശിയുടെ വഷ്നവിനെ അഭിമുഖീകരിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. എനിക്കു ബഹുമാനപ്പെട്ട ഗവമ്മെൻറിനോട് പറയുവാനുള്ള ഒരു വസ്തുത സെൻട്രൽ ഗവമ്മെൻറ് ഈ കാര്യത്തിൽ ഗവമ്മെൻറിൻെറ അഭിപ്രായം ചോദിക്കുമ്പോൾ ഈ കാര്യങ്ങൾ ഗവമ്മെൻറ് പ്രത്യേകം പറയണമെന്നു മാത്രമാണ്. ഞാൻ ഈ പ്രമേയം പ്രസ്സുചെയ്യുന്നില്ല. സഭയുടെ അനുവാദത്തോടുകൂടി പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

The question whether the mover of the resolution (Sri. A. P. Udayabhanu) has permission of the House to withdraw his resolution, was put and lost.

*The resolution was put and lost*

**Sahib Bahadur T. A. Abdulla :** Sir, I demand a poll.

A poll was taken, when the House divided as follows :

*Ayes—26*

| | |
|---|---|
| 1. Sri. A. Thanu Pillai | 2. Sri. K. P. Nilacanta Pillai |
| 3. ,, R. Sankar | 4. ,, Kalathil Velayudhan Nayar |
| 5. ,, Atchuthan | |
| 7. ,, P. S. Nataraja Pillai | 6. ,, P. C. Adichan |
| 9. ,, V. Gangadharan Nayar | 8. ,, Mannar Gopalan Nayar |
| 11. ,, A. P. Nambiar | 10. ,, N. K. Krishna Pillai |
| 13. ,, N. D. Jose | 12. ,, S. Kuttan |
| 15. ,, Sulaiman | 14. ,, Ramakrishna Pillai |
